# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൊന്നാനി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.21/1707/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 03/08/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പൊന്നാനി മുനിസിപ്പാലിറ്റി

സർ,

വിഷയം : പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3.റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട്, (ഉപരിപത്രം സഹിതം)
4.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം.21/1707/2022 തീയ്യതി: 03/08/2022

## മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-10-2020 മുതൽ 03-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 22-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-07-2022 | 23-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-07-2022 | 23-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ സത്താർ സി.പി, ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രസാദ് പി, ഓഡിറ്റ് ഓഫീസർ (22.07.2022 വരെ)
ശ്രീ. അബ്ദുൽ റഷീദ് എം. പി, ഓഡിറ്റ് ഓഫീസർ
ശ്രീ. അബ്ദുൽ ഗഫൂർ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (15.07.2022 വരെ)

ശ്രീ.മൂസ്സ ഇ,അസിസിറ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഇദ്രീസ് അബ്ദുള്ള, ഓഡിറ്റർ
ശ്രീമതി. സുജിത പി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സി.പി മുഹമ്മദ് കുഞ്ഞ് | ചെയർമാൻ | 01-04-2020 | 12-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർമാൻ | 13-11-2020 | 27-12-2020 |
| ശ്രീ. ശിവദാസൻ ആറ്റുപുറത്ത് | ചെയർമാൻ | 28-12-2020 | 31-03-2021 |
| ശ്രീ. പ്രദീപ്കുമാർ ആർ | സെക്രട്ടറി | 01-04-2020 | 27-01-2021 |
| ശ്രീ. വിനോദ് കുമാർ.എസ്.എ., | സെക്രട്ടറി | 28-01-2021 | 09-02-2021 |
| ശ്രീ. ഹരീഷ് എൻ കെ | സെക്രട്ടറി | 10-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സലീം പി എസ് | അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ശ്രീജിത്ത്.പി | ഹെൽത്ത് ഓഫീസർ(മുനിസിപാലിറ്റി) | 01-04-2020 | 03-02-2021 |
| ശ്രീ.സ്വാമിനാഥൻ എം | ഹെൽത്ത് ഓഫീസർ(മുനിസിപാലിറ്റി) | 04-02-2021 | 31-03-2021 |
| ശ്രീ. മുഹമ്മദ് ഫവാസ് പി. | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ഫിബി മോൾ പി.പി | മെഡിക്കൽ ഓഫീസർ ആയുർവേദം (ഡിസ്പെൻസറി) | 01-04-2020 | 31-03-2021 |
| ഡോ. ജൈനി പി | മെഡിക്കൽ ഓഫീസർ ആയുർവേദം (ഹോസ്പിറ്റൽ) | 01-04-2020 | 31-03-2021 |
| ഡോ.തഹ്സീൻ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | (ഡിസ്പെൻസറി) | | |
| ഡോ. ഷാജ്കുമാർ എ | മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ) | 01-04-2020 | 31-03-2021 |
| ശ്രീ. സുരേഷ് കുമാർ ജെ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 23-02-2021 |
| ശ്രീ.സുജിത്ത് ഗോപിനാഥ് | മുനിസിപ്പൽ എഞ്ചിനീയർ | 24-02-2021 | 31-03-2021 |
| ശ്രീ. മധു | പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കന്ററി സ്കൂൾ , തൃക്കാവ് | 01-04-2020 | 31-03-2021 |
| ശ്രീ.കെസ്സി എച്ച് ആർ | പ്രൊജക്ട് ഓഫീസർ അർബൻ പോവർട്ടി അല്ലീവിയേഷൻ സെൽ | 01-04-2020 | 16-02-2021 |
| ശ്രീമതി. ജസീന | പ്രൊജക്ട് ഓഫീസർ അർബൻ പോവർട്ടി അല്ലീവിയേഷൻ സെൽ | 17-02-2021 | 31-03-2021 |
| ശ്രീ.ഫിലിപ്പ് കെ മാത്യു | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 19-02-2021 |
| ശ്രീ.അശോകൻ പി കെ | പട്ടികജാതി വികസന ഓഫീസർ | 20-02-2021 | 31-03-2021 |
| ഡോ. നഹീൽ | സീനിയർ വെറ്ററിനറി സർജൻ(വെറ്ററിനറി ഡിസ്പെൻസറി) | 01-04-2020 | 03-09-2020 |
| ഡോ.അങ്കിരസ് എസ് | സീനിയർ വെറ്ററിനറി സർജൻ(വെറ്ററിനറി ഡിസ്പെൻസറി) | 04-09-2020 | 31-03-2021 |
| ഡോ. സിനി സുകുമാരൻ വി | സീനിയർ വെറ്ററിനറി സർജൻ(വെറ്ററിനറി ഹോസ്പിറ്റൽ) | 01-04-2020 | 31-03-2021 |
| ശ്രീമതി.റസീന ബീവി എ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ശ്രീമതി.വിനിത ഒ വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.ഷബീർ പി | മെഡിക്കൽ ഓഫീസർ( പിഎച്ച്.സി) | 01-04-2020 | 28-01-2021 |

| | | | |
|---|---|---|---|
| ഡോ.മൊയ്തീൻ | മെഡിക്കൽ ഓഫീസർ( പിഎച്ച്.സി) | 29-01-2021 | 01-03-2021 |
| ഡോ.ആഷിക് അമൻ | മെഡിക്കൽ ഓഫീസർ( പിഎച്ച്.സി) | 02-03-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujitha.P.K (Auditor, On 14-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sujitha.P.K (Auditor, On 14-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujitha.P.K (Auditor, On 14-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Sujitha.P.K (Auditor, On 14-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Sujitha.P.K (Auditor, On 14-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujitha.P.K (Auditor, On 14-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Sujitha.P.K (Auditor, On 14-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujitha.P.K (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Sujitha.P.K (Auditor, On 17-07-2022)<br>Last Updated By: Unni.P (Deputy Director, On 01-08-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 17-07-2022)<br>Last Updated By: Sujitha.P.K (Auditor, On 17-07-2022) | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-11 |
| 12 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ<br>Written By: Prasad (Audit Officer, On 19-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-12 |
| 13 | തെങ്ങുകൃഷി വികസനം-അപാകതകൾ - 750000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Prasad (Audit Officer, On 19-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-12-1 |
| 14 | തെങ്ങുകൃഷി വികസനം -അപാകതകൾ-2,50,000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Prasad (Audit Officer, On 19-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-12-2 |
| 15 | ഫലവൃക്ഷതൈകൾ വാങ്ങൽ-അപാകതകൾ<br>Written By: Prasad (Audit Officer, On 19-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-12-3 |
| 16 | വാടക അടവാക്കിയിട്ടില്ല<br>Written By: Sujitha.P.K (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-13 |
| 17 | പെർമിറ്റ് അപേക്ഷ - സമർപ്പിച്ച പാർക്കിംഗ് പ്ലാനിലെ പാർക്കിംഗ് തെറ്റായി | 1-14 |

| | | |
|---|---|---|
| | കണക്കാക്കി<br>Written By: Idrees Abdulla A.C. (Auditor, On 20-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | |
| 18 | പ്രിൻസിപ്പാൾ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, നടപ്പാക്കിയ പ്രൊജക്ടുകളിലെ അപാകത<br>Written By: Idrees Abdulla A.C. (Auditor, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-15 |
| 19 | തൊഴിൽ നികുതി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല<br>Written By: Sujitha.P.K (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-16 |
| 20 | രസീതി ബുക്ക് നഷ്ടപ്പെട്ടത് സംബന്ധിച്ച്<br>Written By: Sujitha.P.K (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-17 |
| 21 | മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല<br>Written By: Sujitha.P.K (Auditor, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-18 |
| 22 | കറവ് പശുകൾക്ക് കാലിത്തീറ്റ-ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ രശീതികളും,ഔട്ട് ഡോർ രജിസ്റ്ററും ലഭ്യമല്ല<br>Written By: Prasad (Audit Officer, On 18-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-19 |
| 23 | അനുപൂരക പോഷകാഹാരം-ജി.എസ്.ടി-ടി.ഡി.എസ്. ഈടാക്കിയിട്ടില്ല<br>Written By: Prasad (Audit Officer, On 20-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-20 |
| 24 | ഭക്ഷ്യധാന്യങ്ങൾക്കുള്ള കടത്തുകൂലി-രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Prasad (Audit Officer, On 20-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-21 |
| 25 | അങ്കണവാടികൾക്ക് വിതരണം ചെയ്ത അരിയുടെ വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: Prasad (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-22 |
| 26 | അങ്കണവാടികൾക്ക് അരി വിതരണം - അപാകതകൾ<br>Written By: Prasad (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-23 |
| 27 | മരാമത്ത് പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-24 |
| 28 | നിലവിലുള്ള ഡ്രൈനേജ് പൊളിച്ച് നീക്കി പുതിയത് നിർമ്മിക്കൽ -അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 21-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-25 |
| 29 | അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തികൾ – അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 21-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-26 |
| 30 | ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് - അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 21-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-27 |
| 31 | ടെണ്ടർ ബിലോ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 21-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-28 |
| 32 | മൂല്യ നിർണ്ണയ തുകയിലും അധികരിച്ച തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 21-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 1-29 |
| 33 | സെന്ററിങ് പ്രവൃത്തി - അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-30 |

| | | |
|---|---|---|
| 34 | അസിസ്റ്റന്റ് എഞ്ചിനീയർ രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിലെ അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-31 |
| 35 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് -കൃത്യമായ കണക്കില്ല<br>Written By: E.Moosa (Asst. Audit Officer, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-32 |
| 36 | നിലവിലുള്ള കോൺക്രീറ്റ് നടപ്പാത പൊളിച്ചെടുത്ത് പുതിയ റോഡ് നിർമ്മിക്കൽ - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-33 |
| 37 | കുടിവെള്ള വിതരണ പദ്ധതി (641/21) - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-34 |
| 38 | യഥാസമയം കരാർ ഒപ്പ് വെക്കാത്തവരിൽ നിന്ന് പിഴ ഈടാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-35 |
| 39 | കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തില്ല – EMD, SD ഫോർഫീറ്റ് ചെയ്ത വിവരം ലഭ്യമാക്കേണ്ടതാണ്<br>Written By: E.Moosa (Asst. Audit Officer, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-36 |
| 40 | ടെണ്ടർ ഫോം വില നഗരസഭക്ക് ലഭ്യമായില്ല<br>Written By: E.Moosa (Asst. Audit Officer, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-37 |
| 41 | അളവ് പുസ്തകം പരിശോധനക്ക് ലഭ്യമാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-38 |
| 42 | സെക്രട്ടറിയുടെ ചെലവുകൾക്ക് വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-39 |
| 43 | ഭരണാനുമതിയും എസ്റ്റിമേറ്റുമില്ലാതെ കെ.എസ്.ഇ.ബി യുടെ ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക അടവാക്കുന്നു<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-40 |
| 44 | ലൈബ്രറി സെസ്സ് അടവാക്കാതെ തനതു വരുമാനമായി കണക്കാക്കി ചെലവഴിക്കുന്നു<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-41 |
| 45 | താൽക്കാലിക മുൻകൂറുകൾ തുകകൾ ക്രമീകരിച്ചില്ല<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-42 |
| 46 | കേരള വാട്ടർ അതോറിറ്റി വെള്ളക്കരമിനത്തിൽ ഭീമമായ കുടിശ്ശിക അവശേഷിക്കുന്നു. കുടിശ്ശിക വിവരം വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-43 |
| 47 | തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി-നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-44 |

| | | |
|---|---|---|
| 48 | PMAY- വീട്ട പണി പൂർത്തീകരിക്കാത്തത്<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Abdul Sathar C.P (Audit Officer, On 25-07-2022) | 1-45 |
| 49 | ഉപയോഗിക്കാത്ത തുകകൾ തിരിച്ചടവാക്കാത്തത്<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-46 |
| 50 | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ- പൂർത്തീകരണ രേഖകളില്ല<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-47 |
| 51 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി മതിയായ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനായില്ല<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-48 |
| 52 | ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ-പൊതു ടാപ്പുകൾ കുറച്ചു കൊണ്ടു വരാൻ നടപടികൾ ആവശ്യമാണ്<br>Written By: Abdul Rasheed MP (Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-49 |
| 53 | ഓഫീസിലേക്ക് ഫർണിച്ചർ- രേഖകൾ ഹാജരാക്കിയില്ല,ചെലവു തടസ്സം ചെയ്യുന്നു<br>Written By: Abdul Rasheed MP (Audit Officer, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-50 |
| 54 | ഭവനനിർമാണം- പൂർത്തിയാകാത്തത്<br>Written By: Abdul Sathar C.P (Audit Officer, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-51 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | നിലവിലുള്ള ഡ്രൈനേജ് പൊളിച്ച് നീക്കി പുതിയത് നിർമ്മിക്കൽ - അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 3-1 |
| 2 | ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് - അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 3-2 |
| 3 | ടെണ്ടർ ബിലോ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 3-3 |
| 4 | മൂല്യ നിർണ്ണയ തുകയിലും അധികരിച്ച തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 3-4 |
| 5 | സെന്ററിംഗ് പ്രവൃത്തി - അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 3-5 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 17-07-2022)<br>Last Updated By: Sujitha.P.K (Auditor, On 17-07-2022) | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sujitha.P.K (Auditor, On 17-07-2022)<br>Last Updated By: Sujitha.P.K (Auditor, On 17-07-2022) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം<br>Written By: Sujitha.P.K (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 17-07-2022)<br>Last Updated By: Sujitha.P.K (Auditor, On 17-07-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Sujitha.P.K (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Sujitha.P.K (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujitha.P.K (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 02-08-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sujitha.P.K (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 17-07-2022)<br>Last Updated By: Sujitha.P.K (Auditor, On 17-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujitha.P.K (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sujitha.P.K (Auditor, On 17-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 27.03.2020 ലെ തീരുമാനം നമ്പർ (1) | 10.03.2021ലെ തീരുമാനം നമ്പർ (1) |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയതി |
|---|---|---|
| 2020-21 | 31-07-2021 | 30.07.2021 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 96822764.92 |
| വരവ് | 408102598 |
| ആകെ | 504925362.92 |
| ചെലവ് | 439463314 |
| നീക്കിയിരിപ്പ് | 65462048.92 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 90452267 | 90452267 | 75942547 | 14509720 |
| വികസന ഫണ്ട് (SCP) | 0 | 19845667 | 19845667 | 12146314 | 7699353 |
| വികസന ഫണ്ട് (TSP) | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് ഗ്രാന്റ് Un- Tied | 0 | 150472137 | 150472137 | 80748410 | 69723727 |
| സെൻട്രൽ ഫിനാൻസ് ഗ്രാന്റ് - Tied | 0 | 57840000 | 57840000 | 21634113 | 36205887 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 16989000 | 16989000 | 16818896 | 170104 |
| മെയിന്റനൻസ് ഫണ്ട് -റോഡിതരം | 0 | 23257362 | 23257362 | 23203653 | 53709 |
| ബി ഫണ്ട് | 0 | 161263300 | 161263300 | 161263300 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 443 | 355935424 | 352 | 238501398 | 0 | 91 | 79.45 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ & ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 403362 | 12672999 | 13076361 | 11808565 | 1267796 |

കുറിപ്പ്

- അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി വരവ്/ചെലവ് കണക്കുകൾ വാർഷിക പദ്ധതി, ക്യാഷ് ബുക്ക് എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല
- തൊഴിലുറപ്പ് പദ്ധതി ചെലവ് (അയ്യങ്കാളി) വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് ബുക്ക് പ്രകാരം | -7300176 | 20078910 | 12778734 | 12295218 | 483516 |
| വാർഷിക കണക്ക് പ്രകാരം | 403362 | 20194573 | 20597935 | 19330139 | 1267796 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4395600 | 270 |
| വിധവാ പെൻഷൻ | 52837000 | 3533 |
| വാർദ്ധക്യകാല പെൻഷൻ | 83915200 | 5900 |
| വികലാംഗ പെൻഷൻ | 17710800 | 1159 |
| വിവാഹ ധനസഹായം | 4080000 | 136 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2404700 | 157 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.07.2022 ന് 4.00 Pm സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 52170/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2.നഗരാസൂത്രണം, പൊതുഭരണവും ധനകാര്യവും വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് ക്ലോസ് ചെയ്തിട്ടില്ല.
3.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4.മാസ്റ്റർ ഇൻക്യുംപൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
5.കേന്ദ്രീകൃത സ്റ്റോക്ക് രജിസ്റ്റർ,സൂചിക സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

6.സെക്രട്ടറി പ്രൊജക്ട് രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ എന്നിവയിൽ പദ്ധതി വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.
7.സെക്രട്ടറി വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല.
8.പ്രൊജക്ട് മോണിറ്ററിംഗ് രേഖകൾ ഇല്ല. സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തിയത് സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല. പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലും മോണിറ്ററിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടില്ല.

9. കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം കളക്ട് ചെയ്യുന്നത് ആധികാരികമായ റസീറ്റുകൾ മുഖേനയല്ല. ഗുണഭോക്താക്കൾക്ക് വെള്ളക്കടലാസിൽ കൈപ്പറ്റ് നൽകുന്നതായി കാണുന്നു. ആയതിനാൽ എത്ര രൂപ ഗുണഭോക്തൃവിഹിതം ശേഖരിച്ചുവെന്നത് സംശയാസ്പദമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.09.2020 | 2018-19 | 30.12.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.01.2021 | 2017-18 മുതൽ 2019-20 വരെ | 19.04.2021 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിന്റെ ( Un Tied) ഫണ്ട് വിനിയോഗം സംബന്ധിച്ച വാർഷിക കണക്കിലെ (RP-7) ചെലവ് വിവരങ്ങൾ, എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | AFS(RP-6) | ACR | Grant Statement |
|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 79164871 | 80748410 | 77673197 |

2. സ്റ്റോക്ക്-സ്റ്റോർ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയെങ്കിലും സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

3. ഡെപ്പോസിറ്റ് വർക്കിനായി KSEB ക്ക് 1489353/- രൂപയും(BRN No.20150447000301377831/29.03.2021-1000000/-,20150447000301377831/29.03.2021-489353/-) KWAക്ക് 1000000/- (BRN No.20150447000301456769/31.03.2021)രൂപയും അഡ്വാൻസായി നൽകിയിട്ടുണ്ട്. ഇവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. വാർഷിക കണക്കിലെ B-7 ഷെഡ്യൂൾ പ്രകാരം 12599844/- രൂപ ബാലൻസ് ഉണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

5. വാർഷിക കണക്കിലെ B-12 ഷെഡ്യൂൾ പ്രകാരം ആകെ 60743332/- രൂപ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ നീക്കിയിരിപ്പുണ്ട് , ഇതിൽ 500000/-രൂപയുടെ ഇക്വിറ്റി ഷെയറുകൾ സംബന്ധിച്ച് ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ ഇല്ല.

6. ഓഡിറ്റ് റിക്കവറി ഇനത്തിൽ രജിസ്റ്റർ പ്രകാരം 58652/- രൂപ വരവുണ്ട്. എന്നാൽ വാർഷികകണക്കിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

7. അസി. എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ (Acc No.67103971015- SBI Ponnani South) 4280692.25/- രൂപ ബാലൻസ് ഉണ്ട്. ആയത് വാർഷിക കണക്കിൽ 0 ബാലൻസാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

8. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. തൊഴിലുറപ്പ് പദ്ധതി ചെലവ് (അയ്യങ്കാളി) വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| കാഷ് ബുക്ക് പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|
| 12217909 | 11808565 | 409344 |

11. തൊഴിൽ നികുതി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാത്തതു കാരണം തൊഴിൽ നികുതിയിനത്തിലുള്ള വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.
12. ലോൺരജിസ്റ്റർ പരിശോധനക്ക് ഹാജരാക്കാത്തതു കാരണം ലോണിനത്തിൽ അടവാക്കാനുള്ള തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

13. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ വരവു ചെലവു കണക്കുകൾ റസീറ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(എൻക്വയറി നം.20/2020-21/15.07.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-12 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ

കൃഷി ഓഫീസർ നിർവ്വണം നടത്തിയ താഴെപ്പറയുന്ന പദ്ധതികളിൽ ഗുണഭോക്തൃ വിഹിതം പിരിക്കുന്നത് മുനിസ്സിപ്പാലിറ്റിയിൽ നിന്നും ലഭിക്കുന്ന രശീതി പുസ്തകം വഴിയല്ല. ആയതിനാൽ എത്ര രൂപ ഗുണഭോക്തൃ വിഹിതം പിരിച്ചുവെന്ന ഓഡിറ്റിന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ ഉത്തരവ് നം. സ.ഉ.(സാധാ)നം. 2881/2019 /ത.സ്വ.ഭ.വ തിയ്യതി 18.12.2019 പ്രകാരം കെയ്കോവിൽ നിന്നും നടീൽ വസ്തുകൾ വാങ്ങാൻ അനുമതി നൽകിയ സ്ഥാപനങ്ങളിൽ KAICO ഉൾപ്പെടുന്നില്ല. എന്നാൽ ഉത്തരവിന് വിരുദ്ധമായി കെയ്കോവിൽ നിന്നും നടീൽ വസ്തുകൾ വാങ്ങി. വിശദ വിവരം താഴെ നല്കുന്നു.

## 1-12-1 തെങ്ങുകൃഷി വികസനം-അപാകതകൾ - 750000/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പറും | തെങ്ങുകൃഷി വികസനം<br>(പ്രൊജക്റ്റ് നം. 23/20) |
| നിർവ്വഹണോദ്യോഗസ്ഥൻ | ശ്രീ.സലിം.പി.എസ്.<br>അഗ്രികൾച്ചറൽ ഓഫീസർ |
| അടങ്കൽ | 7,047,630/- |
| ചെലവ്<br>53,14,410/-വികസന ഫണ്ട്<br>1,87,500/-ഗുണഭോക്തൃവിഹിതം<br>--------<br>55,01,910/-<br>======== | 14,05,008/-<br>BRN-20150447001200660021/27.10.20<br>13,25,904/-<br>BRN-20150447001200660013/27.10.20<br>11,45,616/-<br>BRN-20150447001200660007/27.10.20<br>2,81,250/-<br>BRN-20150447001200437724/18.08.20<br>2,81,250/-<br>BRN-20150447001200437716/18.08.20<br>1,14,750/-<br>BRN-20150447001200682760/03.11.20<br>7,60,632/-<br>BRN-20150447001201190432/05.03.21<br>1,87,500/-<br>ചെക്ക് നം. 5159649/05.10.20 |

തെങ്ങു കൃഷി പ്രോത്സാഹിപ്പിക്കാനായി കേര കർഷകർക്ക് തെങ്ങിൻ തൈകളും വളവും വിതരണം ചെയ്യാൻ

പദ്ധതി വിഭാവനം ചെയ്യുന്നു. പദ്ധതി പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവിന് വിരുദ്ധമായി തെങ്ങിൻ തൈകൾ കെയ്ക്കോവിൽ നിന്നും വാങ്ങി

താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം തെങ്ങിൻ തൈ വാങ്ങുന്നതിന് കെയ്ക്കോവിന് തുക നല്കിയിട്ടുണ്ട്.

| തൈകൾ വാങ്ങിയ സ്ഥാപനത്തിന്റെ പേര് | തൈകളുടെ എണ്ണം | നിരക്ക് | ഇൻവോയ്സ് നം./തുക | സബ്സിഡി കുറച്ചതിനുശേഷമുള്ള തുക |
|---|---|---|---|---|
| കെയ്ക്കോ, വണ്ടൂർ | 1500 | 250 | W-013/20-21 /10.08.20 തുക3,75,000/- | 281250/- (75%സബ്സിഡി) |
| കെയ്ക്കോ, വണ്ടൂർ | 1500 | 250 | W-014/20-21 /10.08.20 തുക3,750,00/- | 281250/- (75%സബ്സിഡി) |

സ.ഉ.(സാധാ) നം. 2881/2019/ത.സ്വ.ഭ.വ. 18.12.2019 പ്രകാരം കെയ്ക്കോവിൽ നിന്നും നടീൽ വസ്തുക്കൾ വാങ്ങാൻ അനുമതി നൽകിയ സ്ഥാപനങ്ങളിൽ KAICO ഉൾപ്പെടുന്നില്ല. ഉത്തരവിന് വിരുദ്ധമായി 7,50,000/-(2X375000/-) രൂപയുടെ തെങ്ങിൻ തൈകൾ വാങ്ങിയത് ക്രമപ്രകാരമല്ല.

2.ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ രശീതു ബുക്കുകളും ,ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററും ലഭ്യമല്ല .

ഗുണഭോക്തൃവിഹിതമായി 187500-രൂപ (രശീതി നം. 01/120050102644/11.08.20) പ്രകാരം മുനിസിപ്പാലിറ്റിയിൽ അടവാക്കിയതിന്റെ രശീതി ഓഡിറ്റ് പരിശോധനയ്ക്ക് നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളിൽ നിന്നും പ്രസ്തുത തുകകൾ പിരിച്ചതിന്റെ രശീതി പുസ്തകവും, ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയവ ലഭ്യമാക്കേണ്ടതാണ്.

3. തെങ്ങിൻ തൈ സ്റ്റോക്കിലെടുത്ത് ആയത് കർഷകർക്ക് വിതരണം ചെയ്തതിന്റേയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 30/20-21/18.07.2022) മറുപടിയായി തെങ്ങിൻതൈ സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായി. ഗുണഭോക്തൃവിഹിതം മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിക്കുന്ന രശീതിബുക്കുകൾ വഴിയോ, ഗുണഭോക്താക്കൾ നേരിട്ട് ഗുണഭോക്തൃവിഹിതം മുനിസിപ്പാലിറ്റിയിൽ അടവാക്കുന്ന വഴിയോ ആയിരിക്കണം. സർക്കാർ ഉത്തരവിന് വിരുദ്ധമായി തെങ്ങിൻ തൈ വാങ്ങിയതിനാൽ 7,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-12-2 തെങ്ങുകൃഷി വികസനം -അപാകതകൾ-2,50,000/-രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പറും | തെങ്ങുകൃഷി വികസനം (പ്രോജക്റ്റ് നം. 360/20) |
| നിർവ്വഹണോദ്യോഗസ്ഥൻ | ശ്രീ.സലിം.പി.എസ്. അഗ്രികൾച്ചറൽ ഓഫീസർ |
| അടങ്കൽ | 27,46,730/- |
| ചെലവ് 1635730/- | 4,15,233/- BRN-20150447001200011854/11.04.2020<br>1,87,500/- BRN-20150447001200011855/11.04.2020<br>2,71,444/-BRN-20150447001200018689 /11.04.2020<br>3,87,890/-B RN-20150447001200011857/11.04.2020 |

| | |
|---|---|
| ആകെ | 3,11,163/-<br>BRN-20150447001200018691/11.04.2020<br>--------<br>15,73,230<br>62,500/-(ഗുണഭോക്തൃവിഹിതം)<br>ചെക്ക് നം. 012027/21.05.20 |

2020-21 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണിത്. തെങ്ങ് കൃഷി പരിപോഷിക്കുന്നതിനായി തെങ്ങിൻ തൈവാങ്ങാനും വളം വാങ്ങാനും പദ്ധതി ലക്ഷ്യമിടുന്നു. പദ്ധതി പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. സ.ഉ.(സാധാ) നം. 2881/2019/ത.സ്വ.ഭ.വ.18.12.2019 പ്രകാരം കെയ്കോവിൽ നിന്നും നടീൽ വസ്തുക്കൾ വാങ്ങാൻ അനുമതി നല്കിയിട്ടില്ല. തുടർ വർഷങ്ങളിൽ സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.

2. ഗുണഭോക്തൃവിഹിതമായി 62,500/-രൂപ (രശീതി നം. 01/119050113176/11.02.2020 മുനിസിപ്പാലിറ്റിയിൽ അടവാക്കിയതിന്റെ രശീതികൾ ഓഡിറ്റ് പരിശോധനയ്ക്ക് നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്യാഷ് ബുക്ക് പ്രകാരം കെയ്കോവിന് നല്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളിൽ നിന്നും പ്രസ്തുത തുകകൾ പിരിച്ചതിന്റെ രശീതി പുസ്തകവും, ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററും പ്രസ്തുത തുകയുടെ വിനിയോഗവും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3. വികസന ഫണ്ടിൽ നിന്നും 1,87,500/-രൂപയും (BRN-20150447001200011855/11.04.2020) ഗുണഭോക്തൃ വിഹിതമായി ലഭിച്ച 62,500/-രൂപയും കെയ്കോവിന് നല്കിയിട്ടുണ്ട്. എന്താവശ്യത്തിനാണ് പ്രസ്തുത തുക നല്കിയതെന്ന് ഫയലിൽ നിന്നും ലഭ്യമല്ല.
ഗുണഭോക്തൃവിഹിതം ഈടാക്കേണ്ടത് മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിക്കുന്ന രശീതിബുക്കുകൾ വഴിയോ, ഗുണഭോക്താക്കൾ നേരിട്ട് ഗുണഭോക്തൃവിഹിതം മുനിസിപ്പാലിറ്റിയിൽ അടവാക്കുന്ന വഴിയോ ആയിരിക്കണം.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 31 /20-21/18.07.2022) 21.07.2022ൽ ലഭിച്ച മറുപടിയിൽ കെയ്കോവിൽ നിന്നും ലഭിച്ച് 250000/-രൂപയുടെ തെങ്ങിൻ തൈ വാങ്ങിയതിന്റെ ഇൻവോയ്സ് (ഇൻവോയ്സ് നം. W-140/19-20/06.02.2020) ഹാജരാക്കി. തുടർ വർഷങ്ങളിൽ രശീതി പുസ്തകം വഴി മാത്രമേ ഗുണഭോക്തൃ വിഹിതം പിരിക്കുകയുള്ളൂവെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. സർക്കാർ ഉത്തരവിന് വിരുദ്ധമായി തെങ്ങിൻ തൈ വാങ്ങിയതിനാൽ 2,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-12-3 ഫലവൃക്ഷതൈകൾ വാങ്ങൽ-അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പറും | ഫലവൃക്ഷത്തൈ നട്ട് പരിപാലിക്കൽ<br>(പ്രോജക്റ്റ് നം. 219/20) |
| നിർവ്വഹണോദ്യോഗസ്ഥൻ | ശ്രീ.സലിം.പി.എസ്.<br>അഗ്രികൾച്ചറൽ ഓഫീസർ |
| അടങ്കൽ | 3,50,000/- |
| ചെലവ് 2,80,000/- രൂപ | 2,80,000/-(വികസന ഫണ്ട്)<br>BRN-20150447001200831799/16.12.20<br>70,000/-(ഗുണഭോക്തൃവിഹിതം)<br>ചെക്ക് നം. 5159678/17.12.2020 |

2020-21 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണിത്. മേൽ പദ്ധതി പ്രകാരം ഞാവൽ, മാവ്, പ്ലാവ്, പപ്പായ, ചാമ്പാ എന്നീ തൈകൾ കെയ്കോ,വണ്ടൂരിൽ നിന്നും വാങ്ങി ഗുണഭോക്താകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വണത്തിൽ താഴെ കാണുന്ന അപാതകൾ കാണുന്നു.

അപാകതകൾ

1. ഫലവൃക്ഷതൈ നട്ട് പരിപാലിക്കൽ എന്ന പദ്ധതിയ്ക്കായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോപ്പറേഷൻ ലിമിറ്റഡ്, വണ്ടൂരിൽ നിന്നും ഇൻവോയ്സ് നം. WO46/20-21/10.11.2020പ്രകാരം 3,50,000/-രൂപയുടെ വിവിധ ഫല വൃക്ഷതൈകൾ ഒരു യൂണിറ്റ് തൈക്ക് 350/-രൂപ നിരക്കിൽ 1000/-എണ്ണം 350000/-രൂപയ്ക്ക് വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. സ.ഉ.(സാധാ) നം. 2881/2019/ത.സ്വ.ഭ.വ.18.12.2019 പ്രകാരം കെയ്കോവിൽ നിന്നും ഫലവൃക്ഷതൈകൾ വാങ്ങാൻ അനുമതി നൽകിയിട്ടില്ല. ഉത്തരവിന് വിരുദ്ധമായി ഫലവൃക്ഷതൈകൾ വാങ്ങിയതിന് വിശദീകരണം നല്കേണ്ടതാണ്.

2. ഗുണഭോക്തൃവിഹിതമായി 70,000/-രൂപ (രശീതി നം. 01/120050109379/ 18.11.2020) മുനിസിപ്പാലിറ്റിയിൽ അടവാക്കിയതിന്റെ രശീതികൾ ഓഡിറ്റ് പരിശോധനയ്ക്ക് നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളിൽ നിന്നും പ്രസ്തുത തുകകൾ പിരിച്ചതിന്റെ രശീതി പുസ്തകവും, ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നം. 29/20-21/18.07.22) നിർവ്വഹണോദ്യോഗസ്ഥൻ 21.07.2022ന് ലഭ്യമാക്കിയ മറുപടിയിൽ തുടർ വർഷങ്ങളിൽ രശീതി പുസ്തകം വഴി മാത്രമേ ഗുണഭോക്തൃ വിഹിതം പിരിക്കുയുള്ളൂവെന്നും, നടീൽ വസ്തുക്കൾ വാങ്ങുമ്പോൾ സർക്കാർ ഉത്തരവ് പാലിക്കുമെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 വാടക അടവാക്കിയിട്ടില്ല

രജിസ്റ്റർ പരിശോധിച്ചതിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 വർഷത്തിൽ ആഗസ്റ്റ് മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലെ വാടക ഈടാക്കിയിട്ടില്ല.

| റൂം നം | പേര്, വിലാസം | മാസ വാടക | കുടിശ്ശികയുള്ള വാടക |
|---|---|---|---|
| 22 | കെ സുശീല<br>തൃപ്തി വനിത ഹോട്ടൽ | 1985 | 15880 |
| 23 | കമല മേനോൻ<br>തെയ്യങ്ങാട് | 169 | 1352 |
| | ആകെ | | 17232 |

മേൽ അപാകതക്ക് ഓഡിറ്റ് എൻക്വയറി (നം-19/2020-21/15.07.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശികയുള്ള വാടക ഈടാക്കി അടവാക്കേണ്ടതാണ്.

## 1-14 പെർമിറ്റ് അപേക്ഷ - സമർപ്പിച്ച പാർക്കിംഗ് പ്ലാനിലെ പാർക്കിംഗ് തെറ്റായി കണക്കാക്കി

ശ്രീമതി . വഹീദ ചോലക്കൽ എന്നവരുടെ 15.01.2020 ലെ E3-876/2020 അപേക്ഷ പ്രകാരം മിനി ഓഡിറ്റോറിയം (ഗണം-D) നിർമ്മിക്കുന്നതിന് 23.12.2020 ലെ E3-876/2020-21 നമ്പർ പെർമിറ്റ് അനുവദിച്ചിരുന്നു. അപേക്ഷയോടൊപ്പം സമർപ്പിച്ച പാർക്കിംഗ് പ്ലാനിലെ കാൽക്കുലേഷൻ പ്രകാരം ആവശ്യമായ കാർ പാർക്കിംഗ് എണ്ണം 12 ( 180 ച.മീറ്റർ) ഉം ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗ് എണ്ണം 8 (24 ച.മീറ്റർ) മാണ്.
കെട്ടിടത്തിന് 2019 ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ ചട്ടം 29 (3) പട്ടിക 10 പ്രകാരം ആവശ്യമായ പാർക്കിംഗ് വിവരങ്ങൾ താഴെ ചേർക്കുന്നു.

*ഓഡിറ്റോറിയങ്ങൾക്ക് അവയുടെ ഡൈനിങ് ഹാൾ/ഓഡിറ്റോറിയം എന്നിവയിൽ ബിൽഡപ്പ് ഏരിയ കൂടിയത് മാത്രം പരിഗണിച്ച് 25 ചതുരശ്രമീറ്ററിന് 1 എന്ന തോതിൽ പാർക്കിംഗ് സൗകര്യം ഒരുക്കേണ്ടതാണ്.

*പ്ലാൻ പ്രകാരം ഡൈനിങ് ഹാളിന്റെ ബിൽഡപ്പ് ഏരിയ – 17.47*21.55=376.47 ച.മീറ്റർ

*പ്ലാൻ പ്രകാരം ഓഡിറ്റോറിയത്തിന്റെ ബിൽഡപ്പ് ഏരിയ- 17.47*16.83=294.02 ച.മീറ്റർ

*ആവശ്യമായ കാർ പാർക്കിംഗ് എണ്ണം = ഡൈനിങ് ഹാളിന്റെ ബിൽഡപ്പ് ഏരിയ/25

= 376.47 /25 = 15.05 എണ്ണം. (Fractions Shall Be Rounded Off To The Next Whole Number) =16 എണ്ണം

(ഒരു കാർ പാർക്കിംഗിന് ആവശ്യമായ ഏരിയ=15ച.മീറ്റർ )

*കാർ പാർക്കിംഗിന് ആവശ്യമായ ഏരിയ=15ച.മീറ്റർ* 16=240 ച.മീറ്റർ

*ചട്ടം 29(5) പ്രകാരം ആവശ്യമായ പാർക്കിംഗ് സൗകര്യത്തിന്റെ കൂടെ 25% ഏരിയ ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗിനായി അധികം ഒരുക്കേണ്ടതാണ്.

*ഇരുചക്ര വാഹനങ്ങളുടെ പാർക്കിംഗിനായി അധികം ഒരുക്കേണ്ട ഏരിയ= 25% (240 ച.മീറ്റർ) =60 ച.മീറ്റർ

* ആകെ പാർക്കിംഗ് ഏരിയ= 240+60= 300 ച.മീറ്റർ

ചട്ട പ്രകാരം കണക്കാക്കിയ പാർക്കിംഗ് പ്ലോട്ടിൽ ലഭ്യമാണ് എന്ന് ഉറപ്പാക്കേണ്ടതും, തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ.28/2020-21 തിയ്യതി -18.07.2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 പ്രിൻസിപ്പാൾ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, നടപ്പാക്കിയ പ്രൊജക്ടുകളിലെ അപാകത

A) പ്രോജക്ട് - ടാലന്റ് ലാബ് (നമ്പർ -461/21 (S.O))

അടങ്കൽ- 600000 (തനത് ഫണ്ട്)

ചെലവ്-308700/രൂപ, ( തനത് ഫണ്ട്), ബിൽ നമ്പർ-03 (30.04.2020)

നഗരസഭ പരിധിയിൽ ഉള്ള ഒമ്പത് സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് അവരിലെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും , പരിശീലനം നൽകുന്നതിനുമാണ് പ്രൊജക്ട് ലക്ഷ്യം വെക്കുന്നത്. ആദ്യ ഘട്ടത്തിൽ പ്രഗൽഭരായ വ്യക്തികൾ അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും പിന്നീട് അധ്യാപകർ കണ്ടെത്തുന്ന വിദ്യാർത്ഥികൾക്ക്, പ്രാവീണ്യം ഉള്ള വ്യക്തികളെ ഉപയോഗിച്ച് ഓരോ സ്കൂളുകളും കേന്ദ്രങ്ങളാക്കി പരിശീലനം നൽകുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

നാടൻ പാട്ട് , ഡാൻസ്, ചെണ്ട, ഉന്നൽ, പ്രവൃത്തി പരിചയം, ചിത്രം വര, പാചകം, കബഡി, ഫുട്ബോൾ, സംഗീതം എന്നീ മേഖലകളിൽ പരിശീലനം നൽകിയതിന്, പരിശീലകർക്ക് റമ്യൂണറേഷൻ ഇനത്തിൽ 308700/രൂപ ചെലവഴിച്ചിട്ടുണ്ട്.

വിവിധ മേഖലകളിൽ പദ്ധതിക്ക് വേണ്ടി പരിശീലനം നൽകിയ പരിശീലകരുടെ മേഖലയിലെ പരിചയം, അവരുടെ തെരഞ്ഞെടുപ്പ്, പരിശീലനത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ വിവരം , പദ്ധതി സബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയുടെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

B) പ്രോജക്ട് - ടി.എൽ.എം വർക്ക് ഷോപ്പ് (നമ്പർ -462/21 (S.O))

അടങ്കൽ- 100000 ( തനത് ഫണ്ട്)

ചെലവ്-97655/രൂപ, ( തനത് ഫണ്ട്), ബിൽ നമ്പർ-04 (30.04.2020)

മുനിസിപ്പാലിറ്റിയുടെ പരിധിയിൽ ഉള്ള ജി.എച്ച്.എസ്.എസ് തൃക്കാവ് , ജി.എഫ്.യു.പി.എസ് കടവനാട്, ജി.യു.പി.എസ് ചെറുവാക്കര എന്നീ സ്കൂളുകളിലെ 30 അധ്യാപകർ ചേർന്ന് പ്രൈമറി ക്ലാസുകളിലെ ഗണിത പഠനത്തിന് ആവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുന്നതാണ് പദ്ധതി.

പദ്ധതി പ്രകാരം ആകെ ചെലവഴിച്ച തുകയിൽ, 92070/- രൂപ ശ്രീ. അബ്ദുൾ റഷീദ് പി.പി എന്നവർക്ക് അനുവദിച്ചിട്ടുള്ളതാണ്. പദ്ധതിയിൽ ശ്രീ. അബ്ദുൾ റഷീദ് പി.പി നിർവ്വഹിച്ച ചുമതല, അദ്ദേഹത്തിന് അനുവദിച്ച തുകയുടെ ചെലവ് , പദ്ധതി സബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സംബന്ധിച്ച് ഫയലിൽ രേഖകൾ ഇല്ല.

ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വറി (08/2020-21 തിയ്യതി -12.07.2022)ക്ക് നഗരസഭാ പരിധിയിൽ ഉള്ള സർക്കാർ സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ നേതൃത്വത്തിൽ വിവിധ മേഖലകളിൽ പ്രഗൽഭരായ വ്യക്തികളെ നിയമിച്ച് കുട്ടികൾക്ക് കലാ-കായിക-പ്രവൃത്തി പരിചയ മേഖലയിൽ നൽകിയ ടാലന്റ് ലാബ് പരിശീലന പദ്ധതി, കുട്ടികളുടെ അതാത് മേഖലകളിലെ കഴിവുകൾ വികസിപ്പിക്കുന്നതിന് ഉതകുന്നതായിരുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.

ടി.എൽ.എം വർക്ക് ഷോപ്പ് പദ്ധതി പ്രകാരം ഗണിത ശാസ്ത്ര പഠനത്തിന് സഹായകരമാകുന്ന ഉപകരണങ്ങളുടെ നിർമ്മാണ പരിശീലനത്തിന് റെമ്യൂറേഷൻ ഇനത്തിലും, ഉപകരണങ്ങളുടെ നിർമ്മാണത്തിന് ആവശ്യമായ മെറ്റീരിയൽസ് വാങ്ങിയ ഇനത്തിലുമാണ് ശ്രീ. അബ്ദുൾ റഷീദ് പി.പി എന്നവർക്ക് തുക അനുവദിച്ചിട്ടുള്ളതെന്ന് എന്നറിയിച്ചു. കൂടാതെ പദ്ധതി പ്രകാരം നിർമ്മിച്ച് സ്കൂളുകൾക്ക് നൽകിയിട്ടുള്ള ഉപകരണങ്ങളുടെ ചിത്രങ്ങൾ ഉൾപ്പെടെ മറുപടിയിൽ സമർപ്പിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിന്റെ കൃത്യമായ ചെലവ് രേഖകളും, പദ്ധതിയുടെ നേട്ടം സബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തി സമർപ്പിച്ച റിപ്പോർട്ടും, ഫയലിൽ സൂക്ഷിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം രജിസ്റ്ററുകൾ നഗരസഭ

സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 2020-21 വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി ഇനത്തിൽ ലഭിച്ച വരവിന്റെ ആധികാരികത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർമാരും നികുതി നൽകാൻ ബാദ്ധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വെക്കേണ്ടതുമാണ്. ഡിമാന്റ് രജിസ്റ്റർ ചട്ടപ്രകാരം എഴുതി തയ്യാറാക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.21/20-21/15.07.2022) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 രസീതി ബുക്ക് നഷ്ടപ്പെട്ടതു സംബന്ധിച്ച്

ശ്രീ. ഷോൺ ജി എസ് എന്ന ജീവനക്കാരന് 31.03.2021 ന് ഇഷ്യൂ ചെയ്ത 144 നം രസീതി ബുക്ക് നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം.22/2020-21/15.07.2022) നൽകിയതിന് തുടർന്ന് പ്രസ്തുത രസീതി ബുക്ക് തിരിച്ച് ഏൽപ്പിച്ചിട്ടില്ല എന്ന് കാഷ്യർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് റിപ്പോർട്ട് ലഭിക്കുന്നത് 06.01.2022നാണെന്നും ടി രസീതി ബുക്കിന്റെ 17 പേജുകൾ (രസീതി നം.7151 മുതൽ 7167 വരെ 15,907/- രൂപ പിരിച്ചെടുത്തിട്ടുണ്ട്) ഉപയോഗിച്ചിട്ടുള്ളതും ബാക്കി 33 പേജുകൾ ഉപയോഗിച്ചിട്ടില്ലാത്തതുമാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി രസീതി ബുക്ക് കണ്ടെത്തുന്നതിന് ആർ ഐ യുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തുകയും വിവിധ സെക്ഷനുകളിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രസീതി ബുക്ക് നഷ്ടപ്പെട്ടതായി ഉറപ്പ് വരുത്തുകയും ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിന് പോലീസ് സ്റ്റേഷനിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും നഷ്ടപ്പെട്ട രസീതി ബുക്കുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ തടയുന്നതിന് പത്രപ്പരസ്യം നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

രസീതി ബുക്ക് നഷ്ടപ്പെട്ടതിനെ തുടർന്ന് ശ്രീ. ഷോൺ ജി എസ്- ന് കുറ്റാരോപണ മെമ്മോ നൽകുകയും ടി വിവരം നഗരകാര്യ ഡയറക്ടറെ അറിയിച്ചിട്ടുള്ളതുമാണെന്നും ഉയർന്ന ഉദ്യോഗം ലഭിച്ചതിനാൽ, ടിയാനെതിരെ അച്ചടക്ക നടപടികൾ തുടരുന്നതും സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന പക്ഷം ടിയാനിൽ നിന്നും ഈടാക്കുന്നതാണെന്നും ഇൻഡമിനിറ്റി ബോണ്ട് വാങ്ങി സൂക്ഷിച്ച് ബഹു.നഗരകാര്യ ഡയറക്ടറുടെ അനുമതിയോടെ ഈ കാര്യാലയത്തിൽ നിന്ന് വിടുതൽ ചെയ്തിട്ടുള്ളതായും നാളിതു വരെയും നഷ്ടപ്പെട്ട രസീത് ബുക്കുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
രസീതി ബുക്ക് കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ ജാഗ്രത പുലർത്തേണ്ടതും മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതുമാണ്.

(എൻക്വയറി നം.22/2020-21/15.07.2022)

## 1-18 മരുന്ന് മുഴുവൻ ലഭ്യമായിട്ടില്ല

താഴെ പറയുന്ന പദ്ധതികൾ പ്രകാരം കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മരുന്ന് വാങ്ങുന്നതിനായി തുക മുൻകൂറായി നൽകിയിട്ടുണ്ട്.എന്നാൽ മരുന്ന് മുഴുവനായി ലഭ്യമായിട്ടില്ല. (നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, പൊന്നാനി)

1.പ്രൊജക്ടിന്റെ പേര്- ശാന്തി പെയിൻ ആൻഡ് പാലിയേറ്റീവ് സെന്ററിലേക്ക് മരുന്നു വാങ്ങൽ

പ്രൊജക്ട് നം-87/2021

അടങ്കൽ-1000000(വികസന ഫണ്ട്- ജനറൽ)

ചെലവ്- 1000000

BRN No.20150447002000946481/15.01.2021

പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി ശാന്തി പെയിൻ ആൻഡ് പാലിയേറ്റീവ് സെന്ററിലേക്ക് മരുന്ന് വാങ്ങുന്നതിന് പ്രഫോർമ ഇൻവോയിസ് PRF 4037/24.12.2020പ്രകാരം 1000000/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ 188442/- രൂപയുടെ മരുന്ന് കൂടി ലഭ്യമാവാനുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ഇൻവോയിസ് നം | തിയ്യതി | തുക |
|---|---|---|
| 623 | 29.04.2021 | 12385 |
| 594 | 29.04.2021 | 17611 |
| 205 | 06.06.21 | 5199 |
| 3751 | 15.7.21 | 19638 |
| 3753 | 15.7.21 | 35600 |
| 4897 | 09.8.21 | 4127 |
| 6203 | 16.09.2021 | 45728 |
| 6632 | 24.09.2021 | 91031 |

| | | |
|---|---|---|
| 6635 | 24.09.2021 | 38831 |
| 7751 | 21.10.2021 | 14565 |
| 8648 | 07.11.2021 | 4214 |
| 6637 | 24.09.2021 | 11767 |
| 7749 | 21.10.2021 | 34573 |
| 8647 | 07.11.21 | 88875 |
| 11732 | 24.01.2022 | 32269 |
| 13762 | 23.02.2022 | 94958 |
| 13767 | 23.02.2022 | 100187 |
| 13764 | 23.02.2022 | 5428 |
| 14836 | 08.03.2022 | 27588 |
| 2903 | 25.05.2022 | 81773 |
| 2902 | 25.05.2022 | 45211 |
| | ആകെ | 811558 |
| | മുൻകൂർ | 1000000 |
| | ബാക്കി | 188442 |

2.പ്രൊജക്റ്റിന്റെ പേര്- പൊന്നാനി നഗര ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ

പ്രൊജക്റ്റ് നം-55/2021

അടങ്കൽ-200000(മെയി.ഗ്രാന്റ് -നോൺ റോഡ് )

ചെലവ്- 200000

BRN No.2015044700200096l624/15.01.2021

പൊന്നാനി നഗര ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിന് പ്രഫോർമ ഇൻവോയിസ് PRF 4039/24.12.2020പ്രകാരം 200000/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ 50598/- രൂപയുടെ മരുന്ന് കൂടി ലഭ്യമാവാനുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ഇൻവോയിസ് നം | തിയ്യതി | തുക |
|---|---|---|
| 4444 | 2.08.2021 | 7664 |
| 5665 | 27.08.2021 | 27636 |
| 5667 | 27.08.2021 | 29191 |
| 6393 | 20.09.2021 | 8047 |
| 7262 | 13.10.21 | 43599 |
| 8457 | 05.11.2021 | 6403 |
| 12444 | 05.02.2022 | 7653 |
| 2000 | 13.05.2022 | 12026 |
| 1867 | 11.05.2022 | 7183 |
| | ആകെ | 149402 |
| | മുൻകൂർ | 200000 |
| | ബാക്കി | 50598 |

3. പ്രൊജക്റ്റിന്റെ പേര്- സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ

പ്രൊജക്റ്റ് നം-41/2021

അടങ്കൽ-200000(മെയി.ഗ്രാന്റ് -നോൺ റോഡ് )

ചെലവ്- 1318335

BRN No.20150447002000939472/13.01.2021

സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന്

PRF 3564/20.11.2020 പ്രകാരം 1318335/- രൂപ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ 388542/- രൂപയുടെ മരുന്ന് കൂടി ലഭ്യമാവാനുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

| ഇൻവോയിസ് നം | തിയ്യതി | തുക |
|---|---|---|

| | | |
|---|---|---|
| 44226 | 12.03.2021 | 49880 |
| 44326 | 16.03.2021 | 33749 |
| 86 | 06.04.2021 | 9355 |
| 2435 | 16.06.2021 | 98093 |
| 5675 | 27.08.2021 | 146263 |
| 5670 | 27.08.2021 | 25086 |
| 5673 | 27.08.2021 | 20051 |
| 5669 | 27.08.2021 | 94084 |
| 5677 | 27.08.2021 | 183837 |
| 5668 | 27.08.2021 | 47539 |
| 6391 | 20.09.2021 | 22633 |
| 7255 | 13.10.2021 | 18859 |
| 8399 | 03.11.2021 | 43347 |
| 11343 | 13.01.2022 | 6991 |
| 12788 | 11.02.2022 | 100728 |
| 1448 | 02.05.2022 | 29298 |
| | ആകെ | 929793 |
| | മുൻകൂർ | 1318335 |
| | ബാക്കി | 388542 |

4. പ്രൊജക്റ്റിന്റെ പേര്- പരിരക്ഷ (പ്രൈമറി)

പ്രൊജക്റ്റ് നം-456/2021

അടങ്കൽ-243308 (വികസന ഫണ്ട്- ജനറൽ )

ചെലവ്- 234270

പരിരക്ഷ പ്രവർത്തനങ്ങളുടെ ഭാഗമായി മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം 150000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമായ വിവരം ഫയലിൽ ഇല്ല. വിശദവിവരം താഴെ കൊടുക്കുന്നു

| പ്രൊഫോർമ ഇൻവോയ്സ് നം. | BRN No | തുക |
|---|---|---|
| PRF 5766/31.03.2020 | 19150447002001668115/ 31.03.2020 | 150000 |

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

5. പ്രൊജക്റ്റിന്റെ പേര്- പരിരക്ഷ (പ്രൈമറി)

പ്രൊജക്റ്റ് നം-86/2021

അടങ്കൽ-1448080(വികസന ഫണ്ട്- ജനറൽ)

ചെലവ്- 1401586

BRN No.20150447002000422816/13.08.2020

പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് പ്രഫോർമ ഇൻവോയിസ് PRF 1487/16.07.2020പ്രകാരം 119689/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ 15330/- രൂപയുടെ മരുന്ന് കൂടി ലഭ്യമാവാനുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

| ഇൻവോയിസ് നം | തിയ്യതി | തുക |
|---|---|---|
| 3619 | 12.07.2021 | 45297 |
| 7913 | 28.10.2020 | 25735 |
| 5661 | 27.08.2021 | 14369 |
| 2316 | 17.05.2022 | 18958 |
| | ആകെ | 104359 |
| | മുൻകൂർ | 119689 |
| | ബാക്കി | 15330 |

6. പ്രൊജക്ടിന്റെ പേര്- പരിരക്ഷ (പ്രൈമറി)

പ്രൊജക്ട് നം-86/2021

അടങ്കൽ-1448080(വികസന ഫണ്ട്- ജനറൽ)

ചെലവ്- 1401586

BRN No.20150447002001456676/31.03.2021

പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് പ്രഫോർമ ഇൻവോയിസ് PRF 5511/18.02.2021പ്രകാരം 288466/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ആയതിൽ 98877/- രൂപയുടെ മരുന്ന് കൂടി ലഭ്യമാവാനുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു

| ഇൻവോയിസ് നം | തിയ്യതി | തുക |
|---|---|---|
| 1971 | 30.05.2021 | 1299 |
| 7805 | 21.10.2021 | 55218 |
| 8643 | 07.11.2021 | 11859 |
| 14795 | 08.03.2022 | 37011 |
| 13665 | 22.02.2022 | 41905 |
| 13666 | 22.02.2022 | 40425 |
| 13667 | 22.02.2022 | 1872 |
| | ആകെ | 189589 |
| | മുൻകൂർ | 288466 |
| | ബാക്കി | 98877 |

7. പ്രൊജക്ടിന്റെ പേര്- പരിരക്ഷ (സെക്കൻഡറി)

പ്രൊജക്ട് നം-455/2021

അടങ്കൽ-120500 (വികസന ഫണ്ട്- ജനറൽ )

ചെലവ്- 120084

പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം 52004/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമായ വിവരം ഫയലിൽ ഇല്ല. വിശദവിവരം താഴെ കൊടുക്കുന്നു

| പ്രൊഫോർമ ഇൻവോയ്സ് നം. | BRN No | തുക |
|---|---|---|
| PRF 5459/20.03.2020 | 19150447002001611512/26.03.2020 | 34004 |
| PRF 5714/28.03.2020 | 19150447002001666661/31.03.2020 | 18000 |

8. പ്രൊജക്ടിന്റെ പേര്- പരിരക്ഷ (സെക്കൻഡറി)

പ്രൊജക്ട് നം-79/2021

അടങ്കൽ-352640 (വികസന ഫണ്ട്- ജനറൽ )

ചെലവ്- 205900

പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം 20000/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. മരുന്ന് ലഭ്യമായ വിവരം ഫയലിൽ ഇല്ല. വിശദവിവരം താഴെ കൊടുക്കുന്നു

| പ്രൊഫോർമ ഇൻവോയ്സ് നം. | BRN No | തുക |
|---|---|---|
| PRF 3546/20.11.2020 | 20150447002000953623/16.01.2021 | 20000 |

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 32/2020-21 /19.07.2022) ഇൻവോയ്സ് പ്രകാരമുള്ള മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് വിവരം ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## 1-19 കറവ് പശുകൾക്ക് കാലിത്തീറ്റ-ഗുണഭോക്തൃവിഹിതം പിരിച്ചതിന്റെ രശീതികളും,ഔട്ട് ഡോർ രജിസ്റ്ററും ലഭ്യമല്ല

| പദ്ധതിയുടെ പേരും പ്രോജക്ട് നമ്പറും | കറവപ്പശുക്കൾക്ക് കാലിത്തീറ്റ |
|---|---|

| | |
|---|---|
| | (77/2020-21) |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 1809000/- |
| ചെലവ് തുക 638000/- | 116000/-<br>(BRN-201504470024012558122/13.03.21)<br>116000/-<br>(BRN-20150447002401325353/13.03.21)<br>87000/-<br>(BRN-201504470024012580931/13.03.21)<br>ആകെ 319000/-(വികസന ഫണ്ട്)<br>319000/-(ഗുണഭോക്തൃവിഹിതം)<br>(ചെക്ക് നം. 855387/31.03.2021) |

കറവപ്പശുക്കൾക്ക് കാലിത്തീറ്റ വാങ്ങുന്നതിനായി കേരള ഫീഡ്സ്, തൃശ്ശൂരിൽ നിന്നും 6,38,000/-രൂപയുടെ കാലിത്തീറ്റ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്തൃവിഹിതമായി 3,19,000/-രൂപ മുനിസ്സിപ്പാലിറ്റിയിൽ അടവാക്കിയതിന്റെ രശീതികൾ ഓഡിറ്റ് പരിശോധനയ്ക്ക് നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളിൽ നിന്നും പ്രസ്തുത തുകകൾ പിരിച്ചതിന്റെ രശീതി പുസ്തകവും, ഔട്ട് ഡോർ കളക്ഷൻ രജിസ്റ്ററും, ഏത് ക്ഷീര സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ (ഓഡിറ്റ് അന്വേഷണം നം. 9/20-21/12.07.2022) മറുപടിയായി ഗുണഭോക്തൃ വിഹിതം പിരിക്കാനായി രശീതി പുസ്തകം ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമായില്ല എന്നും ഗുണഭോക്തൃവിഹിതം പിരിച്ച് കൗണ്ടറിൽ അടച്ചാൽ മതിയെന്ന് മുനിസ്സിപ്പാലിറ്റിയിൽ നിന്ന് നിർദ്ദേശം വാക്കാൽ നല്കിയതെന്നും നിർവ്വഹണോദ്യോഗസ്ഥൻ 14.07.2022 മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. രശീതി പുസ്തകം ലഭിക്കാത്ത സാഹചര്യത്തിൽ ഗുണഭോക്തൃ വിഹിതം ഗുണഭോക്താവ് നേരിട്ട് മുനിസ്സിപ്പാലിറ്റിയിൽ അടവാക്കേണ്ടതാണ്. മേൽ പദ്ധതി ചമുവട്ടം ജംഗ്ഷൻ ക്ഷീരോത്പാദക സഹകരണം വഴിയാണ് നടപ്പിലാക്കിയതെന്ന് മറുപടിയിൽ പറയുന്നുണ്ടെങ്കിലും കാലിത്തീറ്റ വിതരണം ചെയ്തതിന്റെ വിതരണ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

## 1-20 അനുപൂരക പോഷകാഹാരം-ജി.എസ്.ടി-ടി.ഡി.എസ്. ഈടാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേരും പ്രോജക്റ്റ് നമ്പറും | അനുപൂരക പോഷകാഹാരം (എസ്.സി)<br>(32/21) |
| നിർവ്വഹണോദ്യോഗസ്ഥ | ശ്രീമതി വിനിത.ഒ.വി.<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 426832/- |
| ചെലവ് | 426832/-(എസ്.സി.പി)<br>ബിൽ നം. 2015044700130639559/<br>20.10.2020 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാരം പദ്ധതി പ്രകാരം ജനകീയം കുടുംബശ്രീ യൂണിറ്റ്, ആലക്കോട് എന്ന സ്ഥാപനത്തിൽ നിന്നും താഴെപ്പറയുന്ന പട്ടിക പ്രകാരം 426832/-രൂപയുടെ പോഷകാഹാരം (THRS) വാങ്ങിയിട്ടുണ്ട്. നികുതി ഒഴികെയുള്ള പർച്ചേസ് തുക 250000 രൂപയിൽ അധികരിക്കുമ്പോൾ ജി എസ് ടി - ടിഡിഎസ് ആയി നികുതി കുറച്ചുള്ള തുകയിൽ നിന്നും 2% പിടിക്കേണ്ടതാണ്. (2017-ലെ ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാങ്ങലുകളിൽ 2 ശതമാനം

ജി.എസ്.ടി യുടെ TDS (1% CGST + 1% SGST) കുറവ് ചെയ്യേണ്ടതാണ്.) എന്നാൽ പേയ്മെന്റ് നൽകിയപ്പോൾ ജി എസ് ടി-ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| Invoice No, And Date | Kg. | Rate | Cost Of Nutrimix | Trans. Charge | CGST | SGST | Total Amount | Bill No./ Cheque No. |
|---|---|---|---|---|---|---|---|---|
| 173/16.10.2020 | 5768 | 70 | 403760 | 2884 | 10094 | 10094 | 214968 | 426832 |

1. നികുതികളും കടത്തുകൂലിയും ഒഴിച്ചുള്ള തുകയായ 403760/-രൂപയുടെ ജി.എസ്.ടി.-ടി.ഡി.എസ് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2. മേൽ ഇൻവോയ്സ് പ്രകാരം ആകെ 5768/-കിലോ ന്യൂട്രിമിക്സ് വാങ്ങിയതിൽ 2020 ഒക്ടോബർ മാസത്തിൽ വിവിധ അങ്കണവാടികൾക്ക് 3931.875 കിലോ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിന്റെ വിതരണ പത്രിക ഉള്ളടക്കം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 1836.125കിലോ ഭക്ഷ്യധാന്യം വിതരണം ചെയ്തതിന്റെ വിതരണ പത്രിക ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി 1836.125 കിലോ ഭക്ഷ്യധാന്യം വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കി. ജി.എസ്.ടി-ടി.ഡി.എസ്. അടവാക്കി ഓഡിറ്റിനെ അറിയിക്കാമെന്നും അറിയിച്ചിട്ടുണ്ട്. ജി.എസ്.ടി-ടി.ഡി.എസ്. അടവാക്കിയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഭക്ഷ്യധാന്യങ്ങൾക്കുള്ള കടത്തുകൂലി-രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേരും പ്രോജക്ട് നമ്പറും | അനുപൂരക പോഷകാഹാരം (ജനറൽ) (SO453/21) |
| നിർവ്വഹണോദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 163599/- |
| ചെലവ് | 163599/- BRN-20150447001300112862/28.04.2020 |

വിവിധ അങ്കണവാടികൾക്ക് ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിന് കരാറുകാരനായ ശ്രീ. സമീർ.കെയ്ക്ക് 163599രൂപ 2019 ആഗസ്റ്റ് - നവംബർ വരെയും, 2020 ജനുവരി-മാർച്ച് വരെയും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിന് കടത്തുകൂലിയായി നല്കിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം ബിൽ പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിനാണ് തുക നല്കിയതെന്ന് വ്യക്തമല്ല. ബിൽ നമ്പറും വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങളുടെ തൂക്കവും,ഒരു കിലോയ്ക്ക് നല്കാവുന്ന കടത്തുകൂലി നിരക്കും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 17/20-21/15.07.2022) മറുപടിയായി ശ്രീ. സമീറിന് കടത്തുകൂലി നൽകിയ ഭക്ഷ്യധാന്യങ്ങളുടെ തൂക്കവും ഇൻവോയ്സും ഓഡിറ്റിന് സമർപ്പിക്കാമെന്നും, നിലവിൽ സ്റ്റോക്ക്ബുക്ക് കാലികമാക്കിയിട്ടില്ലായെന്നും 16.07.2022ന് നിർവ്വഹണോദ്യോഗസ്ഥ മറുപടിയിൽ പറയുന്നുണ്ട്. കടത്തുകൂലിയുടെ വിവരങ്ങളും, സ്റ്റോക്ക് ബുക്ക് ആവശ്യമായ രേഖപ്പെടുത്തലും വരുത്തി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-22 അങ്കണവാടികൾക്ക് വിതരണം ചെയ്ത അരിയുടെ വിശദാംശങ്ങൾ ലഭ്യമല്ല

വിവിധ അങ്കണവാടികൾക്ക് വിതരണം ചെയ്യാനായി വുമൺ ആന്റ് ചൈൽഡ് ഡിപ്പാർട്ട്മെന്റ് അനുവദിച്ച അരിയുടെ ഉത്തരവ് ബന്ധപ്പെട്ട ഫയലിൽ നിന്നും ലഭ്യമല്ല. 2019-20, 2020-21 സാമ്പത്തിക വർഷം അനുവദിച്ച അരിയുടെ തൂക്കം, വിതരണം, വിതരണ രജിസ്റ്റർ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയെ (ഓഡിറ്റ് അന്വേഷണം നം. 17/19-20/20.07.2022) തുടർന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഓഡിറ്റിന് ലഭ്യമാക്കിയ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, പൊന്നാനിയിൽ നിന്നും വിവിധ ഇൻവോയ്സുകളിലായി ലഭിച്ച 20699 കിലോ അരിയുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കി. എന്നാൽ ആകെ അനുവദിച്ച അരിയുടെ തൂക്കം, വിവിധ അങ്കണവാടികൾക്ക് വിതരണം ചെയ്ത അരിയുടെ വിതരണ രജിസ്റ്റർ, അരിയുടെ കടത്തുകൂലി എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയവയുടെ വിവരം ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

## 1-23 അങ്കണവാടികൾക്ക് അരി വിതരണം - അപാകതകൾ

വിവിധ അങ്കണവാടികൾക്ക് വിതരണം ചെയ്യാനായി വുമൺ ആന്റ് ചൈൽഡ് ഡിപ്പാർട്ട്മെന്റ് അനുവദിച്ച അരിയുടെ ഉത്തരവ് ബന്ധപ്പെട്ട ഫയലിൽ നിന്നും ലഭ്യമല്ല. 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച അരിയുടെ ട്രൂക്കവും, വിതരണ വിവരവും, കടത്തുകൂലിയും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം. 17/19-20/20.07.2022നെ തുടർന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഓഡിറ്റിന് ലഭ്യമാക്കിയ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, പൊന്നാനിയിൽ നിന്നും 2020-21 സാമ്പത്തിക വർഷം ലഭിച്ച വിവിധ ഇൻവോയ്സ് പ്രകാരമുള്ള 20699 കിലോ അരിയുടെ രേഖകൾ ഓഡിറ്റിന് ഹാജരാക്കി. എന്നാൽ ആകെ അനുവദിച്ച അരിയുടെ അളവ്, വിവിധ അങ്കണവാടികൾക്ക് വിതണം ചെയ്ത അരിയുടെ വിതരണ രജിസ്റ്റർ, കരാറുകാരന് നല്കിയ അരിയുടെ കടത്തുകൂലി രശീതി എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയവ ഹാജരാക്കേണ്ടതാണ്.

## 1-24 മരാമത്ത് പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിച്ചിട്ടില്ല. നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ മുഴുവൻ ഈടാക്കാതെയാണ് ബിൽ തുക കരാറുകാർക്ക് നൽകിയിട്ടുള്ളത്.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005, 2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25% ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്നാണ് നിർദേശിച്ചിട്ടുള്ളത്.

പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം ചുവടെ കാണിച്ച പ്രകാരം പിഴ തുക കരാറുകാരിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. ഡ്രയിൻ കം ഫൂട്പാത്

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | പതിയാരത്ത് അമ്പലം മുതൽ പാട്ടാലയിൽ ശാന്തയുടെ വീട് വരെ ഡ്രയിൻ കം ഫൂട്പാത്. വാർഡ് 15 ( 337/21)<br>ബിൽ 51/19.5.20 തുക 575183<br>സങ്കേതികാനുമതി തുക 700000<br>കരാർ 97/14.11.2018 തുക 688983.90<br>കോൺട്രാക്റ്റർ ശ്രീ.എസ്.മുഹമ്മദ്കുട്ടി<br>അളവ് പുസ്തകം 114/19-20<br>DSR2016 കോസ്റ്റ് ഇൻഡക്സ് 37.25%<br>പൂർത്തീകരണ കാലാവധി 6 മാസം<br>പൂർത്തീകരിക്കേണ്ട തീയ്യതി 13.5.2019<br>പൂർത്തീകരിച്ച തീയ്യതി 30.1.2020 | 14.5.2019-13.8.2019 (1%) 6890<br>14.8.2019-13.11.2019 (2%) 13780<br>14.11.2019-29.1.2019 (2%) 11790<br>ആകെ 32460 |

| | | |
|---|---|---|
| | റിവൈസ്ഡ് എസ്റ്റിമേറ്റ് തീയ്യതി 28.1.20 | |

കുറിപ്പ്

1. പ്രവൃത്തി നിശ്ചിത ദിവസത്തിനകം പൂർത്തീകരിക്കാത്തതിനെ തുടർന്ന് വിശദീകരണം ആവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ 12.4.2019 ന് കരാറുകാരന് കത്തയച്ചിരുന്നു. ആയതിന് 29.5.2019 ന് കരാറുകാരൻ ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി നടന്ന് കൊണ്ടിരിക്കുന്നു എന്നും, വളരെ ദുർഘടമായ, വഴി സൗകര്യം തീരെയില്ലാത്ത പ്രദേശത്താണ് പ്രവൃത്തി നടക്കുന്നത് എന്നും പ്രവൃത്തി പൂർത്തീകരിക്കാൻ കുറച്ച് സാവകാശം വേണമെന്നും ആവശ്യപ്പെട്ടിരുന്നു.

കരാറുകരാന്റെ അപേക്ഷയിൽ അസിസ്റ്റന്റ് എഞ്ചിനീയറും നഗരസഭയും തീരുമാനമെടുത്തതിന്റെ രേഖകൾ ഫയലിൽ ഇല്ല.

മാത്രമല്ല കരാറുകാരൻ മറുപടിയിൽ വ്യക്തമാക്കിയപോലെ പ്രവൃത്തി അപ്പോൾ ആരംഭിച്ചിട്ടുമില്ലായിരുന്നു. അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി ആരംഭിച്ചത് പിന്നെയും മാസങ്ങൾ കഴിഞ്ഞ് 4.11.2019 ൽ മാത്രമാണ്. പ്രവൃത്തി പിന്നീട് ഏകദേശം മൂന്ന് മാസം കഴിഞ്ഞ് 30.1.2020 ന് പൂർത്തിയാക്കി.

പ്രവൃത്തി ആരംഭിക്കാൻ തന്നെ ഒരു വർഷം വൈകി. ഇത് കാരണം 2018-19, 2019-20 വർഷങ്ങളിൽ ഈ പദ്ധതിക്കായി വകയിരുത്തിയ തുക ഗ്രാമ പഞ്ചായത്തിന് നഷ്ടമായി.

പ്രവൃത്തി വൈകിയത് തീർത്തും കരാറുകാരന്റെ കാരണത്താലാണെന്ന് വ്യക്തമാണ്. ആയതിനാൽ നിയമാനുസൃതമായ പിഴ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 5/2020-21/7.7.2022 നൽകിയതിന് - പിഴ അടവാക്കുന്നതിനായി കരാറുകാരന് കത്ത് നൽകി തുക നഗരസഭ ഫണ്ടിൽ ഒടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

II. വിവിധ നടപ്പാത കോൺക്രീറ്റ്

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | വിവിധ നടപ്പാത കോൺക്രീറ്റ് വാർഡ് 6 ( 325/21)<br>ബിൽ 66/26.5.20 തുക 118573<br>ഫസ്റ്റ് പാർട്ട് ബിൽ 266641 തീയ്യതി 28.3.2018<br>കരാർ 34/28.12.2017 തുക 394258<br>കോൺട്രാക്ടർ ശ്രീ.കുട്ടത്ത് പത്മനാഭൻ<br>അളവ് പുസ്തകം60/17-18<br>DSR 2016 കോസ്റ്റ് ഇൻഡക്സ് 40.2%<br>പൂർത്തീകരണ കാലാവധി 3 മാസം<br>പൂർത്തീകരിക്കേണ്ട തീയ്യതി 27.3.2018<br>പൂർത്തീകരിച്ച തീയ്യതി 17.2.2020 | 28.3.2018-27.6.2018 (1%) 3943<br>28.6.2018-27.9.2018 (2%) 7885<br>28.9.2018-27.12.2018 (2%) 7885<br>28.12.2018-27.3.2019 (2%) 7885<br>28.3.2019-27.6.2019 (2%) 7885<br>28.6.2018-27.9.2019 (2%) 7885<br>28.9.2019-27.12.2019 (2%) 7885<br>28.12.2019-16.2.2020 (2%) 4468<br>ആകെ 55721 |
| 2 | കറുകത്തിരുത്തി ജുമാ മസ്ജിദിൽ നിന്നും തങ്ങൾ പറമ്പ് റോഡ് സൈഡ് കെട്ടി കോൺക്രീറ്റ്. രണ്ടാം റീച്ച്. വാർഡ് 22 (336/21)<br>ബിൽ 25/14.5.20 തുക 454745<br>കരാർ 156/22.2.2019 തുക 464719<br>കോൺട്രാക്ടർ ശ്രീ.സന്തോഷ് അസോസിയേറ്റ്സ് | 22.8.2019-21.11.2019 (1%) 4647<br>22.11.2019-20.1.2020 (2%) 6196<br>ആകെ 10843 |

| | | |
|---|---|---|
| | അളവ് പുസ്തകം 79/19-20<br>DSR 2016 കോസ്റ്റ് ഇൻഡക്സ് 37.25%<br>പൂർത്തീകരണ കാലാവധി 6 മാസം<br>പൂർത്തീകരിക്കേണ്ട തീയ്യതി 21.8.2019<br>പൂർത്തീകരിച്ച തീയ്യതി 21.1.2020 | |

മറ്റ് അപാകതകൾ

1. ക്രമ നമ്പർ 1 പ്രകാരമുള്ള പ്രവൃത്തിയുടെ ആദ്യ ഭാഗം 81.50 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി 10.1.2018 ൽ ആരംഭിച്ച് 18.1.2018 ൽ അവസാനിച്ചു. ആയതിന്റെ ബിൽ 28.3.2018 ന് കരാറുകാരന് നൽകി.

പിന്നീട് പ്രവൃത്തി ആരംഭിച്ചത് 6.1.2020 ൽ മാത്രമാണ്. 58.4 മീറ്റർ നീളത്തിൽ കോൺക്രീറ്റ് ചെയ്യുന്ന ഈ പ്രവൃത്തി 17.2.2020 ൽ അവസാനിച്ചു.

പ്രവൃത്തി വൈകിയത് കാരണം 2017-18, 2018-19, 2018-19 വർഷത്തിൽ ഈ പദ്ധതിക്കായി വകയിരുത്തിയ തുക നഗരസഭക്ക് നഷ്ടമായി.

2. ക്രമ നമ്പർ 2 പ്രകാരമുള്ള പ്രവൃത്തി ആരംഭിച്ചത് കരാർ വെച്ച് 8 മാസത്തിന് ശേഷം 5.11.2019 ൽ മാത്രമാണ്. പിന്നീട് 2 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

III. റോഡ് റീ സർഫേസിങ്

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | അത്താണി ഹെൽത്ത് സെന്റർ റോഡ് റീ സർഫേസിങ് വാർഡ് 12 ( 334/21)<br>ബിൽ 43/20.5.20 തുക 1167530<br>കരാർ 53/11.9.2018 തുക 1249474<br>കോൺട്രാക്ടർ ശ്രീ.സി.പി പത്മനാഭൻ<br>അളവ് പുസ്തകം45/19-20<br>DSR 2016 കോസ്റ്റ് ഇൻഡക്സ് 37.25%<br>പൂർത്തീകരണ കാലാവധി 6 മാസം<br>റിവൈസ്ഡ് എസ്റ്റിമേറ്റ് 32668 A/ 28.2.2019<br>പൂർത്തീകരിക്കേണ്ട തീയ്യതി 27.8.2019<br>പൂർത്തീകരിച്ച തീയ്യതി 17.1.2020<br>റിവൈസ്ഡ് എസ്റ്റിമേറ്റ് തീയ്യതി 16.2.20 | 28.8.2019-27.11.2019 (1%) 12494<br>28.11.2019-16.1.2020 (2%) 13882<br>ആകെ 26376 |

മറ്റ് അപാകതകൾ

1. പ്രവൃത്തിയുടെ അളവുകളിൽ മാറ്റം വന്നതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ 12.12.2019 ലെ 15-ാം നമ്പർ തീരുമാന പ്രകാരം കൗൺസിൽ തീരുമാനിച്ചതായി നഗരസഭ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ കൗൺസിൽ തീരുമാനത്തിന്റെ ശരിപ്പകർപ്പിൽ കാണുന്നു. എന്നാൽ പ്രവൃത്തിയുടെ നോട്ട് ഫയലിൽ 12.12.2018 ലെ 15-ാം നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കൗൺസിൽ തീരുമാനിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ തീരുമാനമാണ് യഥാർത്ഥത്തിലുള്ളത് എന്ന് സകർമ്മ മിനുട്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നു.

12.12.2019 ലെ 15-ാം നമ്പർ കൗൺസിൽ തീരുമാനം വാവു വാണിഭ പൈതൃകോത്സവം സംബന്ധിച്ചാണ്.

2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റിൽ 32668A/6.1.2020 നമ്പറായി

എസ്റ്റിമേറ്റ് അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നോട്ട് ഫയലിൽ 28.2.2019 ൽ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി 5.8.2019 ൽ ആരംഭിച്ച് 6.9.2019 വരെ പ്രവൃത്തിയുടെ ഒന്ന് മുതൽ 7 വരെയുള്ള എല്ലാ എക്സ്ട്രാ ഇനങ്ങളും നിർവ്വഹിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് നോട്ട് ഫയലിൽ രേഖപ്പെടുത്തിയ പ്രകാരം 28.2.2019 ൽ അംഗീകരിച്ചിട്ടുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

പ്രവൃത്തി നിശ്ചിത ദിവസത്തിനകം പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതിരിക്കുന്നതിന് രേഖകളിൽ മാറ്റം വരുത്തിയോ എന്ന് വ്യക്തമാക്കേണ്ടതാണ്. ഉത്തരവാദികൾക്കെതിരെ ഉചിതമായ നടപടി കൈകൊള്ളേണ്ടതും പിഴ തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി അടവാക്കേണ്ടതുമാണ്.

കൂടാതെ മേൽ പ്രവൃത്തികൾ കരാർ പ്രകാരം കൊറോണ മൂലമുള്ള ലോക് ഡൌണിന് മുൻപ് പൂർത്തീകരിക്കേണ്ടതിനാൽ GO(Ms)No. 1444/2021/LSGD/Dated 31/07/2021 ഉത്തരവ് പ്രകാരമുള്ള ഇളവിന് അർഹതയില്ല.

ഓഡിറ്റ് എൻക്വയറി 16/2020-21/16.7.2022 നൽകിയതിന് കോവിഡ് പശ്ചാത്തലം കണക്കിലെടുത്ത് കരാർ ജോലികളുടെ കാലാവധി 6 മാസം നീട്ടി സർക്കാർ ഉത്തരവ് ജി.ഒ 1444/2021 തീ.31.7.2021 പ്രകാരം ഉത്തരവായിട്ടുണ്ട് ആയതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകണമെന്ന് മറുപടി ലഭ്യമാക്കി.
കൊറോണ മൂലമുള്ള ലോക് ഡൗൺ ഏർപെടുത്തിയത് 2020 മാർച്ച് അവസാന വാരമാണ്. ഈ പ്രവൃത്തി പ്രസ്തുത തീയ്യതിക്ക് വർഷങ്ങൾ മുമ്പെ കരാർ വെച്ചതും പൂർത്തീകരിക്കേണ്ടിയിരുന്നതുമാണ്. ആയതിനാൽ മറുപടി സ്വീകാര്യമല്ല. പിഴ ഈടാക്കേണ്ടതാണ്.

## 1-25 നിലവിലുള്ള ഡ്രൈനേജ് പൊളിച്ച് നീക്കി പുതിയത് നിർമ്മിക്കൽ -അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി നിലവിലുള്ള ഡ്രൈനേജിന്റെ സൈഡ് വാൾ, സ്ലാബ് എന്നിവ പൊളിച്ച് നീക്കിയതിന് തെറ്റായ ഡാറ്റ പ്രകാരമുള്ള നിരക്ക് നൽകിയത് വഴി 172901 രൂപയുടെ അധിക ചെലവ് ഉണ്ടായി.

ഡ്രൈനേജിന്റെ സൈഡ് വാൾ, സ്ലാബ് എന്നിവ പൊളിച്ച് നീക്കിയതിന് DSR കോഡ് പ്രകാരമുള്ള ഡാറ്റ ഉപയോഗിച്ച് തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റ ആണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ റോഡ്, ഡ്രൈനേജ്, അനുബന്ധ പ്രവൃത്തികളെല്ലാം മോർത്ത് സ്പെസിഫിക്കേഷൻ പ്രകാരമാണ് നിർവ്വഹിക്കേണ്ടത്. ഡ്രൈനേജിന്റെ സൈഡ് വാൾ, സ്ലാബ് എന്നിവ പൊളിച്ച് നീക്കുന്നതിന് മോർത്ത് സ്പെസിഫിക്കേഷനിൽ പ്രത്യേക നിരക്ക് ഉള്ളതുമാണ്. സിമന്റ് കോൺക്രീറ്റിലുള്ള സൈഡ് വാൾ പൊളിച്ച് നീക്കുന്നതിന് മോർത്ത് സ്പെസിഫിക്കേഷൻ കോഡ് 2.5.2A പ്രകാരമുള്ള 523.14/ $M^3$ നിരക്കും, റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിലുള്ള സ്ലാബ് പൊളിച്ച് നീക്കുന്നതിന് മോർത്ത് സ്പെസിഫിക്കേഷൻ കോഡ് 2.5.2 B പ്രകാരമുള്ള 977.03/$m^3$ നിരക്കുമാണ് നൽകേണ്ടിയിരുന്നത്. ഈ എസ്റ്റിമേറ്റ് പ്രകാരമുള്ള മറ്റ് ഇനങ്ങളെല്ലാം നിർവ്വഹിച്ചത് മോർത്ത് സ്പെസിഫിക്കേഷൻ ഡാറ്റ പ്രകാരമാണ്.

അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I.

| ക്രമ നമ്പർ | പ്രവൃത്തി | ഇനം അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST അടക്കം |
|---|---|---|---|---|---|
| 1 | ചമ്മന്തി ഹോട്ടൽ - കളത്തിൽ പറമ്പ് ഡ്രയിനേജ് കം ഫൂട്പാത്ത് വാർഡ് 6(522/21) ബിൽ228/30.3.21 (ഫസ്റ്റ്പാർട്ട് ബിൽ) ഫൈനൽ ബിൽ തുക | ഇനം 9 ഡിമോളിഷിങ് സിമന്റ് കോൺക്രീറ്റ് 26.40$m^3$ | 31948 @1210.17/$m^3$ 11.1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക് 1361.27/$m^3$ | 12278 @ 465.07/$m^3$ 11.1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക് 523.14/ $M^3$ | 22030 19670+2360 |

| | | | | | |
|---|---|---|---|---|---|
| | (2021-22 ൽ നൽകിയത്) | | | | |
| | തുക 1677712<br>കരാർ 119/2.12.2019<br>കോൺട്രാക്ടർ ശ്രീ കെ.മൂസ്സ<br>അളവ് പുസ്തകം 104/20-21, 78/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | ഇനം 10 ഡിമോളിഷിങ്ങ് റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് $33m^3$ | 58261<br>@$1765.49/m^3$<br>11.1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക്<br>$1985.93/m^3$ | 28663<br>@<br>$868.58/m^3$<br>11.1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക്<br>977.03 $/M^3$ | 33150<br>(29598+3552) |
| 2 | ഫയർ സർവ്വീസിന് പിൻവശം ചൈന മുക്കിൽ ഡ്രയിൻ കം ഫൂട്പാത് വാർഡ് 48 (206/21)<br>ബിൽ 73/5.6.2020<br>തുക 685163<br>ബിൽ 223/26.3.2021 | ഇനം 3 ഡിമോളിഷിങ്ങ് സിമന്റ് കോൺക്രീറ്റ് $106.79m^3$ | 88793<br>@$831.47/m^3$<br>1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക്<br>$839.87/m^3$ | 55308<br>@ $517.91/m^3$<br>1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക്<br>523.14/ $M^3$ | 37503<br>(33485+4018) |
| | തുക 1593599<br>ബിൽ 241/30.3.2021<br>തുക 194578<br>കരാർ 79/5.11.2019<br>കോൺട്രാക്ടർ ശ്രീ കെ.വി ഫിറോസ്<br>അളവ് പുസ്തകം 107/20-21, 184/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | ഇനം 2 ഡിമോളിഷിങ്ങ് റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റ് $60.61m^3$ | 119164<br>@$1966.07/m^3$<br>1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക്<br>$1985.93/m^3$ | 58626<br>@<br>$967.26/m^3$<br>11.1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക്<br>977.03 $/M^3$ | 67803<br>(60538+7265) |
| 3 | പുതു പൊന്നാനി സെന്റർ ഡ്രൈനേജ് വാർഡ് 41 (206/21)<br>ബിൽ 226/26.3.21<br>തുക 777479<br>കരാർ | ഡിമോളിഷിങ്ങ് അബട്ട്മെന്റ് $35m^3$ | 29395<br>@$839.87/m^3$ | 18310<br>523.14/ $M^3$ | 12415<br>(11085+1330) |

| | | | | | |
|---|---|---|---|---|---|
| | 91/22.10.2020<br>കോൺട്രാക്ടർ ശ്രീ പ്രവീൺ. എസ്<br>അളവ് പുസ്തകം 149/21,<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| | ആകെ | | | 172901 | |

ക്രമനമ്പർ (3) അപാകത ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി 1 /2020-21/6.7.2022 നൽകിയതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള ഡാറ്റ തയ്യാറാക്കിയത് DAR 15.2.2 ഡാറ്റ മാറ്റം വരുത്താതെ മോർഡിലേക്ക് Convert ചെയ്തിട്ടാണ് എന്നും ഈ സൈറ്റിന് അനുയോജ്യമായ സ്പെസിഫിക്കേഷൻ ആയതിനാലാണ് ഇത് ഉപയോഗിച്ചതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

റോഡ്, ഡ്രൈനേജ്, അനുബന്ധ പ്രവൃത്തികളെല്ലാം മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് നിർവ്വഹിക്കേണ്ടത്. ഡ്രൈനേജിന്റെ സൈഡ് വാൾ, സ്ലാബ് എന്നിവ പൊളിച്ച് നീക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷനിൽ പ്രത്യേക നിരക്ക് ഉള്ളതാണ്. ഈ എസ്റ്റിമേറ്റ് പ്രകാരമുള്ള മറ്റ് ഇനങ്ങളെല്ലാം നിർവ്വഹിച്ചത് മോർഡ് സ്പെസിഫിക്കേഷൻ ഡാറ്റ പ്രകാരമാണ്. ഇക്കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

ക്രമ നമ്പർ 1, 2 എന്നിവക്ക് ഓഡിറ്റ് എൻക്വയറി നമ്പർ 25 /2020-21/16.7.2022 നൽകിയതിന് മറുപടി നൽകിയിട്ടില്ല.
അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. വിശദ വിവരത്തിന് ഖണ്ഡിക 3-1 കാണുക.

## 1-26 അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള പ്രവൃത്തികൾ – അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ നഗരസഭ ഓഫീസ് കെട്ടിട പൂർത്തീകരണം എന്ന പ്രവൃത്തി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപറേറ്റീവ് സൊസൈറ്റി എന്ന ഗവർമെന്റിതര നോൺ പി.എം.സി അക്രഡിറ്റഡ് എജൻസിക്കാണ് നൽകിയിട്ടുള്ളത്.

25.7.2017 ലെ GO(95/2017/FIN നമ്പർ ഉത്തരവ് പ്രകാരം ഗവൺമെന്റിതര നോൺ പി.എം.സി ആയ അക്രഡിറ്റഡ് എജൻസികളെ ടെണ്ടർ നടപടികൾ കൂടാതെ പ്രവൃത്തികൾ ഏൽപ്പിക്കുകയാണെങ്കിൽ അവർക്ക് കരാറുകാരന്റെ ലാഭ വിഹിതം അനുവദനീയമല്ല. 30.7.2014 ലെ GO(P) NO.311/2014/FIN ഉത്തരവ് പ്രകാരം പ്ലാനിങ്, ഡിസൈനിങ്, ടെണ്ടറിംഗ്, സൂപ്പർവൈസിംഗ് എന്നിവ ഉൾപ്പെടെ ചെയ്യുന്ന ഏജൻസിക്ക് മാത്രമെ സെന്റേജ് ചാർജ് അനുവദനീയമായിട്ടുള്ളൂ. ഈ പ്രവൃത്തിയിൽ ടെണ്ടറിംഗ് നടപടികൾ ഇല്ല. കൂടാതെ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയത് നഗരസഭ എഞ്ചിനീയറും ചെക്ക് മെഷർ ചെയ്തത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമാണ്. ആയതിനാൽ ഈ ഏജൻസിക്ക് സെന്റേജ് ചാർജിനും അർഹതയില്ല. ഈ ഉത്തരവുകൾ പ്രകാരം DSR ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ 5% ഓവർ ഹെഡ് ചാർജ് മാത്രമേ അക്രഡിറ്റഡ് എജൻസികൾക്ക് അനുവദനീയമായിട്ടുള്ളൂ. എന്നാൽ ഈ പ്രവൃത്തിയിൽ 7.5% തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

2. കൂടാതെ ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 18% GST കൂടി ഉൾപെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാറിന്റെ 21.9.2017 ലെ 24/2017 -Integrated Tax (Rate) നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം വാണിജ്യം, വ്യവസായം, കച്ചവടം, തൊഴിൽ എന്നീ ആവശ്യങ്ങൾക്കായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് മാത്രമാണ് 18% GST ഉള്ളത്. നഗരസഭ ഓഫീസ് ഈ ഗണത്തിലൊന്നും ഉൾപെടുന്നതല്ലാത്തതിനാൽ ഈ പ്രവൃത്തിക്ക് 12% GST മാത്രമേ അനുവദനീയമായിട്ടുള്ളൂ.

ഓഡിറ്റ് പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അക്രഡിറ്റഡ് ഏജൻസിക്ക് ബാക്കി തുക നൽകുമ്പോൾ നിയമാനുസൃതമായ തുക മാത്രമേ നൽകുന്നുള്ളൂ എന്ന് നഗരസഭ ഉറപ്പ് വരുത്തേണ്ടതുമാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി |
|---|---|
| 1 | നഗരസഭ ഓഫീസ് കെട്ടിട പൂർത്തീകരണം (426/21) സ്പിൽ ഓവർ പ്രൊജക്ട്<br>കരാറുകാരന്. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപറേറ്റീവ് |

| | |
|---|---|
| | സൊസൈറ്റി (R 1389) കരാർ 127/31.3.2018<br>ബിൽ 18150447000800127372/18.5.2018 തുക 1820000<br>ബിൽ 10/11.6.2020 തുക 1200000<br>(തനത് ഫണ്ടിൽ നിന്നും 1.11.2019 ൽ നൽകിയ തുക റീക്കുപ്പ് ചെയ്യുന്നതിനായി പിൻവലിച്ചത്)<br>കോസ്റ്റ് ഇൻഡക്സ് 37.25% |

ഏജൻസിക്ക് നൽകാനുള്ള തുകയുടെ വിശദാംശങ്ങൾ

| | |
|---|---|
| ആകെ മൂല്യ നിർണ്ണയം 5298603<br>ഇലക്ട്രിക്കൽ ബിൽ 408270<br>ആകെ 5706873<br>GST 18% 1027237<br>ആകെ 6734110<br>നൽകിയ തുക 3020000<br>ബാക്കി 3714110 | നല്കിയ തുക<br>മൊബിലൈസേഷൻ അഡ്വാൻസ് 1820000<br>ഒന്നാം പാർട്ട് ബിൽ 1200000<br>ആകെ 3020000 |

ഓഡിറ്റ് എൻക്വയറി 42/20-21/21.7.2022

## 1-27 ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ച് മാറ്റിയ പ്രതലത്തിൽ 1:3:6 സിമന്റ് കോൺക്രീറ്റ് ചെയ്യുതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റ പ്രകാരമുള്ള പ്രവൃത്തിയിൽ സെന്ററിംഗിനുള്ള നിരക്കും ഉൾപെടുന്നുണ്ട്. ഡ്രൈനേജിനായി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ മുഴവൻ നീളത്തിലും വീതിയിലുമായി സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് സെന്ററിംഗ് ആവശ്യമില്ലാത്തതിനാൽ സെന്ററിംഗിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ ഇനത്തിന് നിരക്ക് നൽകേണ്ടിയിരുന്നത്.

അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST അടക്കം |
|---|---|---|---|---|
| പുതു പൊന്നാനി സെന്റർ ഡ്രൈനേജ് വാർഡ് 41 (206/21)<br>ബിൽ 226/26.3.21<br>തുക 777479<br>കരാർ 91/22.10.2020<br>കോൺട്രാക്ടർ ശ്രീ പ്രവീൺ. എസ്<br>അളവ് പുസ്തകം 149/21,<br>കോസ്റ്റ് ഇൻഡക്സ് 31.06% | സിമന്റ് കോൺക്രീറ്റ് 21.15 $M^2$ | 147511<br>@6974.53/$m^3$ | 141838<br>@6706.27/$m^3$ | 6354<br>(5673+681) |
| ഫയർ സർവ്വീസിന് പിൻവശം ചൈന മുക്കിൽ ഡ്രയിൻ കം | 47.76 $M^3$ | 329771<br>@6904.75/$m^3$ | 317089<br>@6639.21/$m^3$ | 14204<br>(12682+1522) |

| | | | | |
|---|---|---|---|---|
| ഫൂട്പാത് വാർഡ് 48 (206/21)<br>ബിൽ 73/5.6.2020 തുക 685163<br>ബിൽ 223/26.3.2021 തുക 1593599<br>ബിൽ 241/30.3.2021 തുക 194578<br>കരാർ 79/5.11.2019<br>കോൺട്രാക്ടർ ശ്രീ കെ.വി ഫിറോസ്<br>അളവ് പുസ്തകം 107/20-21, 184/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | | 1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക്<br>@6974.53/$m^3$ | 1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക്<br>@6706.27/$m^3$ | |
| ഡ്രയിൻ, വിവിധ ഫൂട്പാത് വാർഡ് 47 (324/21)<br>ബിൽ 214/23.3.2021 തുക 999668<br>കരാർ 187/27.2.2020<br>കോൺട്രാക്ടർ ശ്രീ കെ.മൂസ്സ<br>അളവ് പുസ്തകം 193/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 15.258 $M^3$ | 106417<br>@6974.53/$m^3$ | 102324<br>@6706.27/$m^3$ | 4584<br>(4093+491) |
| | | | ആകെ | 25142 |

ഓഡിറ്റ് എൻക്വയറി 1/2020-21/6.7.2022, 5/2020-21/11.7.2022, 34/2020-21/20.7.2022 എന്നിവ നൽകിയതിന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. വിശദ വിവരത്തിന് ഖണ്ഡിക 3-2 കാണുക.

## 1-28 ടെണ്ടർ ബിലോ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികൾ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിലും കുറഞ്ഞ നിരക്കിലാണ് കരാറുകാർ ഏറ്റെടുത്തിരുന്നത്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി ബിൽ നൽകിയപ്പോൾ ടെണ്ടർ ബിലോ കുറവ് ചെയ്യാതിരുന്നത് കാരണം 64447 രൂപ അധികം നൽകാനിടയായി. അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | നൽകിയ തുക (12% GST | ടെണ്ടർ കുറവിന് ശേഷം നൽകാവുന്ന | അധികം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | ഉൾപെടെ) | തുക (12% GST ഉൾപെടെ) | |
| 1 | വലിയ വീട്ടിൽ വട്ടപ്പറമ്പിൽ ഫുട്പാത്ത് വാർഡ് 8 (107/21)<br>ബിൽ 207/23.3.21 തുക 275000<br>കരാർ 83/19.10.2020<br>കോൺട്രാക്ടർ ശ്രീ പി,ഷഹീർ<br>അളവ് പുസ്തകം 38/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 245536<br>(എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്തിയത്) | 275000 | 247225 | 27775 |
| 2 | കാക്കമ്പിള്ളി നടപ്പാത കോൺക്രീറ്റ് വാർഡ് 11 ( 375 /21)<br>ബിൽ 11/14.5.20 തുക 274280<br>കരാർ 99/8.11.2019<br>കോൺട്രാക്ടർ ശ്രീ പി,ഷഹീർ<br>അളവ് പുസ്തകം 87/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 244893<br>(എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്തിയത്) | 274280 | 246578 | 27702 |
| 3 | പടിഞ്ഞാറെ കണ്ടം മുതൽ കിഴക്കെ കണ്ടം വരെ കാന നിർമ്മാണം വാർഡ് 44 ( 526/21)<br>ബിൽ 131/3.12.2020 തുക 175878<br>കരാർ 96/7.11.2019<br>കോൺട്രാക്ടർ | 157034 | 175878 | 166908 | 8970 |

| | | | | | |
|---|---|---|---|---|---|
| | ശ്രീ എസ്. പ്രവീൺ<br>അളവ് പുസ്തകം 11/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| | ആകെ | | | | 64447 |

നൽകാവുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി |
|---|---|
| 1 | വലിയ വീട്ടിൽ വട്ടപ്പറമ്പിൽ ഫുട്പാത്ത് വാർഡ് 8 (107/21)<br>ആകെ മൂല്യ നിർണ്ണയം 245536<br>ടെണ്ടർ കുറവ് (10.1%) 24799<br>ആകെ 220737<br>12% GST 26488<br>നൽകാവുന്ന തുക 247225 |
| 2 | കാക്കമ്പിള്ളി നടപ്പാത കോൺക്രീറ്റ് വാർഡ് 11 ( /21)<br>ആകെ മൂല്യ നിർണ്ണയം 244893<br>ടെണ്ടർ കുറവ് (10.1%) 24734<br>ആകെ 220159<br>12% GST 26419<br>നൽകാവുന്ന തുക 246578 |
| 3 | പടിഞ്ഞാറെ കണ്ടം മുതൽ കിഴക്കെ കണ്ടം വരെ കാന നിർമ്മാണം വാർഡ് 44 ( 526/21)<br>ആകെ മൂല്യ നിർണ്ണയം 157034<br>ടെണ്ടർ കുറവ് (5.1%) 8009<br>ആകെ 149025<br>12% GST 17883<br>നൽകാവുന്ന തുക 166908 |

ഓഡിറ്റ് എൻക്വയറി 3/2020-21/6.7.2022 4/2020-21/7.7.2022, 11/2020-21/13.7.2022, ഓഡിറ്റ് എന്നിവ നൽകിയതിന് - തുക അടവാക്കുന്നതിനായി കരാറുകാരന് കത്ത് നൽകി തുക നഗരസഭ ഫണ്ടിൽ ഒടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

അധികം നൽകിയ തുക പ്രവൃത്തിയുടെ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദ വിവരത്തിന് ഖണ്ഡിക 3-3 കാണുക.

## 1-29 മൂല്യ നിർണ്ണയ തുകയിലും അധികരിച്ച തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ നടപ്പാത നിർമ്മാണം എന്ന പ്രവൃത്തിയുടെ ആകെ മൂല്യ നിർണ്ണയ തുക 401252 രൂപയാണ്. എന്നാൽ ഈ തുക 411877 രൂപ എന്ന് തെറ്റായി കണക്കാക്കി 12% നികുതി കൂടി ഉൾപെടുത്തിയാണ് കരാറുകാരന് ബിൽ തുക നൽകിയത്. അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | നൽകിയ തുക (12% GST | നൽകാവുന്ന തുക (12% GST | അധികം |
|---|---|---|---|---|

| | | ഉൾപ്പെടെ) | ഉൾപ്പെടെ) | |
|---|---|---|---|---|
| വിവിധ നടപ്പാത നിർമ്മാണം (127/21)<br>ബിൽ 175/13.3.21 തുക 461303<br>കരാർ 98/22.10.2020<br>കോൺട്രാക്ടർ ശ്രീ ദിലേഷ്. ടി.പി<br>അളവ് പുസ്തകം<br>കോസ്റ്റ് ഇൻഡക്സ് 31.06% | 401252 | 461303<br>11878+49425 | 449402<br>401252+48150 | 11901 |

ഓഡിറ്റ് എൻക്വയറി 2/2020-21/6.7.2022 ഓഡിറ്റ് എന്നിവ നൽകിയതിന്-മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദ വിവരത്തിന് ഖണ്ഡിക 3-4 കാണുക.

## 1-30 സെന്ററിങ് പ്രവൃത്തി - അധിക തുക നൽകി

1. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അമ്മഞ്ചേരി അമ്പലം റോഡ് പുനരുദ്ധാരണവും ഡ്രൈൻ നവീകരണവും എന്ന പ്രവൃത്തിയുടെ ഇനം 3 ആയി ഡ്രൈനേജിന്റെ സൈഡ് വാൾ കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തി ചെയ്തതിന് DSR 5.9.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഡ്രൈനേജ് വാളിന് വേണ്ടി എർത്ത് വർക്ക് ചെയ്ത് മണ്ണ് ഒഴിവാക്കിയിട്ടാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത് എന്നതിനാൽ ഫൗണ്ടേഷൻ പ്രവൃത്തിക്ക് ബാധകമായ DSR ഡാറ്റ 5.9.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഈ പ്രവൃത്തിക്ക് നൽകാവുന്നത്. ശരാശരി 0.30cm ഉയരം മാത്രമാണ് ഇവയുടെ ഉയരം വരുന്നത്. മാത്രമല്ല ലിന്റൽ, ബീം എന്നിവയുടെ സെന്ററിംഗ് പ്രവൃത്തിക്ക് ബാധകമായ- DSR 5.9.5- ഡാറ്റയിലും ഉയർന്ന നിരക്കാണ് 5.9.2 പ്രകാരമുള്ള ഡാറ്റയിൽ ഉള്ളത്. അത്രയൊന്നും മനുഷ്യാധ്വാനവും, മെറ്റീരിയൽസും ഈ പ്രവൃത്തിക്ക് ആവശ്യമില്ല എന്ന് വ്യക്തമാണ്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. ഈ പ്രവൃത്തിയുടെ ഇനം 6 ആയി ഡ്രൈനേജിന്റെ സ്ലാബ് കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തി ചെയ്തതിന് DSR 5.9.3 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. 5.9.3 പ്രകാരമുള്ള ഡാറ്റയിൽ മെയിൻ സ്ലാബ് കോൺക്രീറ്റിന് ഉപയോഗിക്കുന്ന അഡ്ജസ്റ്റബ്ൾ ടെലിസ്കോപിക്ക് പ്രോപ്പ്, സ്പാൻ എന്നിവ ഉപയോഗിക്കുന്നുണ്ട്. കേവലം 30cm മാത്രം ഉയരമുള്ള ഇവിടെ അവ ആവശ്യമില്ല എന്ന് വ്യക്തമാണ്. DSR ഡാറ്റ 5.9.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഈ പ്രവൃത്തിക്ക് നൽകാവുന്നത്.

അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| അമ്മഞ്ചേരി അമ്പലം റോഡ് പുനരുദ്ധാരണവും ഡ്രൈൻ നവീകരണണവും വാർഡ് 29 (333/21)<br>ബിൽ 92/3.12.20<br>തുക 730383<br>കരാർ 139/29.1.2019<br>കോൺട്രാക്ടർ ശ്രീ ടി.വി. ഷാലു<br>അളവ് പുസ്തകം 30/19-20<br>കോസ്റ്റ് ഇൻഡക്സ് 37.25% | ഇനം 3 സെന്ററിങ്ങ് (സൈഡ് വാൾ) 55.55 $M^2$ | 28865 @519.63/$m^3$ | 14787 @266.2/$m^3$ | 14078 |
| | ഇനം സെന്ററിങ്ങ് (സ്ലാബ്) 19.88 $M^2$ | 11523 @579.61/$m^3$ | 5292 @266.2/$m^3$ | 6231 |

ഓഡിറ്റ് എൻക്വയറി 23/2020-21/16.7.2022നൽകിയതിന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. വിശദവിവരത്തിന് ഖണ്ഡിക 3-5 കാണുക.

## 1-31 അസിസ്റ്റന്റ് എഞ്ചിനീയർ രേഖകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിലെ അപാകതകൾ

1. അസിസ്റ്റന്റ് എഞ്ചിനീയർ കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച 12.04.2006 ലെ GO(P) 177/2006/Fin നമ്പർ ഉത്തരവ് പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ പൊന്നാനി ശാഖയിൽ ഉള്ള അക്കൗണ്ടിൽ വരവ് വന്നതും പ്രസ്തുത അക്കൗണ്ടിൽ നിന്നും പിൻവലിച്ചതുമായ തുകകൾ ഏത് ആവശ്യങ്ങൾക്കാണെന്ന് വ്യക്തമാക്കുന്ന രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ കാഷ് ബുക്ക് സൂക്ഷിക്കാത്തതിനാൽ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണെന്ന് വ്യക്തമാവുന്നില്ല.
3. പ്രവൃത്തി ഫയലുകൾ വൗച്ചർ നമ്പർ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

4. പ്രവൃത്തി ഫയലുകൾ ടാഗ് ചെയ്ത് ക്രമപ്രകാരം അടുക്കിവെച്ച് സൂക്ഷിക്കാതെ അളവ് പുസ്തകത്തിനുള്ളിലും ഫയലിനകത്തും അലക്ഷ്യമായാണ് സൂക്ഷിക്കുന്നത്.

5. ചില പ്രവൃത്തി ഫയലുകളോടൊപ്പം അളവ് പുസ്തകങ്ങളും ബിൽ കോപ്പിയും ഉള്ളടക്കം ചെയ്തിട്ടില്ല.

6. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല.

ഓഡിറ്റ് എൻക്വയറി 24/20-21/16.7.22 എൻക്വയറി നൽകിയതിന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-32 അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് -കൃത്യമായ കണക്കില്ല

മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പൊന്നാനി ശാഖയിൽ (ചന്തപ്പടി) ഉള്ള 67103971015 നമ്പർ അക്കൗണ്ടിൽ, പരിശോധനക്ക് ലഭ്യമാക്കിയ പത്രിക പ്രകാരം 25.6.2022ൽ 4549712.25രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. 1.4.2019 മുതൽ 4.7.22വരെ യുള്ള പത്രികയാണ് ബാങ്ക് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത അക്കൗണ്ട് വിവരം വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടുണ്ടെങ്കിലും നീക്കിയിരിപ്പ് തുക പൂജ്യമാണ്. കൂടാതെ ഇത്രയും വലിയ തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ കണക്കിൽ അവശേഷിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപെടുത്തേണ്ടതും ആണ്.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച 12.04.2006 ലെ GO(P) 177/2006/Fin നമ്പർ ഉത്തരവ് പ്രകാരം നോൺ ബാങ്കിംഗ് ട്രഷറികളിൽ മാത്രമെ നിർവഹണോദ്യോഗസ്ഥർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളൂ. തുടർന്ന് ധനവകുപ്പിന്റെ 27.01.2017 ലെ 6/2017 നമ്പർ സർക്കുലർ പ്രകാരം ഡ്രോയിംഗ് &ഡിസ്ബേർസിംഗ് ഓഫീസർമാർക്ക് ആവശ്യമെങ്കിൽ പലിശ ലഭിക്കാത്ത ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇതല്ലാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി അല്ലാത്ത നിർവഹണോദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾ ചട്ടം 38(3) പ്രകാരം ചെക്ക് നൽകേണ്ടത് പണം യഥാർത്ഥത്തിൽ ആർക്കാണ് നൽകേണ്ടത് അയാളുടെ പേരിലായിരിക്കണം എന്നും വ്യക്തമായി നിർദ്ദേശിക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മരാമത്ത് പ്രവൃത്തികൾക്കുള്ള തുക അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ടിലേക്ക് ചെക്ക് വഴി നൽകുകയും പിന്നീട് അസിസ്റ്റന്റ് എഞ്ചിനീയർ ഈ തുകയിൽ നിന്ന് ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം എന്നിവ കിഴിച്ച് കരാറുകാർക്ക് നൽകുന്ന തെറ്റായ നടപടിക്രമമാണ് നഗരസഭ തുടർന്ന് വരുന്നത്. അതിനാൽ കിഴിവുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കാതിരുന്ന വകയിലും, റീടെൻഷൻ, പ്രൊജക്റ്റ് തനത് വിഹിതം നൽകൽ തുടങ്ങിയ കാരണങ്ങളാലുമാണ് ഇത്രയും വലിയ തുക അക്കൗണ്ടിൽ അവശേഷിക്കാനിടയായത് എന്ന് മനസ്സിലാവുന്നു.

മുനിസിപ്പൽ എഞ്ചിനീയർ അടിയന്തിരമായി കാഷ് ബുക്ക് എഴുതി തുടങ്ങുകയും അതിൽ ബാങ്ക് അക്കൗണ്ടിലെ തുകയും ഉൾപെടുത്തി നീക്കിയിരിപ്പ് കാണിക്കുകയും ബാധ്യത കിഴിച്ചുള്ള തുക നഗരസഭയിലേക്കോ സർക്കാരിലേക്കോ എന്ന് കണക്കാക്കി ഒടുക്കുകയും ബാങ്ക് അക്കൗണ്ട് മാസാവസാനം തുക അവശേഷിക്കാത്ത രീതിയിൽ ക്രമീകരിക്കേണ്ടതുമാണ്.

അതേ പോലെ 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾ ചട്ടം 38(3) പ്രകാരം ചെക്ക് നൽകേണ്ടത് പണം യഥാർത്ഥത്തിൽ ആർക്കാണ് നൽകേണ്ടത് അയാളുടെ പേരിലായിരിക്കണം എന്ന ചട്ടം കർശനമായി

പാലിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി 12/20-21/13.7.2022 നൽകിയതിന് കാഷ് ബുക്ക് എഴുതി അതിൽ ബാങ്ക് അക്കൗണ്ടിലെ തുകയും ഉൾപെടുത്തി നീക്കിയിരിപ്പ് കാണിക്കുകയും ബാധ്യത കിഴിച്ചുള്ള തുക നഗരസഭയിലേക്കോ സർക്കാരിലേക്കോ എന്ന് കണക്കാക്കി ഒടുക്കുകയും ബാങ്ക് അക്കൗണ്ട് മാസാവസാനം തുക അവശേഷിക്കാത്ത രീതിയിൽ ക്രമീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-33 നിലവിലുള്ള കോൺക്രീറ്റ് നടപ്പാത പൊളിച്ചെടുത്ത് പുതിയ റോഡ് നിർമ്മിക്കൽ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ റോഡ് പ്രവൃത്തികളുടെ ഭാഗമായി നിലവിലുള്ള സിമന്റ് കോൺക്രീറ്റ് റോഡ് 0.05m, 0.075m 0.15m കനത്തിൽ പൊളിച്ചെടുക്കുന്നുണ്ട്. ശേഷം മണ്ണ് ഫില്ലിംഗ്, ക്വാറി മക്ക് ഫില്ലിംഗ് എന്നിവക്ക് ശേഷം വീണ്ടും 15cm കനത്തിൽ ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ച് സിമന്റ് കോൺക്രീറ്റ് ചെയ്ത് പുതിയ റോഡ് നിർമ്മിച്ചിട്ടുണ്ട്. മഴവെള്ളം കെട്ടി നിൽക്കുന്നതിനാൽ ഗതാഗത യാത്രാ സൗകര്യം പ്രയാസമേറിയതിനാലാണ് ഈ പ്രവൃത്തി നിർവ്വഹിക്കുന്നതെന്നാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ പ്രവൃത്തികൾ സംബന്ധിച്ച് ചുവടെ കാണിച്ച പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. നിലവിലുള്ള കോൺക്രീറ്റ് റോഡ് നിർമ്മിച്ച വർഷം, ആസ്തി രജിസ്റ്ററിൽ പ്രസ്തുത റോഡ് ഉൾപ്പെട്ടതിന്റെ രേഖകൾ എന്നിവ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

2. ജില്ലയിലെ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇത്തരം റോഡുകൾ 0.075m കനത്തിൽ റീ കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതിനാണ് പ്രൊജക്ടുകൾ രൂപീകരിക്കുന്നത്. ഇവിടെ അപ്രകാരം റീ കോൺക്രീറ്റ് ചെയ്ത് ഗതാഗത യോഗ്യമാക്കുന്നത് പരിഗണിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. മിക്ക പ്രവൃത്തികളിലും ശരാശരി 0.05m, 0.075m കനത്തിലാണ് നിലവിലുള്ള സിമന്റ് കോൺക്രീറ്റ് പൊളിച്ചെടുക്കുന്നത്. എന്നാൽ 3 പ്രവൃത്തികളിൽ 0.15m കനത്തിൽ റോഡ് പൊളിച്ചെടുത്തിട്ടുണ്ട്. റോഡ് നിർമ്മാണത്തിന് വേണ്ടി സിമന്റ് കോൺക്രീറ്റ് ചെയ്യാറുള്ളത് 15cm കനത്തിൽ ആണ്. നിലവിലുള്ള കോൺക്രീറ്റ് റോഡ് 15cm കനത്തിൽ പൊളിച്ചെടുത്തതിൽ നിന്ന് റോഡിന് കേടുപാടുകൾ ഇല്ല എന്ന് വ്യക്തമാണ്. കേടുപാടുകൾ ഇല്ലാത്ത റോഡ് പൊളിച്ചെടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

0.15m കനത്തിൽ റോഡ് പൊളിച്ചെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം അളവ് | നൽകിയ തുക |
|---|---|---|
| മുല്ല റോഡിൽ വിവിധ നടപ്പാത കോൺക്രീറ്റ് (257/21)<br>ബിൽ 217/24.3.21 തുക 862270<br>കരാർ 111/22.10.2020<br>കോൺട്രാക്ടർ ശ്രീ കെ.വി.ഫിറോസ്<br>അളവ് പുസ്തകം 145/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | ഡിമോളിഷിങ് സിമന്റ് കോൺക്രീറ്റ്<br>100.24 $M^3$ | 72654<br>@724.80/$m^3$<br>എസ്റ്റിമേറ്റ് പ്രകാരം നിരക്ക്<br>@839.87/$m^3$ |
| വിവിധ റോഡ് കോൺക്രീറ്റ് പൂർത്തീകരണം (410/21)<br>ബിൽ 93/4.12.20 തുക 248133<br>കരാർ 182/20.2.2020<br>കോൺട്രാക്ടർ ശ്രീ കെ.വി.ഫിറോസ്<br>അളവ് പുസ്തകം 135/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 9.64 $M^3$ | 8096<br>@839.87/$m^3$ |
| ഹിദായത്ത് കോളനി റോഡ് കോൺക്രീറ്റ് (427/21)<br>ബിൽ 18/14.5.20 തുക 420000<br>കരാർ 144/6.1.2020 | 40.35$m^3$ | 33889<br>@839.87/$m^3$ |

| | | |
|---|---|---|
| കോൺട്രാക്ടർ ശ്രീ കെ.വി.ഫിറോസ്<br>അളവ് പുസ്തകം 115/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | | |
| | ആകെ | 1,14,639 |

അപാകത ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി 15 /2020-21/14.7.2022 നൽകിയതിന് – ടി റോഡുകൾ 15 വർഷം മുമ്പ് നിർമ്മിച്ചവയാണ്, പൊട്ടിപൊളിഞ്ഞവയാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് , DAR വരുന്നതിന് മുമ്പുള്ള റോഡ് ആയതിനാൽ 17 Cm കനം ഉണ്ടെന്നും മറുപടി ലഭ്യമാക്കി. ആകെ 17cm ൽ പൊളിഞ്ഞ ഭാഗം കഴിഞ്ഞ് ബാക്കി 15cm ആണ് പൊളിച്ചെടുത്തതെന്നും അല്ലാത്ത പക്ഷം റോഡ് ക്രമാതീതമായി പൊങ്ങുകയും അടുത്തുള്ള വീടുകളുടെ മുറ്റം താഴ്ന്ന് പോകുമെന്നും മറുപടിയിൽ ഉണ്ട്.
ആകെ 17cm ൽ കേവലം 2cm മാത്രമാണ് പൊളിഞ്ഞ് പോയിട്ടുള്ളത് എന്ന് മറുപടിയിൽ വ്യക്തമാണ്. 2cm കനത്തിൽ റീ കോൺക്രീറ്റ് ചെയ്താൽ തീരുന്ന തകരാർ മാത്രമാണുള്ളതെന്നിരിക്കെ റോഡ് ഒന്നാകെ പൊളിച്ച് കളഞ്ഞ് പുതിയത് നിർമ്മിച്ച് നഗരസഭയുടെ വലിയൊരു തുക നഷ്ടപ്പെടുത്തിയത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ ഇനത്തിൽ ചെലവഴിച്ച തുക അംഗീകരിക്കുന്നില്ല. അധിക തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-34 കുടിവെള്ള വിതരണ പദ്ധതി (641/21) - അപാകതകൾ

ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കുടിവെള്ള വിതരണ പദ്ധതി (641/21) എന്ന പ്രൊജക്ട് പ്രകാരം നഗരസഭയിലെ ജലക്ഷാമം രൂക്ഷമായ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി നടപ്പിലാക്കിയ പദ്ധതിക്കായി 2020-21 ഓഡിറ്റ് കാലയളവിൽ ആകെ 1886490 രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ ശ്രീ. മുഹമ്മദ് അമീൻ പുളിക്കൽ ഹൗസ് (60 പൈസ/ലിറ്റർ),ശ്രീ. രാജു പി.വി (39 പൈസ/ലിറ്റർ)എന്നീ രണ്ട് പേരെയാണ് കുടിവെള്ള വിതരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുടിവെള്ള വിതരണം നടത്തിയ GPS സംവിധാനം ഉള്ള വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 02.03.2019 ലെ സ.ഉ.(സാധാ) 500/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ള വിതരണം നടത്തിയ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് വാർഡ് കൗൺസിലർ, വില്ലേജ് ഓഫീസർ എന്നിവർ കൂടി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ട്രിപ്പ് ഷീറ്റ് ഹാജരാക്കാത്തതിനാൽ അപ്രകാരം സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താനായിട്ടില്ല.

2. അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഇ ടെണ്ടർ നടപടി സ്വീകരിക്കണമെന്ന് Go(ms)No.13/2015 /ITD/12.05.2015 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ 16,50,000 രൂപ ചെലവഴിക്കാൻ അനുമതി ഉള്ള മേൽ പ്രവൃത്തി ഇ-ടെണ്ടർ ചെയ്തിട്ടില്ല.

3. ദുരന്തനിവാരണ വകുപ്പിന്റെ സർക്കുലർ നം. ഡി.എം.ബി.-2/32/2019/ഡി.എം.ഡി/20-03-2019 പ്രകാരം, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കുടിവെള്ളം വിതരണം ചെയ്തതിനുള്ള തുക റിക്കൂപ്പ് ചെയ്ത് ലഭിക്കണമെങ്കിൽ ജില്ലാ കലക്ടറുടെ മുൻകൂർ അനുമതി ലഭ്യമാകേണ്ടതുണ്ട്. അപ്രകാരം അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.
4. പരിശോധനക്ക് ലഭ്യമാക്കിയ പ്രൊജക്ട് കോപ്പി, സുലേഖ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ചെലവ് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാരം പദ്ധതിയുടെ അടങ്കൽ തുക 7,00,000 രൂപയും (ഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ചെലവ് 6,99,090 രൂപയുമാണ്. എന്നാൽ പദ്ധതിക്കായി ഈ വർഷം തനത് ഫണ്ടിൽ നിന്ന് 11,87,400 രൂപ കൂടി ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ചലവ് കണക്കുകളിൽ ഉൾപെട്ടിട്ടില്ല. പ്രൊജക്ട് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

ചെലവ് വിവരം ചുവടെ ചേർക്കുന്നു.
ഫയൽ H1-4283/20

| ക്രമ നമ്പർ | വിതരണം ചെയ്ത തീയ്യതി | അളവ് | ചെക്ക് നമ്പർ തുക | തുക |
|---|---|---|---|---|
| 1 | 20.4.2020 – 10.5.2020 | 823000 ലിറ്റർ | 5159643/16.920 | 493800 |

| | | | | |
|---|---|---|---|---|
| 2 | 11.5.2020-31.5.2020<br>14.6.2020 – 31.7.2020 | 104800 ലിറ്റർ<br>108000 ,, | 12413/15.10.2020 | 693600 |
| 3 | 5.2.2021 – 26.2.2021 | ലഭ്യമല്ല | ട്രഷറി ബിൽ തീയ്യതി 26.3.2021 | 367200 |
| 4 | 22.2.2021 – 23.3.2021 (ശ്രീ. രാജ്ഞ. പി.വി) | ,, | 29.3.2021 | 331890 |

മറ്റ് അപാകതകൾ

1. നിർവ്വഹണ ഉദ്യോഗസ്ഥൻ കാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച 12.04.2006 ലെ GO(P) 177/2006/Fin നമ്പർ ഉത്തരവ് പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. ക്രമ നമ്പർ 3,4 എന്നിവ പ്രകാരം നൽകിയ തകയുമായി ബന്ധപ്പെട്ട് എത്ര ലിറ്റർ വെള്ളം വിതരണം ചെയ്തു എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി 44/2020-21/21.7.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

## 1-35 യഥാസമയം കരാർ ഒപ്പ് വെക്കാത്തവരിൽ നിന്ന് പിഴ ഈടാക്കിയില്ല

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിച്ചതായ അറിയിപ്പ് നോട്ടീസ് (സെലക്ഷൻ നോട്ടീസ്) കൈപ്പറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കരാർ ഒപ്പ് വെക്കണമെന്നും, 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി -മിനിമം 1000 പരമാവധി 25000 -കരാർ വെക്കാം എന്നും കേരള പൊതു മരാമത്ത് മാന്വൽ ഖ. 2009-6 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയ്യതി നോട്ടീസ് കൈപറ്റിയ തീയ്യതിയായി കണക്കാക്കുന്നതാണ് എന്നും ഖണ്ഡികയിൽ ഉണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ നിശ്ചിത ദിവസത്തിനകം കരാർ വെച്ചിട്ടില്ല. കരാറുകാരിൽ നിന്ന് 1% പിഴ ഈടാക്കാതെ കരാർ ഒപ്പ് വെച്ചതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം 1% പിഴ ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | സെലക്ഷൻ നോട്ടീസ് തീയ്യതി | കരാർ വെച്ച തീയ്യതി | പിഴ |
|---|---|---|---|---|
| 1 | മക്കോരം വീട്ടിൽ പ്രമോജിന്റെ വീട് മുതൽ കക്കാട് ഗോപാലൻ വീട് വരെ കാന നിർമ്മാണം രണ്ടാം റീച്ചും, വാര്യത്ത് പടി റോഡ് കാന നിർമ്മാണവും. (331/21)<br>ബിൽ 48/19.5.2020തുക 532915<br>കരാർ 108/16.11.2018 തുക 1322928.12<br>കോൺട്രാക്ടർ ശ്രീ ദിലീഷ്.ടി.പി | 20.8.2018 | 16.11.2018 | 13229 |
| 2 | ഈഴവതിരുത്തി ആയുർവ്വേദ ആശുപത്രി റോഡ് പുനരുദ്ധാരണം (409/21)<br>ബിൽ 57/20.5.2020 തുക 925064 | 17.9.2019 | 16.10.2019 | 8330 |

| | | | | |
|---|---|---|---|---|
| | കരാർ 73/16.10.2019 തുക 833033.638<br>കോൺട്രാക്ടർ ശ്രീ പി. മൊയ്തീൻകുട്ടി | | | |
| 3 | വിവിധ റോഡുകളുടെ പുനരുദ്ധാരണം വാർഡ് 18-35 (548/21) ബിൽ 222/24.3.2021തുക 2668248<br>ബിൽ 169/13.3.2021 തുക 1433326<br>കരാർ 142/6.1.2020 തുക 3700087.76<br>കോൺട്രാക്ടർ ശ്രീ. ടി.വി ഷാജേഷ് | 22.10.2019 | 6.1.2020 | 25000 (പരമാവധി തുക) |

കുറിപ്പ്

1. ക്രമ നമ്പർ 1 പ്രകാരമുള്ള പ്രവൃത്തിയുടെ നോട്ട് ഫയലിലും, എഗ്രിമെന്റ് പേപ്പറിലും ബിൽ തുകയിൽ നിന്ന് 1% പിഴ ഈടാക്കണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്.

2. ക്രമ നമ്പർ 3 പ്രകാരമുള്ള പ്രവൃത്തിക്ക് കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സമർപ്പിച്ച ശ്രീ ടി.വി ഷാജേഷ് മേൽ പറഞ്ഞ പ്രവൃത്തി കഴിഞ്ഞ വർഷത്തെ പ്രൊജക്ട് ആണ്, ഇത് എനിക്ക് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയില്ല എന്നത് കൊണ്ട് ഈ പ്രവൃത്തിയിൽ നിന്ന് എന്നെ ഒഴിവാക്കി തരണമെന്ന് കാണിച്ച് 15.11.2019 തീയ്യതി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് താങ്കൾ ഇത് വരെ കരാർ ഉടമ്പടി ഒപ്പ് വെക്കുകയോ, പ്രവത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല എന്നും, ഈ അറിയിപ്പ് 5 ദിവസത്തിനുള്ളിൽ കരാർ ഒപ്പ് വെച്ച് പ്രവൃത്തി ആരംഭിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം താങ്കൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതും കരിമ്പട്ടികയിൽ ഉൾപെടുത്തുമെന്നും പ്രസ്തുത വിവരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് , ഇറിഗേഷൻ വകുപ്പ് മേധാവികൾക്ക് റിപ്പോർട്ട് നൽകുമെന്നും 10.12.2019 ലെ ഇ1-17521/19 നമ്പർ കത്തിലൂടെ ശ്രീ. ഷാജേഷിനെ അറിയിച്ചിരുന്നു.

കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്ന വിഷയം കൗൺസിലിന്റെ പരിഗണനക്കായി 18.12.2019ൽ ഇ1-17521/19 ആയി സമർപ്പിച്ചിട്ടുമുണ്ട്. കൗൺസിൽ ഇതിന്മേൽ തീരുമാനം എടുത്തിട്ടില്ല.

ഓഡിറ്റ് എൻക്വയറി 39/19-20/20.1.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ തുക പ്രവൃത്തിയുടെ ബിൽ അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

## 1-36 കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്തില്ല – EMD, SD ഫോർഫീറ്റ് ചെയ്ത വിവരം ലഭ്യമാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികൾ ടെണ്ടർ നടപടികൾ മുഖേന ശ്രീ. മുഹമ്മദ്കുട്ടി. S, ശ്രീ. മുഹമ്മദ് സമീർ എന്നീ കരാറുകാർ ഏറ്റെടുക്കുകയും കരാർ വെക്കുകയും ചെയ്തിരുന്നു. എന്നാൽ രണ്ട് കരാറുകാരും ഏറ്റെടുത്ത പ്രവൃത്തികൾ നിർവ്വഹിക്കുകയുണ്ടായില്ല.

തുടർന്ന് നഗരസഭ കൗൺസിലിന്റെ 12.12.2019 ലെ 29-ാം നമ്പർ തീരുമാന പ്രകാരം ശ്രീ മുഹമ്മദ് കുട്ടിയുടെയും, 19.2.2020 ലെ 29-ാം നമ്പർ തീരുമാന പ്രകാരം ശ്രീ മുഹമ്മദ് സമീറിന്റെയും നഷ്ടോത്തരവാദിത്വത്തിൽ കരാറുകൾ റദ്ദ് ചെയ്യുന്നതിനും പ്രവൃത്തികൾ റീ ടെണ്ടർ ചെയ്യുന്നതിനും നഗരസഭ തീരുമാനിച്ചു.

ഭരണ സമിതി തീരുമാനം നടപ്പിലാക്കിയതിന്റെയും കരാറുകാരൻ പ്രവൃത്തികൾക്കായി സമർപ്പിച്ച EMD, സെക്യൂരിറ്റി നിക്ഷേപം എന്നിവ ഫോർഫീറ്റ് ചെയ്തതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
ഫയൽ A1-5500/07
കരാറുകാരൻ . ശ്രീ മുഹമ്മദ്കുട്ടി. S

| ക്രമ നമ്പർ | പ്രവൃത്തി |
|---|---|
| 1 | CITU പുഴ റോഡ് റീ സർഫേസിങ് ( 501/21) കരാർ 185/8.3.2019 തുക 566516<br>റീ ടെണ്ടർ പ്രകാരം കരാർ ഏറ്റെടുത്തത് ശ്രീ.എ.വി.മൂസ്സക്കുട്ടി തുക 600000<br>അധിക ചെലവ് 33484 |
| 2 | ഗുലാബ് നഗർ കനാൽ റോഡ് റീ സർഫേസിങ് വാർഡ് 11 |

| | |
|---|---|
| | കരാർ 183/8.3.2019<br>തുക 727847<br>റീ ടെണ്ടർ പ്രകാരം കരാർ ഏറ്റെടുത്തത് ശ്രീ.എ.വി.മൂസ്സക്കുട്ടി<br>തുക 755033<br>അധിക ചെലവ് 27186 |
| 3 | പുത്തൻകുളം മുതൽ MTUP സ്കൂൾ റോഡ് ഇന്റർലോക്കിങ് സൈഡ് കോൺക്രീറ്റ് വാർഡ് 36 |
| 4 | വിവിധ നടപ്പാത നിർമ്മാണം വാർഡ് 28 |
| 5 | കക്കൊള്ളിക്കാവ് റോഡ് കം ഡ്രൈനേജ് റീ സർഫേസിങ് വാർഡ് 29 |

കരാറുകാരൻ. ശ്രീ മുഹമ്മദ് സമീർ

| | |
|---|---|
| 1 | അലിയാർ പള്ളിയുടെ തെക്ക് ഭാഗം നാസറിന്റെ വീടിനടുത്ത് ഇന്റർലോക്ക്<br>വാർഡ് 48 |
| 2 | പറമ്പിൽ ഉമ്മർ വീട് മുതൽ മജീദ് വീട് വരെ ഇന്റർലോക്ക്<br>വാർഡ് 51 |
| 3 | ആര്യൻ നഗർ മുതൽ പറമ്പത്ത് മനോജ് വീട് വരെ ഡ്രയിൻ സ്ലാബ്<br>വാർഡ് 30 |

കുറിപ്പ്

1. ക്രമ നമ്പർ 1, 2 എന്നിവ പ്രകാരമുള്ള പ്രവൃത്തികൾ റീ ടെണ്ടർ ചെയ്തത് വഴി മാത്രം നഗരസഭക്ക് യഥാക്രമം 33,484 രൂപ, 27,186 രൂപ ഉൾപെടെ ആകെ 60,670 രൂപ അധിക ചെലവുണ്ടായി.

2. അഞ്ച് പ്രവൃത്തികൾ നിർവ്വഹിക്കാനായി കരാർ വെച്ച് പിന്നീട് ഒഴിവായിട്ടും ഇതേ കരാറുകാരന് തന്നെ വീണ്ടം നഗരസഭയുടെ പ്രവൃത്തി ഏൽപിച്ച് നൽകിയിട്ടുണ്ട്.

പ്രവൃത്തി :- ലൈറ്റ് ഹൗസ് മുൻവശം ഇന്റർലോക്കീങ് വാർഡ് 51 (313/21). കരാർ 188/2.3.2020

9-ാം നമ്പർ അംഗൻവാടി പൂർത്തീകരണം (430/21) കരാർ 189/2.3.20

ഓഡിറ്റ് എൻക്വയറി 36/2020-21/20.7.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

## 1-37 ടെണ്ടർ ഫോം വില നഗരസഭക്ക് ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോം വില നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്.

ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവുള്ളതാണ്. നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ഉണ്ടെങ്കിലും ടെണ്ടർ ഫോം വില പ്രസ്തുത അക്കൗണ്ടിൽ ലഭ്യമാകുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം 2020-21 വർഷത്തിൽ 72 പ്രവൃത്തികളിൽ നിന്നായി ആകെ 4,51,700 രൂപ ഇ - ടെണ്ടർ ഫീസ് ഇനത്തിൽ നഗരസഭക്ക് ലഭ്യമാവാനുണ്ട്.

നഗരസഭയുടെ തനത് വരുമാനമായ ഈ തുക മറ്റൊരു സ്ഥാപനത്തിന്റെ അക്കൗണ്ടിലാണ് നിലവിലുള്ളത്. ആയത് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി 27/2020-21/18.7.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-38 അളവ് പുസ്തകം പരിശോധനക്ക് ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയ അളവ് പുസ്തകം ലഭ്യമാക്കിയിട്ടില്ല, ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ബിൽ നമ്പർ / ചെക്ക് നമ്പർ | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | മുറിഞ്ഞഴി കാന നിർമ്മാണം രണ്ടാം ഘട്ടം<br>വാർഡ് 46 (410/21)<br>കരാർ 110/26.11.2019<br>കോൺട്രാക്ടർ ശ്രീ പദ്മനാഭൻ. ഇ.പി<br>അളവ് പുസ്തകം 119/19-20 | 23/14.5.20<br>91/9.12.20 | 490760<br>994142 |
| 2 | മാവേലി കോളനി ഡ്രൈനേജും നടപ്പാത കോൺക്രീറ്റും വാർഡ് 8 (505/21)<br>കരാർ 84/5.11.2019<br>കോൺട്രാക്ടർ ശ്രീ. ശ്രീധരൻ.പി<br>അളവ് പുസ്തകം 58/19-20 | 13/3.12.20 | 405502 |
| 3 | 12-ാം നമ്പർ അംഗൻവാടി പൂർത്തീകരണം<br>വാർഡ് 42 (429/21)<br>ബിൽ കരാർ 143/6.1.2020<br>കോൺട്രാക്ടർ ശ്രീ. രാജേഷ് കുമാർ<br>അളവ് പുസ്തകം 151/19-20 | 55/19.5.20 | 591469 |
| 4 | വിവിധ സ്ഥലങ്ങളിൽ ഇന്റർ ലോക്കിങ്<br>വാർഡ് 35 (516/21)<br>കരാർ 157/4.2.2020<br>കോൺട്രാക്ടർ എവറസ്റ്റ് ബിൽഡേഴ്സ്<br>അളവ് പുസ്തകം 21/20-21 | ചെക്ക് 855383/22.3.2021<br>ചെക്ക് 855384/27.3.2021 | 500000<br>356325 |
| 5 | മഹർഷി കുളങ്ങര ക്ഷേത്രം മുതൽ കുട്ടുങ്ങൽ ചന്ദ്രൻ വീട് വരെ റീ കോൺക്രീറ്റ്<br>വാർഡ് 23 (388/21)<br>കരാർ 59/3.10.2019<br>കോൺട്രാക്ടർ ശ്രീ ഷാലു<br>അളവ് പുസ്തകം 40/19-20 | 46/19.5.20 | 803271 |
| 6 | വാർഡ് 50ലെ ഡ്രൈൻ നിർമ്മാണം (322/21)<br>കരാർ 154/21.12.2019 കോൺട്രാക്ടർ പി.എം.ആർ എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് അളവ് പുസ്തകം 154/19-20 | 151/4.12.20 | 2420699 |
| 7 | ചെമ്പന്റെ അഷ്റഫ് വീട് മുതൽ തീപ്പെട്ടി കമ്പനി വരെ ഇന്റർലോക്ക് വാർഡ് 51<br>കരാർ 29/28.9.2019<br>കോൺട്രാക്ടർ കെ.പി. കുഞ്ഞിമോൻ ഹാജി<br>അളവ് പുസ്തകം 71/19-20 | 30/14.5.20 | 348316 |
| 8 | വിവിധ റോഡ് കോൺക്രീറ്റ്<br>വാർഡ് 22<br>കരാർ 23/23.6.2019<br>കോൺട്രാക്ടർ എ.വി മൂസ്സക്കുട്ടി<br>അളവ് പുസ്തകം 75/20-21 | 159/16.3.21 | 808796 |
| 9 | വിവിധ റോഡുകളുടെ പുനരുദ്ധാരണം വാർഡ് 18-35 (548/21)<br>കരാർ 142/6.1.2020<br>കോൺട്രാക്ടർ ശ്രീ ടി.വി ഷാജേഷ്<br>അളവ് പുസ്തകം 34/20-21 | 222/24.3.21<br>169/13.3.21 | 2668248<br>1433326 |

| | | | |
|---|---|---|---|
| 10 | 9-ാം നമ്പർ അംഗൻവാടി പൂർത്തീകരണം<br>വാർഡ് 50 (430/21)<br>കരാർ 189/2.3.2020<br>കോൺട്രാക്ടർ ശ്രീ മുഹമ്മദ്കുട്ടി.എസ്<br>അളവ് പുസ്തകം 155/19-20 | 114/4.12.20 | 449557 |
| 11 | 77-ാം നമ്പർ അംഗൻവാടി കെട്ടിട നിർമ്മാണവും ചുറ്റുമതിലും<br>വാർഡ് 7 (525/21)<br>കരാർ 130/2.3.2019<br>കോൺട്രാക്ടർ ശ്രീ സി.വി അബ്ദുൽ ലത്തീഫ്<br>അളവ് പുസ്തകം നമ്പർ ലഭ്യമായില്ല | 194/13.3.2021 | 963512 |
| | | ആകെ | 13233923 |

രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 13233923 രൂപ തടസ്സം ചെയ്യുന്നു. ക്രമ നമ്പർ 1, 11 എന്നിവയുടെ അളവ് പുസ്തകം കൂടാതെ ബിൽ കോപ്പി (കോൺട്രാക്ട് സർട്ടിഫിക്കറ്റ് ) ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി 41 /2020-21/21.7.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-39 സെക്രട്ടറിയുടെ ചെലവുകൾക്ക് വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾസ് 2007 9 (2) പ്രകാരം ഇടപാടുകൾക്കാധാരമായ എല്ലാ രേഖകളുടെയും ആമുഖപത്രമായി വൗച്ചർ വെയ്ക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം വെയ്ക്കുകയോ വൗച്ചർ ക്രമനമ്പർ പ്രകാരം അവ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ചെലവ് രേഖകൾ ക്രമപ്രകാരം ചിട്ടപ്പെടുത്തി സൂക്ഷിക്കാത്തത് ഗുരുതര വീഴ്ചയാണ്. അക്കൗണ്ട്സ് റൂൾസിലെ നിർദ്ദേശങ്ങൾ പാലിച്ചും വ്യവസ്ഥാപിതമായി ക്രമപ്പെടുത്തിയും ചെലവ്രേഖകൾ സൂക്ഷിക്കാത്തത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇടപാടുകൾക്കാധാരമായ വൗച്ചറുകൾ സൂക്ഷിക്കുന്നതിൽ അക്കൗണ്ട്സ് റൂൾ 9 (1) മുതൽ (5) വരെ വിവരിച്ചത് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

## 1-40 ഭരണാനുമതിയും എസ്റ്റിമേറ്റുമില്ലാതെ കെ.എസ്.ഇ.ബി യുടെ ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക അടവാക്കുന്നു

2020-21 സാമ്പത്തിക വർഷം രണ്ട് പ്രൊജക്ടുകളിലായി കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ പൊന്നാനിക്ക് 14.89 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി.

പ്രൊജക്ട് 630/21 – 10 ലക്ഷം രൂപ. (ചെക്ക് നം. 137783/26.3.21)

പ്രൊജക്ട് 436/21 – 4.89ലക്ഷം രൂപ.( ചെക്ക് നം.456769/31.3.21)
ഫയൽ നമ്പർ ഇ1-4250/21

നിർവ്വഹണം – സെക്രട്ടറി

വിവിധ റോഡുകളുടെ പ്രവൃത്തികൾക്ക് തടസ്സം നിൽക്കുന്ന പോസ്റ്റുകളുടെ ഷിഫ്റ്റിംഗ് പ്രവൃത്തികൾക്കായി നഗരസഭ തുക വകയിരുത്തിയിട്ടുള്ളതാണെന്നും ആയതിന് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനും ആവശ്യമായ നടപടികൾക്കായി കെ.സ്.ഇ.ബി യോട് ആവശ്യപ്പെടുകയും ചെയ്തെങ്കിലും കെ.എസ്.ഇ.ബി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയോ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയോ ചെയ്യാതെയാണ് സാമ്പത്തിക വർഷാവസാനം നഗരസഭാ സെക്രട്ടറി ഇത്തരത്തിൽ തുക കൈമാറിയത്. മാത്രവുമല്ല, മുൻകാലങ്ങളിൽ സമാന പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ നീക്കിയിരിപ്പ് തുകകൾ അഡ്ജസ്റ്റ് ചെയ്യാതെയുമാണ് ഇത്തരത്തിൽ വീണ്ടും പണം അടവാക്കുന്നതെന്ന് നോട്ട് ഫയലിൽ വ്യക്തമാണ്. കെ.എസ്.ഇ.ബിയുടെ എസ്റ്റിമേറ്റും ഭരണാനുമതിയില്ലാതെ പണം നിക്ഷേപിക്കുന്നത് വിവിധ വർക്കുകൾക്കായി മാറ്റുന്നത് ബുദ്ധിമുട്ടാണെന്നും എസ്റ്റിമേറ്റുകൾക്ക് സമാനമായി മാത്രം പണം നിക്ഷേപിക്കേണ്ടതാണെന്നും കെ.എസ്.ഇ.ബി നഗരസഭയെ അറിയിക്കുകയുമുണ്ടായി.

നഗരസഭയുടെ വാർഷിക പദ്ധതി തുക ചെലവഴിക്കുന്നതിന് ഇപ്രകാരം പണമടവാക്കുന്നത് പണം പ്രവൃത്തി നടത്താതെ മുടങ്ങിക്കിടക്കുന്നതിന് കാരണമാവുന്നു. മേൽ പ്രൊജക്ടുകൾക്കായി തുക അടവാക്കിയതിന്റെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 13/20-21/14.07.22 നമ്പർ അന്വേഷണക്കുറിപ്പിന് നഗരസഭ ആവശ്യപ്പെടുന്ന മുറക്ക് ഡെപ്പോസിറ്റ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യണമെന്ന് കാണിച്ച് കെ.എസ്.ഇ.ബിക്ക് കത്ത് നൽകിയിട്ടുള്ളതാണെന്നും വിനിയോഗ സാക്ഷ്യപത്രം നൽകുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമായില്ല എന്നും

അറിയിച്ചു. ടി തുകയിൽ നിന്നും 26 പ്രവൃത്തികൾ പൂർത്തിയാക്കിയതായി നഗരസഭ അറിയിച്ചു. എന്നാൽ കെ.എസ്.ഇ.ബിയിൽ നിന്നുള്ള പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. എസ്റ്റിമേറ്റ് അനുസരിച്ച് മാത്രം തുക അടവാക്കേണ്ടതാണ്.

## 1-41 ലൈബ്രറി സെസ്സ് അടവാക്കാതെ തനതു വരുമാനമായി കണക്കാക്കി ചെലവഴിക്കുന്നു

2019-20, 2020-21 വർഷങ്ങളിലെ വാർഷിക കണക്കുകൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിലെ തുകകളുടെ വിവരം താഴെ പറയും പ്രകാരമാണ്.

2019-20

2018-19 വാർഷിക കണക്കുകൾ പ്രകാരം അടവാക്കാനുള്ളത്- 20,32,932 രൂപ

2019-20 വരവ് – 6,55,863 രൂപ

ലൈബ്രറി കൗൺസിലിന് അടവാക്കിയത്- 16,80,093 രൂപ

ബാക്കി- 10,08,702രൂപ

2020-21 ലെ വരവ് 8,70,099രൂപ

അടവാക്കിയത് 8,92,167രൂപ

31.3.2021 ന് ബാക്കി - 9,86,634രൂപ

സർക്കുലർ നം.17263/L3/തസ്വഭവ തി.29.12.2000 പ്രകാരം ഓരോ അർദ്ധ വർഷവും കഴിഞ്ഞ് 30 ദിവസത്തിനകം ലൈബ്രറി സെസ് അടവാക്കേണ്ടതാണ്. The Kerala Decentralisation Of Power Act (Act 16 Of 2000) സെക്ഷൻ 358(3) പ്രകാരം ഈടാക്കിയ തുക 3 മാസത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ 2% പിഴ ഒടുക്കേണ്ടതും സെക്രട്ടറി/ചെയർപേഴ്സണും അത്തരത്തിലുള്ള വൈകലിന് ബാധ്യസ്ഥരായിരിക്കുന്നതുമാണ്. ലൈബ്രറി സെസ്സ് അടവാക്കുന്നത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ഈയിനത്തിൽ പിരിച്ചെടുത്ത മുഴുവൻ തുകയും അടവാക്കുന്നതിന് നീക്കിയിരിപ്പ് ഇല്ലാത്തതിനാൽ ഭാഗികമായി മാത്രം അടവാക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ലൈബ്രറി സെസ്സ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക മറ്റാവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. ലൈബ്രറി സെസ് യഥാസമയം അടവാക്കാൻ ശ്രദ്ധിക്കേണ്ടതും അടവാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ 14/20-21/14.07.22 നമ്പർ എൻക്വയറിക്ക് സാംഖ്യയിൽ നിന്നും ലഭിക്കുന്ന Account Head Wise Consolidation Report പ്രകാരം 2018-19 വർഷത്തിൽ ലൈബ്രറി സെസ്സ് ഇനത്തിലുള്ള 8,92,167 രൂപയാണ് ലൈബ്രറി കൌൺസിലിലേക്ക് തെറ്റായി അടവാക്കിയിരുന്നത് എന്നും 2022-23 ഒന്നാം അർദ്ധവർഷം മുതൽ മുഴുവൻ തുകയും ലൈബ്രറി കൗൺസിലിലേക്ക് അവാക്കുന്നതാണെന്ന് അറിയിച്ചു. അടവു വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-42 താൽക്കാലിക മുൻകൂറുകൾ തുകകൾ ക്രമീകരിച്ചില്ല

ഒരു പ്രത്യേക ആവശ്യത്തിന് വേണ്ടി താൽക്കാലികമായി അനുവദിച്ച മുൻകൂർ തുകകൾ പ്രസ്തുത ആവശ്യത്തിന് വേണ്ടി ചെലവഴിച്ച് മൂന്ന് മാസത്തിനുള്ളിൽ വിശദമായ ബില്ലുകളും വൗച്ചറുകളും ഹാജരാക്കി ക്രമീകരിക്കേണ്ടതുണ്ട്. അപ്രകാരം ക്രമീകരിക്കാത്തവ 18% പിഴപലിശ ഒറ്റ തവണയായി തിരിച്ചു പിടിക്കേണ്ടതാണ്. (കെ.എഫ്.സി വോള്യം 1 ആർട്ടിക്കിൾ 99).

നഗരസഭയുടെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷത്തിൽ അനുവദിച്ച താഴെ പറയുന്ന മുൻകൂറുകൾ നാളിതുവരെയും ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമ നം | മുൻകൂർ അനുവദിച്ച തിയ്യതി | തുക | ഫയൽ നമ്പർ | കൈപ്പറ്റിയ ആൾ |
|---|---|---|---|---|
| 1 | 14.5.20 | 4,000 | E3-503/07 | സഫീർ |
| 2 | 21.5.20 | 50,000 | H1-5623/20 | മോഹനൻ ജെ.എച്ച്.ഐ |
| 3 | 28.7.20 | 50,000 | ,, | അനിരുദ്ധൻ , ഓവർസിയർ |
| 4 | 28.7.20 | 18000 | P1-8769/20 | പ്രിയ.വി.ടി സീ.ക്ലർക്ക് |
| 5 | 24.8.20 | 12000 | Onam Advance | മോഹനൻ ജെ.എച്ച്.ഐ |
| 6 | 17.9.20 | 50,000 | G2-350/20 | ബിനേഷ്.സി.പി സീ.ക്ലർക്ക് |

| | | | | |
|---|---|---|---|---|
| 7 | 30.10.20 | 50,000 | G5-15138/20 | അശോകൻ, ക്ലർക്ക് |
| 8 | 10.12.20 | 8,00,000 | G2-350/20 | ബിനേഷ്.സി.പി സീ.ക്ലർക്ക് |
| 9 | 22.12.20 | 4,00,000 | G2-350/20 | ബിനേഷ്.സി.പി സീ.ക്ലർക്ക് |
| 10 | 19.1.21 | 5000 | G5-18747/20 | അശോകൻ, ക്ലർക്ക് |
| 11 | 27.1.21 | 50,000 | E1-18312/19 | അശോകൻ, ക്ലർക്ക് |
| 12 | 26.2.21 | 15,000 | R1-210/18 | ഷാഹിത,സീ.ക്ലർക്ക് |
| 13 | 9.3.21 | 75,000 | A1-18704/20 | രമ, സീ.ക്ലർക്ക് |
| | ആകെ | 1579000 | | |

മുൻകൂറുകൾ ക്രമീകരിച്ചതിന്റെയോ തിരിച്ചടവാക്കിയതിന്റെയോ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 1-43 കേരള വാട്ടർ അതോറിറ്റി വെള്ളക്കരമിനത്തിൽ ഭീമമായ കുടിശ്ശിക അവശേഷിക്കുന്നു. കുടിശ്ശിക വിവരം വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല

2020 -21 വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് പ്രകാരം വെള്ളക്കരമിനത്തിൽ നഗരസഭയ്ക്ക് യാതൊരു ബാധ്യതയും അവശേഷിക്കുന്നില്ല. എന്നാൽ നഗരസഭ വെള്ളക്കരം അടവാക്കുന്ന ഫയൽ പരിശോധിച്ചതിൽ പിഴയോടു കൂടി പൊതുവാട്ടർ ടാപ്പുകളുടെ വാട്ടർചാർജ് കുടിശ്ശികയിനത്തിലും 1.2.2020 ലെ തൻമാസ വാട്ടർ ചാർജിനത്തിലും കൂടി 10,82,01,127 രൂപ അടവാക്കണം എന്ന് കാണിച്ച് കേരള വാട്ടർ അതോറിറ്റി KWA PH ഡിവിഷൻ എടപ്പാൾ AB2-1304/04 Vol III Dt 22.2.20 കത്തയച്ചിട്ടുണ്ട്. നോട്ട് ഫയലിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്. (നോട്ട് ഫയൽ തീയതി 22.2.20- നോട്ട് ഫയൽ പേജുകൾ ക്രമ നമ്പരിട്ട് സൂക്ഷിക്കുന്നില്ല.).

ഇതിന്റെ തുടർച്ചയായി 5.3.20 ന് ഇക്കാര്യം ചർച്ച ചെയ്യുന്നതിന് യോഗം വിളിച്ചുചേർക്കാൻ ചെയർമാൻ നിർദ്ദേശിച്ചു. 5.3.20ന് ഇത്രയും വലിയ തുക ഒറ്റ തവണയായി അടക്കുന്നതിന് നഗരസഭയ്ക്ക് സാധ്യമല്ല എന്നും ബിൽ പ്രകാരമുള്ള തുക സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതായും നഗരസഭാ സെക്രട്ടറി കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർക്ക് ജി5- 7092/02 തീയതി 5.3.20 കത്തിൽ അറിയിച്ചു. ഏതു കാലയളവു മുതലുള്ള കുടിശ്ശികയാണെന്ന വിശദമായ ബില്ല് അയച്ചുതരുന്നതിലും പിഴപ്പലിശ ഒഴിവാക്കി ബില്ലിൽ പരമാവധി ഇളവ് വരുത്തുന്നതിനും നടപടി ആവശ്യപ്പെട്ടു.

1-7-2017 മുതൽ 29-7-2017 വരെ നടത്തിയ സംയുക്ത പരിശോധനയിൽ 1158 പൊതു ടാപ്പുകൾ ഉള്ളതായി വ്യക്തമാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി ഡിമാൻഡ് ചെയ്ത കുടിശ്ശിക നിലനിൽക്കെ തന്നെ അതാത് മാസങ്ങളിലെ വെള്ളക്കരം നഗരസഭ അടവാക്കി വരുന്നുണ്ട്.

നഗരസഭാ സെക്രട്ടറിയുടെ 12.8.21ലെ ജി-5-7092/21 നമ്പർ കത്തിന് മറുപടിയായി 26-10-2021ൽ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ നഗരസഭക്ക് അയച്ച കത്തിൽ 2008ൽ അനുവദിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 31.8.2028 ൽ അടവാക്കേണ്ടിയിരുന്ന 5,86,05658 രൂപയിൽ 2,61,39,471 രൂപയായി കുറവ് ചെയ്തതായും ആയത് താഴെ പറയും പ്രകാരം അടവാക്കിയിരുന്നതായും അറിയിച്ചു.

2009 - 10 52,27,894 രൂപ

2010 -11 52,27,894 രൂപ

2011-12 84,01,495 രൂപ

2012-13 72,82,188 രൂപ ആകെ 2,61,39,471 രൂപ.

ഇതു പ്രകാരം OTS അനുവദിച്ചപ്പോൾ 31-3-2008 ന് നിലവിലുണ്ടായിരുന്ന ബാക്കി തുക പൂർണമായി ഒഴിവാക്കിയിട്ടുള്ളതാണ് എന്ന് കേരള വാട്ടർ അതോറിറ്റി നഗരസഭയെ അറിയിച്ചിട്ടുണ്ട്.

1.4.2008 മുതൽ 31.10.2021 വരെ കുടിശ്ശിക 15,55,17,218 രൂപയാണ് എന്നും വിവിധ കാലയളവിൽ ഇതിൽ 4,52,98,617 രൂപ അടവാക്കിയെന്നും ബാക്കി അടവാക്കുവാനും ആവശ്യപ്പെട്ടു.

പൊതു ടാപ്പുകളുടെ പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കൃത്യമാക്കുന്നതിലും നഗരസഭ കൊടുക്കാനുള്ള കുടിശ്ശിക തുക സംബന്ധിച്ച് കൃത്യമായ അന്തിമ തീരുമാനം ഉണ്ടായതായോ അപ്രകാരം കണക്കാക്കിയത് നഗരസഭ വാട്ടർ അതോറിറ്റിക്ക് കൊടുത്തു തീർക്കാനുള്ള ബാധ്യതയാണെങ്കിൽ അത് കൃത്യതപ്പെടുത്തിയതായോ കാണുന്നില്ല. വാർഷിക കണക്കിൽ ഈ ബാധ്യത ഉൾക്കൊള്ളിച്ചിട്ടുമില്ല. കുടിശ്ശിക അടവാക്കുന്നതിന് സ്വീകരിച്ച നടപടികളും ആയത് നഗരസഭയുടെ ബാധ്യതയായതിനാൽ കണക്കുകളിൽ ഉൾപ്പെടുത്താത്തത് ആസ്തി ബാധ്യതകളുടെ കൃത്യമായി വിവരം

മനസ്സിലാക്കുന്നതിന് തടസ്സമാകുന്നു. ഇക്കാര്യത്തിൽ നഗരസഭയുടെ മറുപടി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 37/20-21/20.7.22 ന് മറുപടി ലഭ്യമാക്കിയില്ല).

## 1-44 തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി-നിർവ്വഹണത്തിലെ അപാകതകൾ

ഫയൽ ഇ.1-11645/19

നിർവ്വഹണം – സെക്രട്ടറി

2020-21 വർഷത്തിൽ തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി നഗരസഭ ടെണ്ടർ നടപടികളിലൂടെ ശ്രീ.ഷിനോജ് തേറയിൽ എന്നയാൾക്ക് കരാർ അനുവദിച്ചു. ടെണ്ടർ നടപടിയിൽ ഒരു പോസ്റ്റിന് ഒരു വർഷത്തേക്ക് ജി.എസ്.ടി ഉൾപ്പെടെ 347 രൂപ എന്ന നിരക്ക് ക്വാട്ട് ചെയ്തത് മുൻവർഷത്തേക്കാളും കൂടിയ നിരക്ക് ആയതിനാൽ നെഗോഷിയേഷനിലൂടെ 335 രൂപയായി കുറവ് ചെയ്താണ് 10.8.20ന് കരാറിലേർപ്പെട്ടത്. കരാറിലെ 1,8,9 നമ്പർ വ്യവസ്ഥകൾ താഴെ പറയും പ്രകാരമാണ്.

1. പോസ്റ്റ് 1 ന് ഒരു വർഷക്കാലയളവിൽ അറ്റകുറ്റപ്പണി 335 രൂപ നിരക്കിൽ നടത്തേണ്ടതാണ്.

8. റിപ്പയറിന് ശേഷം ബന്ധപ്പെട്ട വാർഡ് കൌൺസിലർമാരുടെ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറക്ക് 70%, കരാർ കാലാവധി പൂർത്തിയാകുന്ന മുറക്ക് ബാക്കി 30% തുക നൽകണം.

9.ജി.എസ്.ടി ക്വട്ടേഷൻ വ്യവസ്ഥ പ്രകാരം മുനിസിപ്പാലിറ്റി വഹിക്കുന്നതാണ്.

പ്രസ്തുത എ.എം.സി ക്ക് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

1. 2556 പോസ്റ്റുകൾക്ക് 335 രൂപ നിരക്കിൽ .856260 രൂപ.

ഐ.ടി 1% - 8563 കുറവു ചെയ്ത ശേഷം- 847697.

വൌച്ചർ. 22001693,ചെക്ക്. 5159679/22.12.20- 5,00,000 രൂപ

വൌച്ചർ. 22001694,ചെക്ക്. 5159680/22.12.20- 3,47,697 രൂപ

2.1195 പോസ്റ്റുകൾക്ക് 335 രൂപ നിരക്കിൽ - 400375 രൂപ.

ഐ.ടി 1% - 4003 കുറവു ചെയ്ത ശേഷം- 396372 രൂപ

വൌച്ചർ. 2200065,ചെക്ക്. 013143/19.04.21- 396372 രൂപ

3.1416 പോസ്റ്റുകൾക്ക് 335 രൂപ നിരക്കിൽ 474360 രൂപ

(-)ടി.ഡി.എസ് 2% 9487

(-) ഐ.ടി 1% - 4744 കുറവു ചെയ്ത ശേഷം- 460129 രൂപ

വൌച്ചർ. 22100566,ചെക്ക്. 5928432/6.8.21

4.1553 പോസ്റ്റുകൾക്ക് 335 രൂപ നിരക്കിൽ 520255 രൂപ

(-)ടി.ഡി.എസ് 2% 10406 രൂപ

(-) ഐ.ടി 1% - 5203 കുറവു ചെയ്ത ശേഷം-

(-) 2% റിപ്പിറ്റേഷൻ വർക്ക് ഡിഡക്ഷൻ 10405 രൂപ-

വൌച്ചർ. 22101031,ചെക്ക്.006315/10.4.21 - 494241 രൂപ

ആകെ പോസ്റ്റുകൾ- 6720

ആകെ ചെലവു തുക- 2251250 രൂപ

AMC നടത്തിപ്പിൽ താഴെ പറയുന്ന പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ 43/20-21/21.7.22 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1.ടെണ്ടർ ക്ഷണിക്കുന്നതിന് മുമ്പ് നഗരസഭാ പരിധിയിലുള്ള ആകെ പോസ്റ്റുകളുടെ എണ്ണം കണക്കാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

2.എത്ര പോസ്റ്റുകളിലെ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനാണ് ടെണ്ടർ വിളിച്ച് കരാറിലേർപ്പെട്ടത് എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

3.ആകെ തെരുവു വിളക്കുകളുടെ എണ്ണം, ഗ്യാരണ്ടി പിരീഡിൽ ഉള്ള തെരുവു വിളക്കുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കേണ്ടതാണ്.

4.2% റിപ്പിറ്റേഷൻ വർക്ക് എന്ന നിലയിൽ 10405 രൂപ കരാറുകാരനിൽ നിന്ന് ഈടാക്കിയതിന്റെ മാനദണ്ഡം

വ്യക്തമാക്കേണ്ടതാണ്.

5. കരാറിൽ അറ്റകുറ്റപ്പണി നടത്തുന്നതിന് ആകെ എത്ര പോസ്റ്റുകളാണ് എന്ന് വ്യക്തമാക്കിയിട്ടില്ല. ആകെ 6720 അറ്റകുറ്റ പണിക്കായി 2251250 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത്രയും പോസ്റ്റുകൾ ഉള്ളതായി യാതൊരു കണക്കും ഫയലിൽ ഇല്ല. ഒരേ പോസ്റ്റിൽ തന്നെ വീണ്ടും അറ്റകുറ്റപണി നടത്തിയിട്ടില്ല എന്ന് വ്യക്തമാക്കുന്നതിന് പോസ്റ്റ് നമ്പറോ എന്തെങ്കിലും സ്റ്റേറ്റ്മെന്റോ ഫയലിൽ ഇല്ല.

6.റിപ്പയർ ചെയ്യതായി സാക്ഷ്യപത്രങ്ങളോ ആയത് വെരിഫൈ ചെയ്യതായുള്ള രേഖകളോ ഇല്ല.

7.ആദ്യ രണ്ട് ബില്ലുകളിൽ ടി.ഡി.എസ് പിടിക്കാതെ തുക നല്കി.

8.കരാർ പ്രകാരം 70%, 30% എന്നിങ്ങനെ പാർട്ടായി തുക നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ തുക നൽകുന്നതിൽ വ്യവസ്ഥ പാലിച്ചിട്ടില്ല.

9.ആകെ പോസ്റ്റുകളുടെ എണ്ണം കണക്കാക്കി ആകെ കരാർ തുക നിജപ്പെടുത്തി കരാർ വ്യവസ്ഥ പ്രകാരം പാർട്ടായി നൽകാതെ നഗരസഭക്ക് അനുഗുണമല്ലാത്ത രീതിയിൽ നടപ്പാക്കിയിരിക്കുന്നു.

10.വ്യവസ്ഥ പ്രകാരം തിരിച്ചേൽപിച്ച സാധനങ്ങൾ, അറ്റകുറ്റപ്പണിക്കായി കരാറുകാരന് നൽകിയ സാധനങ്ങൾ എന്നിവയുടെ വിവരം ഫയലിൽ ഇല്ല.ആയതിന്റെ രജിസ്റ്ററുകളും ലഭ്യമാക്കിയില്ല.

11.നഗരസഭ പ്രദേശത്തെ തെരുവു വിളക്കുകളുടെ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല.

രജിസ്റ്ററുകളും രേഖകളും സഹിതം പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.43/20-21/21-7-22 ന് മറുപടി ലഭിച്ചിട്ടില്ല. ഈ കരാറിൽ ഫയൽ പ്രകാരം ആകെ ചെലവ് 22,51,250 രൂപയാണ്. 2020-21 സാമ്പത്തിക വർഷത്തിൽ 8,56,260 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. മറുപടിയുടെ അഭാവത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ചെലവഴിച്ച 8,56,260 രൂപ തടസ്സം ചെയ്യുന്നു.
(ചെക്ക്. -, 5159679/22.12.20, 5159680/22.12.20).

## 1-45 PMAY- വീടു പണി പൂർത്തീകരിക്കാത്തത്

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം കരാറിൽ ഏർപ്പെട്ട 155 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി ധനസഹായം നൽകിയിട്ടും നാളിതു വരെ വീടു പണി പൂർത്തീകരിച്ചിട്ടില്ല.

ഓഡിറ്റ് തിയ്യതി വരെയുള്ള കണക്കുകൾ പ്രകാരം വിവിധ ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന എണ്ണം ഗുണഭോക്താക്കൾ വീടുപണി പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്.

ഒന്നാം ഗഡു കൈപ്പറ്റിയവർ 24 പേർ
രണ്ടാം ഗഡു കൈപ്പറ്റിയവർ 40 പേർ
മൂന്നാം ഗഡു കൈപ്പറ്റിയവർ 91 പേർ

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.( 47/20-21 /22.07.22 നമ്പർ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-46 ഉപയോഗിക്കാത്ത തുകകൾ തിരിച്ചടവാക്കാത്തത്

2020-21 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം ഐ.എച്ച്.എസ്.ഡി.പി അക്കൌണ്ടിൽ (കേരള ഗ്രാമീൺ ബാങ്ക് അക്കൌണ്ട് 118982) 16,04,588 രൂപ ബാക്കിയുണ്ട്. കേന്ദ്ര,സംസ്ഥാന പദ്ധതികൾക്ക് അനുവദിക്കുന്ന തുകകളിൽ ബാക്കി വരുന്ന തുക തിരിച്ചടക്കാതെ ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമുള്ള നടപടിയല്ല. നീക്കിയിരിപ്പ് തുക തിരിച്ചടവാക്കി അറിയിക്കേണ്ടതാണ്.

## 1-47 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ- പൂർത്തീകരണ രേഖകളില്ല

2020-21 സാമ്പത്തിക വർഷം വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി നഗരസഭ കെ.എസ്.ഇ.ബി പൊന്നാനി/ ഇഴുവത്തിരുത്തി സെക്ഷനുകളിൽ താഴെ പറയും പ്രകാരം തുക അടവാക്കിയിട്ടുണ്ട്. എന്നാൽ ഏത് ഇലക്ട്രിക് പോസ്റ്റാണ് മാറ്റി സ്ഥാപിച്ചതെന്നും പ്രസ്തുത ആവശ്യത്തിന് തുക ചെലവഴിച്ചതായുള്ള കെ.എസ്.ഇ ബി യുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഹാജരാക്കേണ്ടതാണ്.

അടവാക്കിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ.നം | ഫയൽ | തുക | വൌച്ചർ/ചെക്ക് | വാർഡ് |
|---|---|---|---|---|
| 1 | E1-15341/20 | 49924 | 22001853/27.2.21 | 33 |
| 2 | E1-1399/21 | 7164 | 012976/3.3.21 | 23 |

| | | | | |
|---|---|---|---|---|
| 3 | E1-2449/21 | 31733 | 22002290/5.3.21 | 12 |
| 4 | E1-2708/21 | 10763 | 22002293/5.3.21 | 14 |
| 5 | E1-1089/21 | 44053 | 22002315/5.3.21 | 12 |
| 6 | E1-1087/21 | 4910 | 22002294/5.3.21 | 36 |
| 7 | E1-1532/21 | 7593 | 22002291/5.3.21 | 26 |
| 8 | E1-2156/21 | 40429 | 013225/3.3.21 | 40 |
| 9 | E1-12327/20 | 18949 | 22002292/5.3.21 | 8 |
| 10 | E1-13118/20 | 29097 | 22001198/13.10.20 | 17 |
| 11 | E1-15986/20 | 26200 | 22001738/4..121 | എരത്തറ റോഡ് |
| 12 | E1-15505/20 | 7659 | 22001738/4.1.21 | 28,32 |
| 13 | E1-18878/20 | 9848 | 22001785/15.1.21 | 3 |
| 14 | E1-13262/20 | 5243 | 22001847/27.1.21 | 42 |
| 15 | E1-4242/20 | 69119 | 22001878/10.2.21 | 41 |
| 16 | E1-1535/21 | 22732 | 22002295/5.3.21 | 32 |
| 17 | E1-2504/20 | 15884 | 22002490/22.3.21 | 15 |
| | ആകെ | 4,01,300 | | |

വിനിയോഗ സാക്ഷ്യപത്രങ്ങളും വിശദാംശങ്ങളും ലഭ്യമാക്കുന്നതുവരെ ചെലവ് തുക 4,01,300 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-48 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി മതിയായ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനായില്ല

2020-21 സാമ്പത്തിക വർഷം അംഗീകരിക്കപ്പെട്ട ആക്ഷൻ പ്ലാൻ അനുസരിച്ച് 2,72,443 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ ലക്ഷ്യമിട്ടുവെങ്കിലും 41,337 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുവാൻ മാത്രമേ നഗരസഭക്ക് കഴിഞ്ഞുള്ളൂ. 8,13,57,000 രൂപ അടങ്കലിൽ പദ്ധതികൾ അംഗീകരിച്ചതിൽ 1,22,17,909 രൂപ മാത്രമാണ് ചെലവഴിക്കാനായത്. 51 വാർഡുകളുള്ള നഗരസഭയിൽ പദ്ധതി നടത്തിപ്പിനായി ഒരു ഓവർസിയറുടെയും ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെയും സേവനം മാത്രമാണ് ലഭ്യമായത് എന്നതും കോവിഡ് വ്യാപനം സൃഷ്ടിച്ച നിയന്ത്രണങ്ങളും ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായി.

## 1-49 ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ-പൊതു ടാപ്പുകൾ കുറച്ചു കൊണ്ടു വരാൻ നടപടികൾ ആവശ്യമാണ്

നഗരസഭ അവസാനമായി വാട്ടർ അതോറിട്ടിയുമായി ചേർന്ന് നടത്തിയ 7/2017 ലെ സംയുക്ത പരിശോധനയിൽ 1158 പൊതുടാപ്പുകളാണ് മുനിസിപ്പൽ പ്രദേശത്ത് ഉള്ളത്. നഗരസഭ അതിന്റെ വെള്ളക്കരം അടവാക്കുന്നുണ്ട്. 2019-20 , 2020-21 വർഷങ്ങളിൽ നഗരസഭ നടപ്പാക്കിയ ഗാർഹിക കുടിവെള്ള കണക്ഷന് സബ്സിഡി നൽകുന്ന പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. ഈ പ്രൊജക്ടുകളിലായി താഴെ പറയും പ്രകാരം ആകെ 558 ഗാർഹിക കണക്ഷനുകൾക്ക് സബ്സിഡി നൽകിയിട്ടുണ്ട്.

2019-20

പ്രൊജക്ട് 533/20-12,70,000 രൂപ 254 ഗാർഹിക കണക്ഷന് 5000 രൂപ വീതം

പ്രൊജക്ട് 434/21- 4,80,000 രൂപ 96 ഗാർഹിക കണക്ഷന് 5000 രൂപ വീതം

പ്രൊജക്ട് 407/21- 4,90,000 രൂപ 98 ഗാർഹിക കണക്ഷന് 5000 രൂപ വീതം

പ്രൊജക്ട് 13/21- 5,50,000 രൂപ 110 ഗാർഹിക കണക്ഷന് 5000 രൂപ വീതം

ആകെ 558 കണക്ഷന് 27,90,000 രൂപ.

ഈ പ്രൊജക്ടുകളിലായി 558 കണക്ഷനുകൾ നൽകിയെങ്കിലും പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിലുള്ള ചെലവിന് യാതൊരു കുറവും ഉണ്ടായിട്ടില്ല. ഇപ്പോഴും 1158 പൊതുടാപ്പുകൾക്ക് നഗരസഭ വെള്ളക്കരം അടവാക്കുന്നുണ്ട്. ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന മുറക്ക് പൊതുടാപ്പുകൾ കുറച്ച് സബ്സിഡി നൽകുന്നതിന്റെ ലക്ഷ്യം നേടുന്നതിന് നഗരസഭ നടപടികൾ സ്വീകരിക്കുന്നില്ല. സംയുക്ത പരിശോധന നടത്തി ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ കൈക്കൊള്ളണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-50 ഓഫീസിലേക്ക് ഫർണിച്ചർ- രേഖകൾ ഹാജരാക്കിയില്ല,ചെലവ് തടസ്സം ചെയ്യുന്നു

നഗരസഭ സെക്രട്ടറി നിർവ്വഹണം നടത്തിയ മുനിസിപ്പൽ ഓഫീസിലേക്ക് ആവശ്യമായ ഫർണ്ണിച്ചർ വാങ്ങൽ , നഗരസഭ കോൺഫറൻസ് ഹാൾ, നഗരസഭ കൌൺസിൽ ഹാൾ ഫർണിഷിംഗ് എന്ന പ്രൊജക്ടിന്റെ ഫയലുകളോ ചെലവു രേഖകളോ പരിശോധനക്ക് ഹാജരാക്കിയില്ല.

പ്രൊജക്ടിന്റെ വിശദാംശങ്ങൾ.

നമ്പർ- 460/21

അടങ്കൽ – 20 ലക്ഷം ( വികസന ഫണ്ട്- പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ്- 19,97,738 രൂപ.

ബിൽ /ബി.ആർ.എൻ നമ്പർ- 20150447000300112841/ 28-04-2020

ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ 19,97,738 രൂപ തടസ്സം ചെയ്യുന്നു.

## 1-51 ഭവനനിർമാണം- പൂർത്തിയാകാത്തത്

2019-20, 20-21 വർഷങ്ങളിൽ പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമാർജന സെൽ, പൊന്നാനി നഗരസഭ ഭവന നിർമാണത്തിനായി ധനസഹായം താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം വിവിധ ഗഡുക്കൾ നൽകിയിട്ടുണ്ട്.

2019-20

| പേര് | ആകെ ചെലവ് |
|---|---|
| ഭവന നിർമാണം 2015-16 (2,3,4,5ഗഡുക്കൾ നൽകൽ) (Newപ്രൊജക്ട് നം. 32/20) | 51,04,000 |
| ഭവന നിർമാണം 2014-15 (2,3,4,5ഗഡുക്കൾ നൽകൽ) (Newപ്രൊജക്ട് നം. 33/20) | 24,86,000 |
| ഭവന നിർമാണം 2014-15 (2,3,4,5ഗഡുക്കൾ നൽകൽ) (SO പ്രൊജക്ട് നം. 350/20) | 4,000 |

2020-21

| പേര് | ആകെ ചെലവ് |
|---|---|
| ഭവന നിർമാണം മുൻ ഗഡുക്കൾ നൽകൽ (2014-15, 2015-16) (Newപ്രൊജക്ട് നം. 319/21) | 0 |
| ഭവന നിർമാണം 2015-16 (2,3,4,5ഗഡുക്കൾ നൽകൽ (SOപ്രൊജക്ട് നം. 353/21) | 7,75,000 |
| ഭവന നിർമാണം 2014-15 (2,3,4,5ഗഡുക്കൾ നൽകൽ) (SOപ്രൊജക്ട് നം. 354/21) | 44,000 |

എന്നാൽ വിവിധ ഭവന പ്രൊജക്ടുകൾ വഴി നിർമാണത്തിനായി തെരഞ്ഞെടുത്ത് വിവിധ ഗഡുക്കൾ കൈപ്പറ്റിയ താഴെപ്പറയുന്നവർ ഭവനനിർമാണം പൂർത്തിയാക്കിയിട്ടില്ലെന്ന് ഇതുമായി ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം കാണുന്നു.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | 21 | 1,94,000 |
| 2 | 3 | 20,000 |
| 3 | 4 | 20,000 |
| 4 | 5 | 20,000 |
| 5 | 7 | 1,40,000 |
| 6 | 3 (Page No.6) | 80,000 |
| 7 | 8 (Page No.6) | 1,40,000 |
| 8 | 9 | 1,90,000 |
| 9 | 13 | 1,94,000 |
| 10 | 15 | 1,90,000 |
| 11 | 16 | 20,000 |

| | | |
|---|---|---|
| 12 | 19 | 20,000 |
| 13 | 20 | 20,000 |
| 14 | 24 | 20,000 |
| 15 | 28 | 20,000 |
| 16 | 33 | 1,90,000 |
| 17 | 34 | 20,000 |
| 18 | 35 | 1,40,000 |
| 19 | 37 | 20,000 |
| 20 | 40 | 1,94,000 |
| 21 | 42 | 1,94,000 |
| 22 | 44 | 20,000 |
| 23 | 45 | 1,40,000 |
| 24 | 46 | 80,000 |
| 25 | 52 | 20,000 |
| 26 | 53 | 20,000 |
| 27 | 56 | 20,000 |
| 28 | 57 | 1,90,000 |
| 29 | 58 | 1,90,000 |
| 30 | 59 | 80,000 |
| 31 | 60 | 1,40,000 |
| 32 | 63 | 1,40,000 |
| 33 | 64 | 20,000 |
| 34 | 66 | 20,000 |
| 35 | 75 | 1,40,000 |
| 36 | 80 | 1,94,000 |
| 37 | 89 | 20,000 |
| 38 | 90 | 20,000 |
| 39 | 95 | 1,90,000 |
| 40 | 99 | 1,94,000 |
| 41 | 100 | 1,40,000 |
| 42 | 107 | 1,94,000 |
| 43 | 108 | 20,000 |
| 44 | 110 | 1,94,000 |
| 45 | 117 | 20,000 |
| 46 | 119 | 1,94,000 |
| 47 | 120 | 1,94,000 |
| 48 | 121 | 20,000 |
| 49 | 123 | 20,000 |
| 50 | 125 | 20,000 |
| 51 | 126 | 1,90,000 |
| 52 | 128 | 1,90,000 |
| 53 | 130 | 20,000 |
| 54 | 137 | 20,000 |
| 55 | 139 | 20,000 |

| | | |
|---|---|---|
| 56 | 141 | 1,90,000 |
| 57 | 142 | 1,94,000 |
| 58 | 143 | 20,000 |
| 59 | 144 | 20,000 |
| 60 | 145 | 1,90,000 |
| 61 | 146 | 20,000 |
| 62 | 147 | 1,90,000 |
| 63 | 152 | 1,94,000 |
| 64 | 153 | 1,94,000 |
| 65 | 156 | 1,94,000 |
| 66 | 158 | 1,90,000 |
| 67 | 159 | 1,94,000 |
| 68 | 161 | 20,000 |
| 69 | 163 | 1,90,000 |
| 70 | 165 | 1,90,000 |
| 71 | 174 | 20,000 |
| 72 | 177 | 1,30,000 |
| 73 | 178 | 20,000 |
| 74 | 179 | 20,000 |
| 75 | 180 | 20,,000 |
| 76 | 183 | 20,000 |
| 77 | 184 | 20,000 |
| 78 | 185 | 20,000 |
| 79 | 186 | 20,000 |
| 80 | 188 | 1,40,000 |
| 81 | 189 | 1,40,000 |
| 82 | 190 | 80,000 |
| 83 | 191 | 1,90,000 |
| 84 | 1 (Page 46 Onwards) | 1,90,000 |
| 85 | 2 | 1,90,000 |
| 86 | 3 | 1,90,000 |
| 87 | 4 | 20,000 |
| 88 | 7 | 20,000 |
| 89 | 11 | 80,000 |
| 90 | 14 | 20,000 |
| 91 | 22 | 20,000 |
| 92 | 23 | 20,000 |
| 93 | 24 | 20,000 |
| 94 | 25 | 1,94,000 |
| 95 | 33 | 20,000 |
| 96 | 34 | 20,000 |
| 97 | 36 | 20,000 |
| 98 | 41 | 20,000 |
| 99 | 42 | 1,90,000 |

| | | |
|---|---|---|
| 100 | 47 | 1,94,000 |
| 101 | 49 | 20,000 |
| 102 | 55 | 20,000 |
| 103 | 56 | 1,40,000 |
| 104 | 58 | 1,40,000 |
| 105 | 59 | 20,000 |
| 106 | 61 | 1,94,000 |
| 107 | 62 | 1,40,000 |
| 108 | 63 | 1,94,000 |
| 109 | 70 | 80,000 |
| 110 | 76 | 20,000 |
| 111 | 77 | 20,000 |
| 112 | 80 | 1,90,000 |
| 113 | 81 | 20,000 |
| 114 | 83 | 1,40,000 |
| 115 | 85 | 20,000 |
| 116 | 86 | 1,94,000 |
| 117 | 89 | 20,000 |
| 118 | 92 | 1,90,000 |
| 119 | 95 | 1,40,000 |
| 120 | 102 | 80,000 |
| 121 | 104 | 20,000 |
| 122 | 106 | 1,90,000 |
| 123 | 109 | 20,000 |
| 124 | 112 | 20,000 Pmay |
| 125 | 113 | 20,000 Pmay |
| 126 | 117 | 20,000 Pmay |
| 127 | 119 | 1,40,000 |
| 128 | 125 | 1,90,000 |
| 129 | 126 | 1,90,000 |
| 130 | 132 | 20,000 |
| 131 | 133 | 1,94,000 |
| 132 | 136 | 80,000 Pmay |
| 133 | 137 | 20,000 |
| 134 | 140 | 20,000 |
| 135 | 141 | 20,000 Pmay |
| 136 | 142 | 1,90,000 |
| 137 | 144 | 20,000 Pmay |
| 138 | 145 | 1,80,000 |
| 134 | 146 | 1,94,000 |
| 135 | 150 | 20,000 |
| 136 | 154 | 1,40,000 |
| 137 | 156 | 80,000 |
| 137 | 157 | 1,40,000 |

| | | |
|---|---|---|
| 138 | 160 | 20,000 |
| 139 | 162 | 20,000 |
| 140 | 164 | 20,000 |
| 141 | 168 | 20,000 |
| 142 | 169 | 20,000 |
| 143 | 179 | 20,000 |
| 144 | 180 | 20,000 |
| 145 | 183 | 1,94,000 |
| 146 | 185 | 1,90,000 |
| 147 | 186 | 1,90,000 |
| 148 | 187 | 1,40,000 |
| 149 | 189 | 1,94,000 |
| 150 | 190 | 1,90,000 |
| 151 | 191 | 1,90,000 |
| 152 | 192 | 80,000 |
| 153 | 193 | 20,000 |
| 154 | 194 | 1,40,000 |
| 155 | 199 | 20,000 |
| 156 | 200 | 20,000 |
| 157 | 201 | 20,000 |

മേൽ ഗുണഭോക്താക്കൾക്ക് പാർപ്പിടം ലഭ്യമായിട്ടുണ്ടോ എന്നും, ഇല്ലെങ്കിൽ ലഭ്യമാക്കാനും, നിർമാണം പൂർത്തിയാക്കാനും സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.49/2020-21/23.07.2022-ക്ക് മറുപടി ലഭിച്ചിട്ടില്ല. ഭവന നിർമാണം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നിലവിലുള്ള ഡ്രൈനേജ് പൊളിച്ച് നീക്കി പുതിയത് നീർമ്മിക്കൽ - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി നിലവിലുള്ള ഡ്രൈനേജിന്റെ സൈഡ് വാൾ, സ്ലാബ് എന്നിവ പൊളിച്ച് നീക്കിയതിന് തെറ്റായ ഡാറ്റ പ്രകാരമുള്ള നിരക്ക് നൽകിയത് വഴി 172901 രൂപയുടെ അധിക ചെലവ് ഉണ്ടായി.

ഡ്രൈനേജിന്റെ സൈഡ് വാൾ, സ്ലാബ് എന്നിവ പൊളിച്ച് നീക്കിയതിന് DSR കോഡ് പ്രകാരമുള്ള ഡാറ്റ ഉപയോഗിച്ച് തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റ ആണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ റോഡ്, ഡ്രൈനേജ്, അനുബന്ധ പ്രവൃത്തികളെല്ലാം മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് നിർവ്വഹിക്കേണ്ടത്. ഡ്രൈനേജിന്റെ സൈഡ് വാൾ, സ്ലാബ് എന്നിവ പൊളിച്ച് നീക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷനിൽ പ്രത്യേക നിരക്ക് ഉള്ളതുമാണ്. സിമന്റ് കോൺക്രീറ്റിലുള്ള സൈഡ് വാൾ പൊളിച്ച് നീക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 2.5.2A പ്രകാരമുള്ള 523.14/ $M^3$ നിരക്കും, റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിലുള്ള സ്ലാബ് പൊളിച്ച് നീക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 2.5.2 B പ്രകാരമുള്ള 977.03/ $M^3$ നിരക്കുമാണ് നൽകേണ്ടിയിരുന്നത്. ഈ എസ്റ്റിമേറ്റ് പ്രകാരമുള്ള മറ്റ് ഇനങ്ങളെല്ലാം നിർവ്വഹിച്ചത് മോർഡ് സ്പെസിഫിക്കേഷൻ ഡാറ്റ പ്രകാരമാണ്.

അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തി | ഇനം അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST അടക്കം |
|---|---|---|---|---|---|
| 1 | ചമ്മന്തി ഹോട്ടൽ - കളത്തിൽ പറമ്പ് ഡ്രയിൻ കം ഫൂട്പാത് വാർഡ് 6 (522/21)<br>ബിൽ 228/30.3.21 (ഫസ്റ്റ് പാർട്ട് ബിൽ)<br>ഫൈനൽ ബിൽ തുക<br>(2021-22 ൽ നൽകിയത്)<br>തുക 1677712<br>കരാർ 119/2.12.2019<br>കോൺട്രാക്ടർ ശ്രീ കെ.മൂസ്സ<br>അളവ് പുസ്തകം 104/20-21, 78/21-22<br>കോസ്റ്റ് ഇൻഡക്സ് 31.06% | ഇനം 9<br>ഡിമോളിഷിങ് സിമന്റ് കോൺക്രീറ്റ് $26.40m^3$ | 31948<br>@$1210.17/m^3$<br>11.1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക് $1361.27/m^3$ | 12278<br>@ $465.07/m^3$<br>11.1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക് $523.14/ M^3$ | 22030<br>19670+2360 |
| | | ഇനം 10 ഡിമോളിഷിങ് റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റി $33m^3$ | 58261<br>@$1765.49/m^3$<br>11.1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക് $1985.93/m^3$ | 28663<br>@ $868.58/m^3$<br>11.1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക് $977.03 /M^3$ | 33150<br>(29598+3552) |
| 2. | ഫയർ സർവ്വീസിന് പിൻവശം ചൈന മുക്കിൽ ഡ്രയിൻ കം ഫൂട്പാത് വാർഡ് 48 (206/21)<br>ബിൽ 73/5.6.2020<br>തുക 685163<br>ബിൽ 223/26.3.2021<br>തുക 1593599<br>ബിൽ 241/30.3.2021<br>തുക 194578<br>കരാർ 79/5.11.2019<br>കോൺട്രാക്ടർ ശ്രീ കെ.വി ഫിറോസ്<br>അളവ് പുസ്തകം 107/20-21, | ഇനം 3<br>ഡിമോളിഷിങ് സിമന്റ് കോൺക്രീറ്റ് $106.79m^3$ | 88793<br>@$831.47/m^3$<br>1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക് $839.87/m^3$ | 55308<br>@ $517.91/m^3$<br>1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക് $523.14/ M^3$ | 37503<br>(33485+4018) |
| | | ഇനം 2<br>ഡിമോളിഷിങ് റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റി $60.61m^3$ | 119164<br>@$1966.07/m^3$<br>1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക് $1985.93/m^3$ | 58626<br>@ $967.26/m^3$<br>11.1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക് $977.03 /M^3$ | 67803<br>(60538+7265) |

| | | | | | |
|---|---|---|---|---|---|
| | 184/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | | | | |
| 3. | പുതു പൊന്നാനി സെന്റർ ഡ്രൈനേജ് വാർഡ് 41 (206/21)<br>ബിൽ 226/26.3.21<br>തുക 777479<br>കരാർ 91/22.10.2020<br>കോൺട്രാക്ടർ ശ്രീ പ്രവീൺ. എസ്<br>അളവ് പുസ്തകം 149/21,<br>കോസ്റ്റ് ഇൻഡക്സ് 31.06% | ഡിമോളിഷിങ് അബട്ട്മെന്റ് 35$m^3$ | 29395<br>@839.87/$m^3$ | 18310<br>523.14/ $M^3$ | 12415<br>(11085+1330) |
| ആകെ | | | | | 172901 |

ക്രമ നമ്പർ 3 ലെ അപാകതകൾ ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി 1 /2020-21/6.7.2022 നൽകിയതിന് എസ്റ്റിമേറ്റ് പ്രകാരമുള്ള ഡാറ്റ തയ്യാറാക്കിയത് DAR 15.2.2 ഡാറ്റ മാറ്റം വരുത്താതെ മോർഡിലേക്ക് Convert ചെയ്തിട്ടാണ് എന്നും ഈ സൈറ്റിന് അനുയോജ്യമായ സ്പെസിഫിക്കേഷൻ ആയതിനാലാണ് ഇത് ഉപയോഗിച്ചതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

റോഡ്, ഡ്രൈനേജ്, അനുബന്ധ പ്രവൃത്തികളെല്ലാം മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണ് നിർവ്വഹിക്കേണ്ടത്. ഡ്രൈനേജിന്റെ സൈഡ് വാൾ, സ്ലാബ് എന്നിവ പൊളിച്ച് നീക്കുന്നതിന് മോർഡ് സ്പെസിഫിക്കേഷനിൽ പ്രത്യേക നിരക്ക് ഉള്ളതാണ്. ഈ എസ്റ്റിമേറ്റ് പ്രകാരമുള്ള മറ്റ് ഇനങ്ങളെല്ലാം നിർവ്വഹിച്ചത് മോർഡ് സ്പെസിഫിക്കേഷൻ ഡാറ്റ പ്രകാരമാണ്. ഇക്കാരണങ്ങളാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി സ്വീകാര്യമല്ല.

ക്രമ നമ്പർ 1,2 എന്നിവയിലെ അപാകത ചൂണ്ടിക്കാണിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 25 /2020-21/16.7.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
അധികം നൽകിയ തുക 1,72,901 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 ഡ്രൈനേജ് ബെഡ് കോൺക്രീറ്റ് - അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ച് മാറ്റിയ പ്രതലത്തിൽ 1:3:6 സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റ പ്രകാരമുള്ള പ്രവൃത്തിയിൽ സെന്ററിംഗിനുള്ള നിരക്കും ഉൾപ്പെടുന്നുണ്ട്. ഡ്രൈനേജിനായി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ മുഴുവൻ നീളത്തിലും വീതിയിലുമായി സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് സെന്ററിംഗ് ആവശ്യമില്ലാത്തതിനാൽ സെന്ററിംഗിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ ഇനത്തിന് നിരക്ക് നൽകേണ്ടിയിരുന്നത്.

അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം 12% GST അടക്കം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പുതു പൊന്നാനി സെന്റർ ഡ്രൈനേജ് വാർഡ് 41 (206/21)<br>ബിൽ 226/26.3.21<br>തുക 777479<br>കരാർ 91/22.10.2020<br>കോൺട്രാക്ടർ ശ്രീ പ്രവീൺ. എസ്<br>അളവ് പുസ്തകം 149/21,<br>കോസ്റ്റ് ഇൻഡക്സ് 31.06% | സിമന്റ് കോൺക്രീറ്റ് 21.15 $M^2$ | 147511<br>@6974.53/$m^3$ | 141838<br>@6706.27/$m^3$ | 6354<br>(5673+681) |
| ഫയർ സർവ്വീസിന് പിൻവശം ചൈന മുക്കിൽ ഡ്രയിൻ കം ഫുട്പാത് വാർഡ് 48 (206/21)<br>ബിൽ 73/5.6.2020 തുക 685163<br>ബിൽ 223/26.3.2021 തുക 1593599<br>ബിൽ 241/30.3.2021 തുക 194578<br>കരാർ 79/5.11.2019<br>കോൺട്രാക്ടർ ശ്രീ കെ.വി ഫിറോസ്<br>അളവ് പുസ്തകം 107/20-21, 184/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 47.76 $M^3$ | 329771<br>@6904.75/$m^3$<br>1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക്<br>@6974.53/$m^3$ | 317089<br>@6639.21/$m^3$<br>1% ടെണ്ടർ കുറവിന് ശേഷം. എസ്റ്റിമേറ്റ് പ്രകാരം നിരക്ക്<br>@6706.27/$m^3$ | 14204<br>(12682+1522) |
| ഡ്രയിൻ, വിവിധ ഫുട്പാത് വാർഡ് 47 (324/21)<br>ബിൽ 214/23.3.2021 തുക 999668<br>കരാർ 187/27.2.2020<br>കോൺട്രാക്ടർ ശ്രീ കെ.മൂസ്സ<br>അളവ് പുസ്തകം 193/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 15.258 $M^3$ | 106417<br>@6974.53/$m^3$ | 102324<br>@6706.27/$m^3$ | 4584<br>(4093+491) |
| ആകെ | | | | 25,142 |

ഓഡിറ്റ് എൻക്വയറി 1 /2020-21/6.7.2022, 5 /2020-21/11.7.2022, 34 /2020-21/20.7.2022 എന്നിവ നൽകിയതിന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക 25,142 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ

അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-3 ടെണ്ടർ ബിലോ കുറവ് ചെയ്യാതെ കരാറുകാരന് തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികൾ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിലും കുറഞ്ഞ നിരക്കിലാണ് കരാറുകാർ ഏറ്റെടുത്തിരുന്നത്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി ബിൽ നൽകിയപ്പോൾ ടെണ്ടർ ബിലോ കുറവ് ചെയ്യാതിരുന്നത് കാരണം 64447 രൂപ അധികം നൽകാനിടയായി. അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | നൽകിയ തുക (12% GST ഉൾപ്പെടെ) | ടെണ്ടർ കുറവിന് ശേഷം നൽകാവുന്ന തുക (12% GST ഉൾപ്പെടെ) | അധികം |
|---|---|---|---|---|---|
| 1 | വലിയ വീട്ടിൽ വട്ടപ്പറമ്പിൽ ഫുട്പാത്ത് വാർഡ് 8 (107/21)<br>ബിൽ 207/23.3.21 തുക 275000<br>കരാർ 83/19.10.2020<br>കോൺട്രാക്ടർ ശ്രീ പി,ഷഹീർ<br>അളവ് പുസ്തകം 38/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 245536<br>(എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്തിയത്) | 275000 | 247225 | 27775 |
| 2 | കാക്കമ്പിള്ളി നടപ്പാത കോൺക്രീറ്റ് വാർഡ് 11 ( 375 /21)<br>ബിൽ 11/14.5.20 തുക 274280<br>കരാർ 99/8.11.2019<br>കോൺട്രാക്ടർ ശ്രീ പി,ഷഹീർ<br>അളവ് പുസ്തകം 87/19-20<br>കോസ്റ്റ് ഇൻഡക്സ് 31.06% | 244893<br>(എസ്റ്റിമേറ്റ് തുകയിൽ പരിമിതപ്പെടുത്തിയത്) | 274280 | 246578 | 27702 |

| | | | | | |
|---|---|---|---|---|---|
| 3 | പടിഞ്ഞാറെ കണ്ടം മുതൽ കിഴക്കെ കണ്ടം വരെ കാന നിർമ്മാണം വാർഡ് 44 ( 526/21)<br>ബിൽ 131/3.12.2020 തുക 175878<br>കരാർ 96/7.11.2019<br>കോൺട്രാക്ടർ ശ്രീ എസ്. പ്രവീൺ<br>അളവ് പുസ്തകം 11/20-21<br>കോസ്റ്റ് ഇൻഡക്സ് 31.06% | 157034 | 175878 | 166908 | 8970 |
| ആകെ | | | | | 64,447 |

നൽകാവുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി |
|---|---|
| 1 | വലിയ വീട്ടിൽ വട്ടപ്പറമ്പിൽ ഫുട്പാത്ത് വാർഡ് 8 (107/21)<br>ആകെ മൂല്യ നിർണ്ണയം 245536<br>ടെണ്ടർ കുറവ് (10.1%) 24799<br>ആകെ 220737<br>12% GST 26488<br>നൽകാവുന്ന തുക 247225 |
| 2 | കാക്കമ്പിള്ളി നടപ്പാത കോൺക്രീറ്റ് വാർഡ് 11 ( /21)<br>ആകെ മൂല്യ നിർണ്ണയം 244893<br>ടെണ്ടർ കുറവ് (10.1%) 24734<br>ആകെ 220159<br>12% GST 26419<br>നൽകാവുന്ന തുക 246578 |
| 3 | പടിഞ്ഞാറെ കണ്ടം മുതൽ കിഴക്കെ കണ്ടം വരെ കാന നിർമ്മാണം വാർഡ് 44 ( 526/21)<br>ആകെ മൂല്യ നിർണ്ണയം 157034<br>ടെണ്ടർ കുറവ് (5.1%) 8009<br>ആകെ 149025<br>12% GST 17883<br>നൽകാവുന്ന തുക 166908 |

ഓഡിറ്റ് എൻക്വയറി 3 /2020-21/6.7.2022 4 /2020-21/7.7.2022, 11 /2020-21/13.7.2022, ഓഡിറ്റ് എന്നിവ

നൽകിയതിന് - അധികം നൽകിയ തുക അടവാക്കുന്നതിനായി കരാറുകാരന് കത്ത് നൽകി തുക നഗരസഭ ഫണ്ടിൽ ഒടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

അധികം നൽകിയ തുക 64,447 രൂപ പ്രവൃത്തിയുടെ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-4 മൂല്യ നിർണ്ണയ തുകയിലും അധികരിച്ച തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ നടപ്പാത നിർമ്മാണം എന്ന പ്രവൃത്തിയുടെ ആകെ മൂല്യ നിർണ്ണയ തുക 401252 രൂപയാണ്. എന്നാൽ ഈ തുക 411877 രൂപ എന്ന് തെറ്റായി കണക്കാക്കി 12% നികുതി കൂടി ഉൾപ്പെടുത്തിയാണ് കരാറുകാരന് ബിൽ തുക നൽകിയത്. അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | നൽകിയ തുക (12% GST ഉൾപ്പെടെ) | നൽകാവുന്ന തുക (12% GST ഉൾപ്പെടെ) | അധികം |
|---|---|---|---|---|
| വിവിധ നടപ്പാത നിർമ്മാണം (127/21)<br>ബിൽ 175/13.3.21 തുക 461303<br>കരാർ 98/22.10.2020<br>കോൺട്രാക്ടർ ശ്രീ ദിലേഷ്. ടി.പി<br>അളവ് പുസ്തകം<br>കോസ്റ്റ് ഇൻഡക്സ് 31.06% | 401252 | 461303<br>11878+49425 | 449402<br>401252+48150 | 11901 |

ഓഡിറ്റ് എൻക്വയറി 2 /2020-21/6.7.2022 ഓഡിറ്റ് എന്നിവ നൽകിയതിന് – മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക 11,901 രൂപ പ്രവൃത്തിയുടെ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-5 സെന്ററിംഗ് പ്രവൃത്തി - അധിക തുക നൽകി

1. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അമ്മഞ്ചേരി അമ്പലം റോഡ് പുനരുദ്ധാരണവും ഡ്രൈൻ നവീകരണവും എന്ന പ്രവൃത്തിയുടെ ഇനം 3 ആയി ഡ്രൈനേജിന്റെ സൈഡ് വാൾ കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തി ചെയ്തതിന് DSR 5.9.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഡ്രൈനേജ് വാളിന് വേണ്ടി എർത്ത് വർക്ക് ചെയ്ത് മണ്ണ് ഒഴിവാക്കിയിട്ടാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത് എന്നതിനാൽ ഫൗണ്ടേഷൻ പ്രവൃത്തിക്ക് ബാധകമായ DSRഡാറ്റ 5.9.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഈ പ്രവൃത്തിക്ക് നൽകാവുന്നത്. ശരാശരി 0.30cm ഉയരം മാത്രമാണ് ഇവയുടെ ഉയരം വരുന്നത്. മാത്രമല്ല ലിന്റൽ, ബീം എന്നിവയുടെ സെന്ററിംഗ് പ്രവൃത്തിക്ക് ബാധകമായ- DSR 5.9.5- ഡാറ്റയിലും ഉയർന്ന നിരക്കാണ് 5.9.2 പ്രകാരമുള്ള ഡാറ്റയിൽ ഉള്ളത്. അത്രയൊന്നും മനുഷ്യാധ്വാനവും, മെറ്റീരിയൽസും ഈ പ്രവൃത്തിക്ക് ആവശ്യമില്ല എന്ന് വ്യക്തമാണ്. അധിക നിരക്ക് നൽകിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. ഈ പ്രവൃത്തിയുടെ ഇനം 6 ആയി ഡ്രൈനേജിന്റെ സ്ലാബ് കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തി ചെയ്തതിന് DSR 5.9.3 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. 5.9.3 പ്രകാരമുള്ള ഡാറ്റയിൽ മെയിൻ സ്ലാബ് കോൺക്രീറ്റിന് ഉപയോഗിക്കുന്ന അഡ്ജസ്റ്റബ്ൾ ടെലിസ്കോപിക്ക് പ്രോപ്പ്, സ്പാൻ എന്നിവ ഉപയോഗിക്കുന്നുണ്ട്. കേവലം 30cm മാത്രം ഉയരമുള്ള ഇവിടെ അവ ആവശ്യമില്ല എന്ന് വ്യക്തമാണ്. DSRഡാറ്റ 5.9.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഈ പ്രവൃത്തിക്ക് നൽകാവുന്നത്.

അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ചുവടെ കാണും പ്രകാരം അധിക തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| അമ്മഞ്ചേരി അമ്പലം റോഡ് പുനരുദ്ധാരണവും ഡ്രൈൻ നവീകരണണവും വാർഡ് 29 (333/21)<br>ബിൽ 92/3.12.20<br>തുക 730383<br>കരാർ 139/29.1.2019<br>കോൺട്രാക്ടർ ശ്രീ ടി.വി. ഷാലു<br>അളവ് പുസ്തകം 30/19-20<br>കോസ്റ്റ് ഇൻഡക്സ് 37.25% | ഇനം 3<br>സെന്ററിങ്ങ് (സൈഡ് വാൾ) 55.55 $M^2$ | 28865<br>@519.63/$m^3$ | 14787<br>@266.2/$m^3$ | 14078 |
| | ഇനം<br>സെന്ററിങ്ങ് (സ്ലാബ്)<br>19.88 $M^2$ | 11523<br>@579.61/$m^3$ | 5292<br>@266.2/$m^3$ | 6231 |
| ആകെ | | | | 20,309 |

ഓഡിറ്റ് എൻക്വയറി 23/2020-21/16.7.2022നൽകിയതിന് മറുപടി നൽകിയിട്ടില്ല. അധികം നൽകിയ തുക 20,309 രൂപ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പറും തിയ്യതിയും |
|---|---|---|
| 2020-21 | 2020-21 വർഷത്തെ ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | പൂർത്തീ കരിച്ച വിവരം | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 630/21- പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 20150447000301377831/29.03.2021 | 1000000 | 1000000 | പൂർത്തീകരിച്ചു. | 0 |
| കെ.എസ്.ഇ.ബി | 436/21- പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 20150447000301377831/29.03.2021 | 489353 | 489353 | പൂർത്തീകരിച്ചു | 0 |
| കേരള വാട്ടർ അതോറിറ്റി | 631/21- പൈപ്പ് ലൈൻ നീട്ടൽ | 20150447000301456769/31.03.21 | 1000000 | 930533 | ഭാഗികമായി പൂർത്തീകരിച്ചു | 69467 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേ്യശം | ഉത്തരവ് നം. തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | ലഭ്യമല്ല | 169312000 | 0 | 10386666 | | 158925334 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 47480509 |
| തൻവർഷം നിക്ഷേപിച്ച തുക | 12762823 |
| ആകെ | 60243332 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 60243332 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്ര.ന | നിക്ഷേപത്തിന്റെ വിവരം | തുക | സ്ഥിര നിക്ഷേപം രസീതി നമ്പർ / തിയതി |
|---|---|---|---|
| 1 | Ponnani Service Co-op. Bank | 8359193 | 209344/05.07.20 |
| 2 | Ponnani Service Co-op. Bank | 6937186 | 209341/19.07.20 |
| 3 | Ponnani Service Co-op. Bank | 8359193 | 209343/19.07.20 |
| 4 | Ponnani Service Co-op. Bank | 7614403 | 210042/16.02.21 |
| 5 | Ponnani Service Co-op. Bank | 3319358 | 209824/12.02.20 |
| 6 | Ponnani Service Co-op. Bank | 6919806 | 209345/05.07.20 |
| 7 | Ponnani Service Co-op. Bank | 8359193 | 208160/05.07.20 |
| 8 | Ponnani Service Co-op. Bank | 10375000 | 209617/05.10.20 |
| | ആകെ | 60243332 | |
| 8 | Clean Kerala Company Share | 500000 | വിവരങ്ങൾ ലഭ്യമല്ല |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 58652/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2017-18 | 3(37) | 4800 | ശ്രീ.ഗോപകുമാർ, സീ.ക്ലർക്ക് | 120050109043/16.112020 |

| | | | | |
|---|---|---|---|---|
| 2016-17 | 3(18) | 27975 | ശ്രീ.രഘു, അസി.എഞ്ചിനീയർ | 120050111838/07.01.21 |
| 2016-17 | 3(18) | 25877 | ശ്രീ.രഘു, അസി.എഞ്ചിനീയർ | 120051100075/08.01.21 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 37(1),43,47 49,62,65,79, 74,84,82 | 2001-02 | - | മൈത്രി ഭവന നിർമാണം വിനിയോഗ വിവരമില്ല | നടപടികൾ തുടരുന്നു |
| 1998-99 | 3-9,3-24, | 2006-07 | -- | ലഘു അവലോ കനങ്ങൾ | നടപടികൾ തുടരുന്നു |
| 1998-99 | 3-7,3-9 | 2006-07 | | 3-7മൈത്രി ഭവന നിർമാണം വിനിയോഗ വിവരമില്ല.<br>3-9- പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി നല്കി. | |
| 1999-2000 | 3-53, 3-71, 3-28, 3-69, 3-34, 3-43, 3-56, 3-54, 3-55 | 2006-07 | - | 3-53- യു.പി.എ. ഫണ്ടിലേക്ക് പദ്ധതി വിഹിതം വകമാറ്റി<br>3-71- വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുക സ്ഥിര നിക്ഷേപമാ ക്കി.<br>3-28, 3-69 മൊബിലൈസേഷൻ അഡ്വാൻസ് തിരിച്ച പിടിച്ചില്ല.<br>3-34-പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി സബ്സിഡി നല്കി.<br>3-43-രാസവളത്തിന് മാത്രമായി പദ്ധതി.<br>3-54-K.U.D.F.Cയ്ക്ക് വായ്പ തിരിച്ചടവ് പദ്ധതി വിഹിതം വിനിയോഗിച്ചു.<br>3-55-N.S.D.P ഭവന പദ്ധതി | നടപടികൾ തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | വായ്പ തിരിച്ചടവ് വിവരം ലഭ്യമല്ല. 3-56-S.J.S.R.Y. ഫണ്ടിൽ നിന്ന് സ്റ്റൂർ അഡ്വാൻസ് | |
| 2000-01 | - | - 2012-13 | | രേഖകൾ ഹാജരാക്കിയില്ല, 1558598 രൂപ<br><br>പരസ്യ നികുതി ലഘു അവലോകനം | നടപടികൾ തുടരുന്നു |
| 2008-09<br>2009-10<br>2010-11<br>2011-12 | 3-5<br>3-25 | 2013-14 | | ലഘു അവലോകനം (Procurement Manual) | നടപടികൾ തുടരുന്നു |
| 2012-13 | 3-2<br>3-1 | 2014-15 | - | 3-2 – നിഷ്ക്രിയാസ്തികൾ അവലോകനം<br><br>3-1 – മണൽ വാരൽ അവലോകനം | നടപടികൾ തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക

ഇല്ല

ബി )സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നംപർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നംപർ/തീയതി | തുക | |
| 1 | 2000-01 | 2-32(1),2-36(1),2(37) | ശ്രീ.പി.ജി.ഗോപി, സെക്രട്ടറി | LF 7205/spl Cell/sc5/08dt 16.7.09/20.7.09 | 39258 | ഈടാക്കിയിട്ടില്ല (ഒ.പി.എൽ.എഫ്.54/2011 ജില്ലാ കോടതി-കേരള ഹൈക്കോടതിയിൽ അപ്പീൽ നടപടികൾ സ്വീകരിക്കുന്നു.) |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 408102598 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 439463314 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ/അംഗീകരിക്കാത്ത തുക | 294700 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,90,68,221 |

ബി)നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|---|
| 3-1 | | 1,72,901 | Rs. 86451സുരേഷ് കുമാർ .ജെ അസിസ്റ്റന്റ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | Rs. 86450 അനില അന്ന വർഗ്ഗീസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | | 25,142 | Rs. 12571 ശ്രീ.സുരേഷ് കുമാർ .ജെ അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 12571 അനില അന്ന വർഗ്ഗീസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 64,447 | Rs. 27775 ശ്രീ.സുജിത് ഗോപിനാഥ് അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 36672 ശ്രീ.സുരേഷ് കുമാർ .ജെ അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 11,901 | ശ്രീ. സുജിത് ഗോപിനാഥ് അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 20,309 | Rs. 10155 ശ്രീ.സുരേഷ് കുമാർ .ജെ അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs. 10154 അനില അന്ന വർഗ്ഗീസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | ആകെ | 2,94,700 | |

സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-12-1 | 7,50,000 | ശ്രീ.സലിം.പി.എസ്.കൃഷി ഓഫീസർ |
| 1-12-2 | 2,50,000 | ശ്രീ.സലിം.പി.എസ്.കൃഷി ഓഫീസർ |
| 1-38 | 1,32,33,923 | Rs.65,03,716 ശ്രീ.സുരേഷ് കുമാർ .ജെ അസിസ്റ്റന്റ് എഞ്ചിനീയർ<br>Rs.67,30,207 ശ്രീ.സുജിത് ഗോപിനാഥ് അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-42 | 15,79,000 | Rs.14,89,000 ശ്രീ.പ്രദീപ് കുമാർ ആർ,സെക്രട്ടറി<br>Rs.90,000 ശ്രീ.എൻ ഹരീഷ് കുമാർ,സെക്രട്ടറി |
| 1-44 | 8,56,260 | ശ്രീ.പ്രദീപ് കുമാർ ആർ,സെക്രട്ടറി |
| 1-47 | 4,01,300 | Rs. 3,28,496 ശ്രീ.എൻ ഹരീഷ് കുമാർ,സെക്രട്ടറി<br>Rs. 72,804 ശ്രീ. ആർ പ്രദീപ് കുമാർ,സെക്രട്ടറി |
| 1-50 | 19,97,738 | ശ്രീ. ആർ പ്രദീപ് കുമാർ,സെക്രട്ടറി |
| ആകെ | 1,90,68,221 | |

ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം

ഇല്ല

ഇ) നഷ്ടംനിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്)റിപ്പോർട്ടിൽ പ്രദിപാദിച്ചിരിക്കുന്നനഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുരേഷ് കുമാർ .ജെ അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | S/O എം. ജെയിംസ്, ആസ്ത (Aastha), എളവൻകുഴി, |

| | | |
|---|---|---|
| | | താന്നിമൂട് (പി.ഒ),<br>ആറാല്യംമൂട് (വഴി),<br>തിരുവനന്തപുരം. 695123 |
| അനില അന്ന വർഗ്ഗീസ്,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ലഭ്യമല്ല | മുളമൂട്ടിൽ, വെൺമണി.പി.ഒ.<br>ചെങ്ങന്നൂർ<br>സെന്റ് തോമസ് മാർത്തോമ ചർച്ചിന് സമീപം<br>ആലപ്പുഴ |
| ശ്രീ.സുജിത് ഗോപിനാഥ്<br>അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | സുശാന്തി, ഹരി നഗർ, തൃശ്ശൂർ. 68002 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 87-88,88-89 | എൽ.എഫ്.എം5//97 തിയ്യതി 26-3-99 | 8 |
| 89-90,90-91 | എൽ.എഫ്.എം6/1601/99 തിയ്യതി 05-9-00 | 1 |
| 1997-98 (ചെലവ്) | എൽ.എഫ്.എം.25/1918/(17)/05-12-2014 | 77 |
| 1997-98 വരവ് | എൽ.എഫ്.എം.25/1918/(18)/05-12-2014 | 11 |
| 1998-99 | എൽ.എഫ്.എം.25/1918/(19)/05-12-2014 | 36 |
| 1999-2000 | എൽ.എഫ്.എം.4/646/05/16-06-2006 | 60 |
| 2000-01 (ചെലവ്) | എൽ.എഫ്.എം.4/1123/05/15-03-2006 | 49 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.18/2142/07/07/06/2008 | 17 |
| 2002-03 (ചെലവ്) | എൽ.എഫ്.എം.18/2143/07/07/06/2008 | 18 |
| 2003-04 (ചെലവ്) | എൽ.എഫ്.എം.18/2151/07/29-08-08 | 12 |
| 2004-05 (ചെലവ്) | എൽ.എഫ്.എം.18/2152/07/21-05-08 | 17 |
| 2005-2006 (ചെലവ്) | എൽ.എഫ്.എം21/2165/09 തിയ്യതി 5-3-12 | 11 |
| 2006-07 | എൽ.എഫ്.എം21/2166/09 തിയ്യതി 5-3-12 | 16 |
| 2007-08 | എൽ.എഫ്.എം21/2167/09 തിയ്യതി 6-3-12 | 41 |
| 2008-09<br>2009-10<br>2010-11 | എൽ.എഫ്.എം21/37/13 തിയ്യതി 30-3-13/7-6-13 | 39 |
| 2011-12 | എൽ.എഫ്.എം21/424/2014 തിയ്യതി 8-5-14/2-6-14 | 30 |
| 2012-13 | എൽ.എഫ്.എം25/3390/2014 തിയ്യതി 4.2.2015 | 17 |
| 2013-14<br>2014-15 | കെ.എസ്.എ-എം.പി.എം.21/2104/2016 | 32 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.21/248/2017 തീയതി | 41 |

| | | |
|---|---|---|
| | 10/02/2017 | |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.21/2452/2017 തീയതി 30/11/2017 | 30 |
| 2017-18 | കെ.എസ്.എ.എം.പി.എം.21/2867/2018 തിയ്യതി.29-01-2019 | 63 |
| 2018-19 | കെ.എസ്.എ.എം.പി.എം.21/1494/2020 തിയ്യതി.21.10.2021 | 29 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പൊന്നാനി മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്